ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്ത്



വികസന റിപ്പോർട്ട്

1996

എഡിറ്റോറിയൽ ബോർഡ്

പി. ടി. മുഹമ്മദ്കുട്ടിഹാജി (എഡിറ്റർ)

അംഗങ്ങൾ

ടി. നാരായണൻ നായർ

പി. സൈതാലി മാസ്റ്റർ

വി. ഹുസൈൻകുട്ടി മാസ്റ്റർ

കെ. പി. എ. സമദ് മാസ്റ്റർ

കെ. ടി. മുഹമ്മദ് A/s. മാനു

വി. ആരിഫ

ടി. പി. സൈതാലിക്കുട്ടി

വി. പി. ഉഷാദേവി

എം. പി. ഉണ്ണികൃഷ്ണൻ

മാമ്പുള്ളി തങ്കം

എം. ടി ലീല

പി. സൈനുദ്ദീൻ മാസ്റ്റർ

എ. കെ. മുഹമ്മദുകുട്ടി മാസ്റ്റർ

എം. എ. സമദ്

ടി. ഹൈദ്രു മാസ്റ്റർ

കെ. ഗോവിന്ദരാജൻ മാസ്റ്റർ

കെ. മുഹമ്മദ് മാസ്റ്റർ

എം. ടി. ഉസ്മാൻ മാസ്റ്റർ

എം. ഗോവിന്ദൻകുട്ടി

എം. വി. അനിൽകുമാർ

പി. കെ. സതീശൻ

സി. അംബിക

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട്

1996

ഗ്രാമ പഞ്ചായത്ത് ഭരണസമിതി

പ്രസിഡണ്ട്

പി. ടി. മുഹമ്മദുകുട്ടി ഹാജി

വൈ: പ്രസിഡണ്ട്

ടി. നാരായണൻനായർ

സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



കെ. പി. എ. സമദ് മാസ്റ്റർ

സ്റ്റാൻറിംഗ് കമ്മറ്റി മെമ്പർമാർ

വി. ഹുസൈൻകുട്ടിമാസ്റ്റർ

വി. ആരിഫ

ടി. പി സൈതാലിക്കുട്ടി

എം. പി ഉണ്ണികൃഷ്ണൻ

തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്ത്



വാർഡ് അതിർത്തി

റോഡ്

തോട്

പുഴ

വാർഡുകൾ : പതിനൊന്ന്

വിസ്തീർണ്ണം : 20 . 46 ച. കി. മീ.

ജനസംഖ്യ : 29194

ഭരണ സമിതി



ഭരണ സമിതിയും സ്റ്റാഫംഗങ്ങളും.



ഉള്ളടക്കം

★ ★ ★ ★ ★
★ ★ ★ ★ ★ ★

- ആമുഖം
- കൃഷി, ജലസേചനം
- മൃഗസംരക്ഷണം, മത്സ്യമേഖല
- വിദ്യാഭ്യാസം
- ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം
- വ്യവസായം
- ഗതാഗതം, ഊർജ്ജം
- ഭവനനിർമ്മാണം, ക്ഷേമ പ്രവർത്തനം
- സംസ്കാരം
- വനിത
- സഹകരണമേഖല
- പട്ടിക ജാതി - പട്ടിക വർഗ ക്ഷേമം
- വിഭവ സമാഹരണം



വികസന റിപ്പോർട്ട് ക്രോഡീകരണ ശിൽപശാലയിൽ നിന്ന്





ആമുഖം

ഇന്ത്യാ മഹാരാജ്യത്തിന്റെ പടിഞ്ഞാറെ അതിരായ അറബിക്കടലിനോട് തൊട്ട് തെക്കുവടക്കായി നീണ്ടുകിടക്കുന്ന കേരളത്തിന്റെ മദ്ധ്യത്തിൽ കിഴക്കെ അതിർത്തിയായ പശ്ചിമഘട്ടത്തിൽ നിന്ന് ആരംഭിച്ച് അറബിക്കടലിൽ ചെന്നുചേരുന്ന ഭാരതപുഴയുടെയും ആത, തൂത, നെടുങ്കയം മുതലായ പ്രദേശങ്ങളിൽ നിന്നാരംഭിച്ച പഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും അതിരുകളെ മലപ്പുറം ജില്ലയെ വേർതിരിച്ചു കൊണ്ട് ഭാരതപുഴയിൽ ചെന്നുചേരുന്ന തൂതപുഴയുടെയും മടിത്തട്ടിൽ കിടക്കുന്ന പഞ്ചായത്തുകളിലൊന്നാണ് തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്ത്.

ഈ പഞ്ചായത്ത് അതിർത്തിയിൽ കൂടി ശാന്തമായി ഒഴുകി പോകുന്ന തൂതപുഴയിലെ ജലം കണ്ട് നിൽക്കാനുള്ള ഒരവസരമല്ലാതെ ആ നദീജലം തടഞ്ഞു നിർത്തി കൃഷിക്ക് ഉപയോഗപ്പെടുത്താനുള്ള അവസരം ഈ പ്രദേശത്തെ ജനങ്ങൾക്ക് ലഭിച്ചിട്ടില്ല.

1947 ലെ സ്വാതന്ത്ര്യലബ്ധിക്കു ശേഷം ജനാധിപത്യ കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിനു വേണ്ടി ജില്ലാ ഭരണ ബിൽ അവതരിപ്പിച്ചത് പ്രഗത്ഭനായ മന്ത്രി അഹ്മദ് കുരിക്കൾ ആയിരുന്നു. ഇന്ത്യയിൽ അന്നുവരെ അത്ര വിപുലമായ തോതിൽ അധികാരം ജില്ലാ തലത്തിലേക്കു നൽകപ്പെടാൻ നിർദ്ദേശിക്കപ്പെട്ട തരത്തിൽ ഒരു നിയമ നിർമ്മാണം നിയമസഭകളിൽ അവതരിപ്പിക്കപ്പെട്ടിരുന്നില്ല. തുടർന്ന് ബഹുമാന്യനായ മന്ത്രി കെ. അവുക്കാദർകുട്ടി നഹയും മന്ത്രി സി. എച്ച്. മുഹമ്മദ്കോയ സാഹിബുമെല്ലാം തന്നെ വിവിധ ഭേദഗതികളുണ്ടാക്കുന്ന സെലക്ട് കമ്മിറ്റി റിപ്പോർട്ടുകളും ഈ വിഷയം അവതരിപ്പിച്ചിട്ടുണ്ട്. അന്നാരംഭിച്ച ആ പ്രക്രിയയുടെ

പൂർത്തീകരണത്തിന അനുകൂലമായ ഭാഗ്യം ലഭിച്ചത് കഴിഞ്ഞ മന്ത്രിസഭയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയായിരുന്ന ജ: സി. ടി. അഹമ്മദലി സാഹിബിനാണ്. പ്രഗത്ഭനായ ശ്രീ. എ. കെ. ആൻറണി, ശ്രീ കെ. എ. ദാമോദരമേനോൻ, ശ്രീ. പി. കെ. വാസുദേവൻനായർ എന്നിവരും അവരുടേതായ പങ്കും ഈ നിയമനിർമ്മാണത്തിന നല്കിയിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ സംസ്ഥാന നയ രൂപീകരണത്തിന്റെ ആർടിക്കിൾ 40 നിർദ്ദേശക തത്വങ്ങളിൽ ഗ്രാമീണ പഞ്ചായത്തുകളെ രൂപീകരിച്ച് പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാനുള്ള അധികാരവും ചുമതലയും നൽകണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഭരണ ഘടന നിലവിൽ വന്ന് 43 വർഷം പിന്നിട്ടിട്ടും പല സംസ്ഥാനങ്ങളും അതിൽ അടങ്ങിയ നിർദ്ദേശങ്ങൾ നടപ്പാക്കാൻ കാര്യമായി ഒന്നും ചെയ്തില്ല.

വൈദേശികാധിപത്യത്തിൽ നിന്നും നാം രാഷ്ട്രീയ സ്വാതന്ത്ര്യം നേടി. പ്രായപൂർത്തി വോട്ടവകാശം നൽകപ്പെട്ട. ജനാധിപത്യ വ്യവസ്ഥിതിക്ക പോറലേൽക്കാതെ സ്വതന്ത്രവും നിഷ്പക്ഷവും ആയ തിരഞ്ഞെടുപ്പുകൾ നടത്തി വ്യത്യസ്ത രാഷ്ട്രീയ കക്ഷികൾ മാറി മാറി അധികാരത്തിൽ വന്നു. സ്വാതന്ത്ര്യാനന്തരം ജനാധിപത്യ മൂല്യങ്ങൾ സുരക്ഷിതമായി കാത്തു സൂക്ഷിച്ചു പരിപാലിച്ചു വരുന്ന ഒരേ ഒരു ഏഷ്യൻ രാഷ്ട്രമാണ് നമ്മുടേത്. അതിൽ നമുക്ക് അഭിമാനമുണ്ട്. ലോക ജനത തന്നെ നമ്മെ അംഗീകരിക്കുന്നു. പാർലമെൻറും (രാജ്യസഭയും, ലോകസഭയും) സ്റ്റേറ്റും നിയമസഭകളും കോർപ്പറേഷനും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും മെട്രോപോളിറ്റൻ സിറ്റികളും നമുക്കുണ്ട്. എല്ലാ ജനാധിപത്യ സ്ഥാപനങ്ങളും ഉണ്ടായിട്ടും ജനസംഖ്യയിൽ 5 ശതമാനത്തിനു പോലും അധികാരത്തിൽ പങ്കില്ലെന്നതാണ സ്ഥിതി വിവരണ കണക്കുകൾ വ്യക്തമാക്കുന്നത്. കേരളത്തിലെ 290 ലക്ഷം ജനങ്ങളിൽ 214 ലക്ഷവും ഗ്രാമങ്ങളിലാണ് അധിവസിക്കുന്നത് അതിനാൽ ഗ്രാമീണ ജനതയുടെ വികസനമാണ് നമ്മുടെ പുരോഗതി. ഗ്രാമത്തിലെ ജനങ്ങളുടെ വിവിധാവശ്യങ്ങൾ നിവ്വഹിക്കാൻ പര്യാപ്തമായ ഉൽപന്നങ്ങൾ അവിടെ തന്നെ ലഭ്യമാക്കി സ്വയം നാം പൂർണ്ണമായ തൊച്ചു തൊച്ചു റിപ്പബ്ലിക്കുകളായി ഉയർത്തികൊണ്ടുവരാൻ ഈ പഞ്ചായത്തിലെ ഒരോ അംഗങ്ങൾക്കും ബാധ്യതയുണ്ട്. ആ ബാധ്യത നിറവേറ്റാൻ നാം തയ്യാറാവണം. അതിനുള്ള അവസരമാണ് പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ നമുക്ക് കൈവന്നത്. 73-ാം ഭരണഘടനാ ഭേദഗതി നിയമമനുസരിച്ച് ഇന്ത്യയിൽ ഇതുവരെ നിർമ്മിക്കപ്പെട്ട നിയമ നിർമ്മാണങ്ങളിൽ ഏറ്റവും കൂടുതൽ അധികാരം താഴേക്ക നൽകപ്പെട്ടത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമ മനുസരിച്ചാണ്. 285 വകുപ്പുകളടങ്ങിയതാണ് ഈ നിയമം. ബ്യൂറോസിയെ അനുസരിച്ച് ഉദ്യോഗസ്ഥ മേധാവിത്വം തുടച്ചു നീക്കാനുള്ള ധീരമായ കാൽവെപ്പും കൂടിയാണത്.

ജനങ്ങളുടെ നന്മയും പുരോഗതിയും വികസനവും ആണ് എല്ലാറ്റിനേറെയും ആഭ്യന്തിക ലക്ഷ്യം വസ്ത്രം, തൊഴിൽ, സഞ്ചാരയോഗ്യങ്ങളായ റോഡുകളും, കളിസ്ഥലങ്ങളും, പാർക്കുകളും, വിശ്രമാലയങ്ങളും അങ്ങിനെയുള്ള വനം, ഇല്ലാത്തവനും സമ്പൽസമൃദ്ധമായ സന്തുഷ്ടിയും, സമാധാനവും, ശാന്തിയും, ഐശ്വര്യവും നിറഞ്ഞ ശാലീന സുന്ദരങ്ങളായ ഗ്രാമങ്ങളും, പകയും വിദ്വേഷവും ഇല്ലാത്ത സ്നേഹവും സൗഹാർദ്ദവും നിറഞ്ഞു നിൽക്കുന്ന പഞ്ചായത്തുകളും ഇതാണ് നമ്മുടെ എല്ലാവരുടേയും ലക്ഷ്യം. നമ്മുടെ പഞ്ചായത്തും അത്തരത്തിലാവണമെന്ന നമ്മളാഗ്രഹിക്കുന്നു. അധികാരം കൊണ്ടു മാത്രം ഇവ നേടാൻ കഴിയുമോ? അധികാരം ജനങ്ങളിലേക്ക് അടിത്തട്ടിലേക്ക് നൽകുക എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് മേൽപറഞ്ഞ വിധം ഗ്രാമങ്ങളെ സ്വയം സമ്പൂർണ്ണതയിലേക്ക് നയിക്കുക എന്നതാണ്. ഗ്രാമീണജനതയുടെ പേരിൽ ശിക്ഷാനടപടികളെടുക്കാനും അവരുടെ പേരിൽ നിയന്ത്രണങ്ങളും വിലക്കുകളും ഏർപ്പെടുത്താനും നികുതിഭാരവും ലൈസൻസ് ഫീസുകളും ചുമത്താനും ജപ്തിയും വാറണ്ടും പുറപ്പെടുവിക്കാനും പ്രൊസിക്യൂഷൻ നടപടികളും കൈക്കൊള്ളാനും എല്ലാം ഉള്ള അധികാരം അവരുടെ പ്രതിനിധികൾക്ക് തന്നെ നൽകപ്പെടണമെന്നത് മാത്രമല്ലവിവക്ഷിക്കുന്നത്. ഒരു ഗ്രാമത്തെ വികസനത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കാൻ അവിടെയുള്ള വിഭവങ്ങളെ സമാഹരിച്ച് വികസന സാദ്ധ്യതകളെ ചൂഷണംചെയ്ത് ആവശ്യങ്ങളെ കണ്ടറിഞ്ഞ് ആ പ്രദേശത്തിന്റെ പ്രത്യേകതയും സാഹചര്യങ്ങളും കണക്കിലെടുത്ത് അവർക്കാവശ്യമായതെല്ലാം നൽകി സ്വയം സമ്പൂർണ്ണതയിലേക്ക് നയിക്കാൻ അവസരം നൽകുകയാണ് ഇവിടെ ചെയ്യുന്നത്. ഓരോ വിഷയത്തിലുള്ള സാദ്ധ്യതകളെ സംബന്ധിച്ചൊക്കെ നമ്മുടെ വികസന റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഇതൊരു വഴികാട്ടി മാത്രമാണ് ഇതുവെച്ചുകൊണ്ട് ചർച്ച നടത്തുന്ന നമുക്ക് കൂടുതലധികം വികസനമേഖലകളിലേക്ക് വെളിച്ചം വീശാനുള്ള നിർദ്ദേശങ്ങൾ നൽകാൻ കഴിയും കഴിയണമെന്നതാണ നമ്മുടെയാഗ്രഹം.

ഒൻപതാം പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പാക്കാനും ഈ രൂപത്തിൽ നടപ്പിൽ വരുത്താനും നമ്മെ ചിന്തിപ്പിച്ച കാര്യം ഇന്നലെകളുടെ നഷ്ടബോധമാണ്. കഴിഞ്ഞ എട്ട് പദ്ധതികളിലായി നമ്മുടെ സംസ്ഥാനത്തെ പദ്ധതി ആസൂത്രണത്തിലും അതിന്റെ നടത്തിപ്പിലും ഏറെ അശാസ്ത്രീയതകളും കടന്നുകൂടിയിരുന്നു. എന്നിരുന്നാലും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജീവിത നിലവാരത്തിലും വിദ്യാഭ്യാസ – സാംസ്കാരിക ആരോഗ്യ രംഗങ്ങളിലും നമ്മുടെ മികവ് നാം കാണാതിരുന്നുകൂടാ. പൊതുവിതരണ രംഗത്തും മേൽപറഞ്ഞ മേഖലകളിലും കൈവരിച്ച നേട്ടം സമ്പത്തുൽപാദന മേഖലയിലേക്ക് തിരിയുമ്പോൾ ആശാവഹമായ രൂപത്തിൽ മുന്നോട്ട്പോകാൻ കഴിഞ്ഞിട്ടില്ല എന്ന് കാണാൻ കഴിയും ഉൽപാദനരംഗവുമായി താരതമ്യം ചെയ്യുമ്പോൾ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാം വളരെ പുറകിലാണ്. സംസ്ഥാന രൂപീകരണത്തിനുശേഷം വികസനത്തിന്റെ പേരിൽ വിവിധ മേഖലകളിൽ കോടികളും ചെലവഴിച്ചെങ്കിലും അതിൽ 60 % പോലും എത്തേണ്ടിടത്ത് എത്തിയില്ല എന്നത് ദുഃഖകരമായ വസ്തുതയാണ്.

കേരളത്തിന്റെ സമസ്ത മേഖലകളിലും ഇന്ന് നിലനിൽക്കുന്ന മുരടിപ്പിനെ മുറിച്ചു കടക്കാനും പദ്ധതികളിലൂടെ വിവിധ മേഖലകളിൽ ചെലവഴിക്കുന്ന സംഖ്യ എത്തേണ്ടിടത്ത് എത്തുന്നു എന്ന ഉറപ്പു വരുത്താനും പദ്ധതികളെ ജനകീയവൽക്കരിക്കുന്നതിനും അതുവഴി വികസന രംഗത്ത് ഇന്ത്യക്കും തദ്ദേശ ലോകത്തിനുതന്നെ ഒരു പുത്തൻ വികസന മാതൃക നൽകുന്നതിനുവേണ്ടിയും നമ്മുടെ ഭരണകർത്താക്കളും ആസൂത്രണരംഗത്തെ പ്രമുഖരും ചേർന്ന് വരാൻ പോകുന്ന ഒൻപതാം പദ്ധതിക്ക് പുതിയൊരു ഭാഷ്യം രചിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി ഐക്യകേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. എം. എസ് ചെയർമാനായും മുൻ മുഖ്യമന്ത്രിമാരായിരുന്ന ശ്രീ. കെ. കരുണാകരൻ, ശ്രീ. എ. കെ. ആന്റണി ശ്രീ. പി. കെ. വാസുദേവൻ നായർ എന്നിവർ വൈസ് ചെയർമാൻമാരായും നിലവിൽ വന്ന സമിതി കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് നടത്താൻ നിശ്ചയിച്ച ഈ പദ്ധതിയുടെ സത്ത ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ പഞ്ചായത്തിലും നാം ശരിയായ കാഴ്ചപ്പാടോടെ നടപ്പാക്കാൻ ശ്രമിക്കുകയാണ്.

ആസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി നടന്ന സംസ്ഥാനതല പരിശീലനത്തിനു ശേഷം നമ്മുടെ ജില്ലയിൽ പട്ടാമ്പിയിൽ നടന്ന പരിശീലനത്തിൽ നമ്മുടെ പഞ്ചായത്തിൽ 14 പേരും പഞ്ചായത്ത്തലത്തിൽ നടന്ന പരിശീലനത്തിൽ 110 പേരും പങ്കെടുക്കുകയുണ്ടായി. 11 വാർഡുകളിലായി നടന്ന ഗ്രാമ സഭകളിൽ 80 മുതൽ 210 വരെയുള്ള ജനപങ്കാളിത്തമാണുണ്ടായത്. പിന്നീട് നടന്ന രണ്ടാംഘട്ട ജില്ലാ പരിശീലനത്തിൽ 14 D R P മാരും രണ്ടാംഘട്ട പഞ്ചായത്ത് തല ശില്പശാലയിൽ 90 L R P മാരും പങ്കെടുത്തു. ശില്പശാലയിൽ വെച്ച് 12 വിഷയങ്ങളിലേക്ക് വിവിധ ഗ്രാമസഭകളിൽ നിന്നും നിശ്ചയിക്കപ്പെട്ട ആളുകളും അടങ്ങുന്ന ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുകയും ഭൂമിശാസ്ത്രപരമായ കാര്യങ്ങളും പഠനം നടത്തുന്നതിനുവേണ്ടി പഞ്ചായത്തിൽ മുന്ന് പഠന പര്യടനങ്ങളും നടത്തുകയും ചെയ്തു. D R P മാരും പഞ്ചായത്ത് മെമ്പർമാരും, വിദഗ്ദ്ധൻമാരുമിരുന്ന് വിവിധ വിഷയങ്ങളുടെ വികസന രേഖ നിർമ്മാണത്തിൽ ഏർപ്പെട്ടു. ഏകദിന ശില്പശാലക്കു മുമ്പ് വിവിധ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥൻമാരുടെ യോഗം ചേരുകയും റിവ്യൂ റിപ്പോർട്ട് അവതരിപ്പിച്ച് ചർച്ച ചെയ്യുകയുമുണ്ടായി. 16-11-96 ന് ചേർന്ന ഗ്രാമ പഞ്ചായത്ത് യോഗം ഔപചാരികമായി വികസന റിപ്പോർട്ട് അംഗീകരിച്ചു.

★

പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

ഗ്രാമ പഞ്ചായത്തിന്റെ പേര്	:	തിരുവേഗപ്പുറ.
റവന്യൂ വില്ലേജിന്റെ പേര്	:	തിരുവേഗപ്പുറ.
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	തിരുവേഗപ്പുറ, വിളത്തൂർ.
ബ്ലോക്ക് പഞ്ചായത്ത്	:	പട്ടാമ്പി.
ജില്ല	:	പാലക്കാട്.
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	തിരുവേഗപ്പുറ.
താലൂക്ക്	:	ഒറ്റപ്പാലം.
അസംബ്ലി മണ്ഡലം	:	തൃത്താല.
ജനസംഖ്യ	:	29194.
വാർഡുകളുടെ എണ്ണം	:	11.
വിസ്തീർണ്ണം	:	20.46 ച. കി. മീ.
പ്രസിഡന്റ്	:	പി. ടി മുഹമ്മദുകുട്ടിഹാജി.
വൈസ് പ്രസിഡന്റ്	:	ടി. നാരായണൻ നായർ.

☆

ഭൂപ്രകൃതി :

പാലക്കാട് ജില്ലയുടെ പടിഞ്ഞാറ് അതിർത്തി പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടെ പഞ്ചായത്ത്. ഗ്രാമീണ സൗന്ദര്യം തളം കെട്ടിനിൽക്കുന്ന അപൂർവ്വം ഗ്രാമ പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടെ പഞ്ചായത്ത്. ഭൂപ്രകൃതി അനുസരിച്ച് തിരുവേഗപ്പുറ പഞ്ചായത്തിനെ പ്രധാനമായും മൂന്നായി തരം തിരിക്കാം. (1.) കുന്നും പ്രദേശങ്ങളും, (2) താഴ്വരകളും, (3.) സമതലങ്ങളും.

കാലാവസ്ഥ :

കാർഷികവിളവെടുപ്പിനെ അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ കാലാവസ്ഥയെ മൂന്നായി തരം തിരിക്കാം. മെയ്, ജൂൺ മാസം മുതൽ ആഗസ്റ്റ്, സെപ്തംബർ മാസങ്ങൾ വരെയുള്ള സമയത്തെ കാലാവസ്ഥയെ വിരിപ്പ് സീസൺ എന്നും ആഗസ്റ്റ് സെപ്തംബർ മുതൽ ഡിസംബർ ജനുവരി വരെയുള്ള കാലാവസ്ഥയെ മുണ്ടകൻ സീസൺ എന്നും ജനുവരി മുതൽ മെയ് കൂടിയുള്ള മാസങ്ങളിലെ കാലാവസ്ഥയെ വേനൽക്കാലം എന്നു പറയുന്നു.

മണ്ണ് :

കുന്നിൽ ചെരുവുകളിലും ഉയർന്ന പ്രദേശങ്ങളിലും ചരൽ കലർന്ന മണ്ണും താഴെ ചെങ്കല്ലും ധാരാളമുണ്ട്. പുഴയോട് ചേർന്ന പ്രദേശങ്ങളിൽ മണൽ ചേർന്ന ചാരനിറത്തിലുള്ള ചളിമണ്ണാണ്. താഴ്ന്ന പ്രദേശങ്ങളിൽ നല്ല ഇഴക്കമുള്ള മണ്ണാണ് ഉള്ളത്. പഴനെല്ലിപ്പുറം, മോഗത്ത് തുതപ്പുഴയോട് ചേർന്ന് മൺ പാത്ര നിർമ്മാണത്തിനു ഉതകുന്ന കളിമണ്ണും ലഭ്യമാണ്.

വിവിധ മേഖലകളിലെ മണ്ണിന്റെ സ്വഭാവം പട്ടികയായി കൃഷി എന്ന വിഷയത്തിൽ വരുന്നതാണ്.

ശാസ്ത്രീയമായ വിനിയോഗം നടത്താൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ കാർഷിക ആവശ്യത്തിനും കുടിവെള്ളത്തിനും ആവശ്യമായ ജലസമ്പത്ത് നമ്മുടെ പഞ്ചായത്തിലുണ്ട്.

ചരിത്രം :

1935 മാർച്ച് മാസം 15-ാം തിയ്യതി ചെത്ര എലിമെന്ററി സ്കൂളിൽ വെച്ചു കൂടിയ പൊതുയോഗമാണ്, അന്ന് മലബാർ ഡിസ്ട്രിക് ബോർഡിന്റെ പരിധിയിൽ പെടാത്ത തിരുവേഗപ്പുറ ചെത്ര അംശങ്ങൾ ഉൾപ്പെടുത്തി തിരുവേഗപ്പുറ പഞ്ചായത്തിനു രൂപം നൽകിയത്. തിരുവേഗപ്പുറ എന്ന പേരിൽതന്നെ ഒരൈതിഹ്യം ഉൾക്കൊള്ളുന്നു. നദിയുടെ പുറം. വേഗയുടെ പുറ – തുതപ്പുഴയുടെ പുറം, വേഗപ്പുറയിലെ മഹാദേവ ക്ഷേത്രവുമായി ബന്ധപ്പെട്ട് തിരു എന്ന ബഹുമതി നാമവും ചേർന്ന് തിരുവേഗപ്പുറ എന്ന പേരു നിലവിൽ വന്നു. ഈ പ്രദേശത്തുണ്ടായിരുന്ന പ്രസിദ്ധമായ ഒരു അശോക വൃക്ഷത്തിന്റെ ഓർമ്മക്കായി അശോകാലയം എന്നുകൂടി പേരുള്ളതായി പുരാണങ്ങളിൽ പറയുന്നു.

വടക്കും പടിഞ്ഞാറും ശുദ്ധജല സമൃദ്ധമായ തുതപ്പുഴയാൽ അതിരിട്ടുകൊണ്ടും, തെക്കു മോഗത്തുടനീളം ഗിരിനിരകളാൽ മതിലുതീർത്തും, പ്രകൃതി സംരക്ഷിക്കുന്ന ഈ പ്രദേശത്തേക്ക് ജില്ലയിലെ കിഴക്കൻ പട്ടണ പ്രദേശങ്ങളിൽ നിന്ന് പരിഷ്കാരവും, പുരോഗതിയും ഒഴുകി വരാനെന്ന വണ്ണം കിഴക്കുഭാഗം കൊപ്പം പഞ്ചായത്തിലേക്ക് ഒരു കവാടംപോലെ മലർക്കെ തുറന്നു കിടക്കുന്നു. പഞ്ചായത്തിന്റെ കിഴക്കെ അതിരായി ഉയർന്നുനിൽക്കുന്ന രായിരനെല്ലൂർ മല, നാറാണത്തു ഭ്രാന്തൻ കല്ലുരുട്ടിക്കയറിയ ഐതിഹ്യം കൊണ്ട് പ്രസിദ്ധമാണ്. അയ്യപ്പക്ഷേത്രം മകരം ഒന്നിനു ശബരിമല കയറുന്നതുപോലെ ദേവീദർശനത്തിനായി തുലാം ഒന്നിനു ക്ഷേത്രജനങ്ങളും ഈ മല കയറി സായൂജ്യമണയുന്നു.

തിരുവേഗപ്പുറ പഞ്ചായത്താഫീസിൽ നിന്നും നൂറു മീറ്റർ മാത്രം വടക്കുമാറി സ്ഥിതി ചെയ്യുന്ന ഭ്രാന്തൻ കല്ല് എന്ന പേരിലായപ്പെട്ടന്ന നാറാണത്തു ഭ്രാന്തൻ തപസ്സനുഷ്ഠിച്ച ഭ്രാന്താചലം പ്രസിദ്ധമാണ്. കേരള ഗവൺമെന്റിന്റെ ചരിത്ര വിഭാഗവുമായി ബന്ധപ്പെട്ട് അമേരിക്കയിൽ നിന്നുപോലും ഈ ഭ്രാന്തൻ പാറയെക്കുറിച്ച് പഠിക്കാൻ ഗവേഷക കുതുകികരം എത്തുകയുണ്ടായി.

വിഭാഗീയ ചിന്തകൾക്കതീതമായി, സൗഹൃദവും, ഐക്യവും നിലനിർത്തി സ്വാധീന ജീവിതം നയിക്കുന്ന ഈ പ്രദേശത്തെ ജനങ്ങളും എന്നും മതസൗഹൃത്തിനു മാതൃകയായിരുന്നു. ഇന്നത്തെ സമഗ്രം ജനസംഖ്യ 29194 ഹിന്ദു മുസ്ലീം അനുപാതം യഥാക്രമം 48 : 52 ആണ്. രണ്ട് കുസ്തീയ കുടുംബങ്ങളും ഇതയിടെയായി ഇവിടെ സ്ഥിരതാമസക്കാരായിട്ടുണ്ട്. തിരുവേഗപ്പുറ പഞ്ചായത്തിലെ ആരാധനാലയങ്ങളിൽ പ്രഥമഗണനീയമായ ഹിന്ദു ദേവാലയം, തിരുവേഗപ്പുറ മഹാദേവക്ഷേത്രം തന്നെയാണ്. മുസ്ലീം പള്ളികളിൽ പുരാതനം കരിങ്കപ്പീരിത്തൊടി ജുമാമസ്ജിദുമാണ്. വിവിധ ദേവസ്വങ്ങളുടെയും, അല്ലാതെയുമുള്ള ഒട്ടനവധി ഹിന്ദു ദേവാലയങ്ങളും ഇവക്കു പുറമെ ഉണ്ട്. അപ്രകാരം തന്നെ ധാരാളം ജുമാഅത്ത് പള്ളികളും നമസ്കാരപള്ളികളും മദ്രസകളും വിവിധ ഭാഗങ്ങളിലായി സാധാരണക്കാരുടെ ആദ്ധ്യാത്മിക കേന്ദ്രങ്ങളായി സ്ഥിതി ചെയ്യുന്നു.

മത സൗഹാർദ്ദത്തിന്റെ സുഗന്ധ പുഷ്പങ്ങളും വിരിയിക്കുവാൻ നമ്മുടെ പൂർവ്വികർ ശ്രദ്ധിച്ചിരുന്ന എന്നത്, പഴയ കാല പഞ്ചായത്ത് ബോർഡിൽ ഉൾപ്പെട്ടിരുന്നവരുടെ പട്ടിക പരിശോധിച്ചാൽ നമുക്കു ബോധ്യമാകും. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായി ഭാരതമാകെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ കീഴിൽ അണിനരന്നപ്പോൾ, തിരുവേഗപ്പുറയിലെ അന്നത്തെ തലമുറ അക്ഷീണത്തിൽ മുൻപിലുണ്ടായിരുന്നു. മഹാത്മജിയുടെ നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ആഹ്വാനമനുസരിച്ച് പട്ടാളത്തിൽ ചേരരുതേ! പണം കൊടുത്തീടരുതേ! എന്ന ഇരടികരം പാടികൊണ്ട് ഗ്രാമാന്തരീക്ഷം ഇളക്കിമറിച്ച് സ്വാതന്ത്ര്യ സമര സേനാനികളിൽ ലഭ്യമായേടത്തോളം പേരുകളിൽ താഴെപറയുന്ന പ്രമുഖരും ഉൾപ്പെട്ടിരുന്നു.

ശ്രീമാൻമാർ. 1. കെ. പി. കരുണാകരമേനോൻ, കുന്നിമൽ പാറങ്ങാടൻ 2. കൊരക്കാം കോട്ടിൽ അഹമ്മദ്, 3. പൂവന്തല പഞ്ഞൻ, 4. മേടാട്ടിൽ മൊയ്തുട്ടി, 5. മേടാട്ടിൽ മൂസ്സ 6. പനിച്ചിക്കൽ തറീക്കുട്ടി, 7. നെടുങ്ങാട്ടിൽ മൊയ്തു, 8. കാളിതൊടി അസീസ് 9. ചാത്തംകുളം ഇണ്യാമു, 10. കിഴക്കേതിൽ അഹമ്മദ്, 11. കുനത്ത് മൊയ്തുണ്ണിഹാജി 12. കണ്ണിതൊടി ഐദ്രുസ്, 13. വലിയകത്ത് പരമേശ്വരപണിക്കർ, 14. പറക്കല്ലിൽ അയമു, 15. പനച്ചിക്കൽ ചെറിയ രായൻഹാജി 16. പാറപ്പുറത്ത് ഗോവിന്ദനെഴുത്തച്ഛൻ, 17. പാങ്കുടി തുലി 18. കൊഴക്കോട്ടിൽ കോരു, 19. കൊഴക്കോട്ടിൽ കുഞ്ഞികൃഷ്ണൻ, 20. പാറയുകുഴി ഇസുയിൽ, 21. നാവായത്ത് പള്ളിയാലിൽ ഗോവിന്ദൻനായർ, 22, പാറപ്പനക്കൽ അപ്പുവർത്തി നമ്പൂതിരിപ്പാട് 23. കിനാങ്ങാടൻ കോയ ഹാജി, 24. ചാപ്പുനിൽ കുഞ്ഞുണ്ണി. 25. അണ്ണേങ്ങോട്ടിൽ സൈതാലിക്കുട്ടി, ഇവരിൽ കോരകോട്ടിൽ അഹമ്മദ് വാഗൺട്രാജഡിയിൽ ദിവംഗതനായ കാര്യം പ്രത്യേകം സ്മരണീയമാണ് സ്വാതന്ത്ര്യ സമരത്തിന്റെ വിവിധ ഘട്ടങ്ങളിൽ പങ്കെടുത്തും, മർദ്ദനമേറ്റും പാഠിപ്പു മുടക്കിയും ത്യാഗമനുഭവിച്ച ഒരുവിഭാഗം ധീരദേശാഭിമാനികൾ നമ്മുടെ പ്രദേശം ജന്മം നൽകി എന്നതിൽ അഭിമാനം, നമ്മുടെ മുൻഗാമികരം പകർന്നതന്ന ആത്മാവം കൈമുതലാക്കി നാടിന്റെ വിളി ഉൾകൊണ്ട് ഇന്നത്തെ തലമുറയെ ഉൽകൃഷ്ടമായ നാളെയിലേക്ക് നയിക്കേണ്ട ധാർമ്മിക ബാധ്യത നമുക്കെതാണെന്ന് നാം മറന്നുകൂടാ.

ഈ ഘട്ടത്തിൽ നാം ചിന്തിക്കേണ്ട പരമപ്രധാനമായ കാര്യം 1997 ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കാനിരിക്കുന്ന ഒമ്പതാം പദ്ധതി ഒരു ജനകീയ പ്രസ്ഥാനമായി മാറ്റിയെടുത്തും നമ്മുടെ പ്രദേശത്തെ പുരോഗതിയുടെ പാതയിലേക്ക് നാം എങ്ങിനെ നയിക്കണം എന്നതു തന്നെയാണ്. കഴിഞ്ഞ കാലങ്ങളിൽ പിന്നിട്ട പദ്ധതികളിൽ ജനകീയ പങ്കാളിത്തം കുറവായിരുന്നതിനാൽ, ആസൂത്രണം, നടത്തിപ്പ്, മേൽനോട്ടം, അവലോകനം, മൂല്യനിർണ്ണയം എന്നീ ശാസ്ത്രീയ വശങ്ങളിൽ പാളിച്ചകൾ സംഭവിച്ചു. ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനായില്ല. അടുത്ത പദ്ധതിയിൽ ഈ കുറവ് ഒരിക്കലും സംഭവിച്ചുകൂടാ. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും പദ്ധതിയുമായി ഭാഗഭാക്കാക്കുവാൻ നാം ദൃഢപ്രതിജ്ഞ എടുത്തു കഴിഞ്ഞു.

അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യം കേന്ദ്രസർക്കാരും, കേരള സർക്കാരും അംഗീകരിച്ചു കഴിഞ്ഞു. നാം ആ മുദ്രാവാക്യം ഉൾക്കൊണ്ട് നമ്മുടെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഗ്രാമസഭകൾ സംഘടിപ്പിച്ചു. പരിശീലനം ലഭിച്ച ഡി. ആർ. പി മാർ ഈ മുദ്രാവാക്യം ഉൾക്കൊള്ളുന്ന ആശയം ജനങ്ങൾക്ക് വിശദമാക്കി കൊടുത്തു. ജനങ്ങൾ അത് ഉൾ കൊണ്ടിരിക്കുകയാണ്. ഗ്രാമസഭകൾ, ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങൾ-കാലങ്ങളായി പരിഹൃതമാകാതെ നീറുന്ന പ്രശ്നങ്ങളായി അവശേഷിച്ചിരുന്ന ആവശ്യങ്ങളെ – വിവിധ ഗ്രൂപ്പുകളായി ചർച്ച ചെയ്ത് മുൻഗണനാടിസ്ഥാനത്തിൽ തരം തിരിച്ച പട്ടികകൾ തയ്യാറാക്കി അധികൃതർക്ക് സമർപ്പിച്ച് കഴിഞ്ഞു. ഇതോടെ നമ്മുടെ ബാദ്ധ്യത തീർന്നു എന്നല്ല, പ്രത്യുത ഈ പദ്ധതികൾക്ക് അംഗീകാരം തരൂ, വിദഗ്ധ ഉപദേശവും മേൽനോട്ടവും തരൂ, ആവശ്യമായ ഊർജ്ജം അനുവദിക്കുവാൻ പദ്ധതി ആവിഷ്കരിച്ചു, ഞങ്ങളെ കൂടി പങ്കാളികളാക്കൂ എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉദ്ബുദ്ധരായ ഗ്രാമവാസികൾ പ്രതീക്ഷയോടെ പ്രത്യാശയോടെ കാത്തിരിക്കുകയാണ്

ഗ്രാമസഭകൾ തയ്യാറാക്കിയ വികസന രൂപരേഖകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് അഞ്ചു വർഷം കൊണ്ട് നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കേണ്ട ചെറുതും വലുതുമായ പദ്ധതികൾക്ക് മുൻഗണനാടിസ്ഥാനത്തിൽ പഞ്ചായത്ത് കർമ്മ വികസന സമിതി രൂപംപ്പെടുത്തിയിരിക്കുകയാണ്.

പട്ടാമ്പി വികസനബ്ലോക്കിലെ പത്ത് പഞ്ചായത്തുകളിൽ ഏറ്റവും പഴക്കംചെന്ന ജനാധിപത്യ സ്വഭാവമുള്ള പഞ്ചായത്താണ് തിരുവേഗപ്പുറ. ബ്രിട്ടീഷ് ഭരണകാലത്ത് 1930 കളിൽ തന്നെ ജൂഡീഷ്യറി അധികാരത്തോട് കൂടിയ പഞ്ചായത്ത് സംവിധാനം നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്. ജനങ്ങൾ തമ്മിലുണ്ടാകുന്ന സിവിലും ക്രിമിനലുമായ കേസ്സുകൾ അതാതിന്റെ സ്വഭാവമനുസരിച്ച് ഒരു പരിധിവരെ വിധി നിശ്ചയിക്കാനുള്ള അധികാരം അന്നത്തെ പഞ്ചായത്ത് സമിതിക്കുണ്ടായിരുന്നു. ഇത്തരം കേസുകളിൽ വാദവും പ്രതിവാദവും നടത്തിയിരുന്നത് പ്രത്യേക വിദ്യാഭ്യാസയോഗ്യതകളൊന്നുമില്ലാത്ത പാറവക്കീലൻമാർ എന്നറിയപ്പെട്ടിരുന്ന നാട്ടു പ്രമാണിമാരായിരുന്നു. അംശം അധികാരിയായിരുന്ന ഇത്തരം സഭകളുടെ ഭരണാധികാരി. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ശിലകളായ ഇത്തരം ഗ്രാമ പഞ്ചായത്തുകളായിരിക്കാം നമ്മുടെ രാഷ്ട്രപിതാവ് വിഭാവനം ചെയ്തിരുന്ന ഗ്രാമസ്വരാജിന്റെ നാഴിക കല്ലുകൾ.

ഭൂമിശാസ്ത്രപരമായി തിരുവേഗപ്പുറ പഞ്ചായത്ത് തെക്കുവടക്ക് നിമ്നോന്നതമായി കിടക്കുന്നു. പഞ്ചായത്തിനെ രണ്ടായി ഭാഗിച്ചുകൊണ്ട് ചെമ്പ്രത്തോട്ടം, തോടിനു സമാന്തരമായി കൊപ്പം – വളാഞ്ചേരി റോഡും സ്ഥിതി ചെയ്യുന്നു. ധാരാളം ജലസേചന സൗധ്യതയുള്ള

ചെമ്പത്തോട് ഇന്നും വികസനം തേടികിടക്കുന്ന ജല സ്രോതസ്സാണ്. പഞ്ചായത്തിലെ മുഖ്യ വിള നെല്ലാണ്. വയലേലകളിൽ ഭൂരിഭാഗവും ഈ തോടിന്നു് ഇരുവശവുമായി പരന്നു കിടക്കുന്നു. ഉയർന്ന കുന്നിൻ പ്രദേശത്ത് ഉർലഭമായി റബ്ബറും ധാരാളമായി കപ്പയും കൃഷി ചെയ്യുന്നു. കുന്നിൻ ചെരുവുകളിൽ തെങ്ങും, കുരുമുളകും സുലഭമായും, ഇഞ്ചിയും, ചേനയും ഉർലഭമായും കൃഷി ചെയ്യുന്നു. താഴ്വരകളധികവും ജനവാസ കേന്ദ്രങ്ങളാണ്. വീട്ടുവളപ്പുകളിൽ തെങ്ങ്, വാഴ, കുരുമുളക്, ചേന, ചേമ്പ്, കാച്ചിൽ എന്നിവ ധാരാളമായി കൃഷി ചെയ്യുന്നു. നെൽകൃഷി ലാഭകരമല്ലാതായ സാഹചര്യത്തിൽ കൃഷിഭൂമി പലതും നാണ്യവിളകൾക്ക് വഴി മാറി കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷം വളരെ ഗൗരവമർഹിക്കുന്നു.

പുഴയോരത്ത് മുഖ്യ കൃഷി തെങ്ങും കമുകുമാണ്. തൃതപുഴയിലെ 'അഴകപ്രക്കയം' പ്രസിദ്ധമാണ്. ജലസമൃദ്ധമായ ഈ കയം ഉപയോഗപ്പെടുത്തി നിർദ്ദിഷ്ടമായ **അഴകപ്രലിഫ്ട് ഇറിഗേഷൻ** പദ്ധതി ഈ പ്രദേശത്തിന്റെ അനിഷേധ്യമായ ആവശ്യമാണ്. ജനസാന്ദ്രമായ പ്രദേശവും, പ്രധാന വ്യാപാര, വ്യവസായ കേന്ദ്രങ്ങളും കൊപ്പം – വളാഞ്ചേരി റോഡിനോട് ചേർന്നു കിടക്കുന്നു. കൃഷിയും, വ്യവസായവും, വ്യാപാരവും സാമ്പത്തിക, സാങ്കേതിക സഹായങ്ങളുടെ അഭാവത്തിൽ തളർന്നു കിടക്കുന്നു.

ജന്മിത്തത്തിനും ഫ്യൂഡലിസത്തിനും എതിരായി പാട്ടകൃഷിക്കാരും കൈവശ കൃഷിക്കാരും സംഘടിച്ച് മുന്നേറിയിരുന്ന വള്ളുവനാടൻ കർഷക പ്രസ്ഥാനത്തിൽ സജീവമായി ഭാഗഭാക്കുകളാകാൻ ഈ പഞ്ചായത്തിനു് കഴിഞ്ഞിട്ടുണ്ട്. കൃഷിക്കാരനു്, പാട്ടപ്പുറ മാറിയെടുക്കുക, പ്രതിഫലം അദ്ധ്വാനിക്കുന്നവനു് എന്നീ മുദ്രാവാക്യങ്ങളുമായി ഈ പഞ്ചായത്തിലെ കൃഷിക്കാർ പല സമരമുഖത്തും അണി നിരന്നിട്ടുണ്ട്.

ഉച്ചനീയത്വങ്ങളുടെയും തൊട്ടുകൂടായ്മയുടെയും ജാതിക്കോമരങ്ങളുടെയും അധികാര വാഴ്ച നടന്നിരുന്ന ആ കാലത്ത് താഴ്ന്ന ജാതിക്കാരേയും ഹരിജനങ്ങളെയും പൊതുവഴിയിലൂടെ നടക്കുന്നതിനും ക്ഷേത്ര ദർശനം നടത്തുന്നതിനും പല തവണ സംഘടിപ്പിച്ച് മേലാളുടെ മർദ്ദനം ഏറ്റുവാങ്ങിയ ചെമ്പ്ര തൈക്കാട്ട് കൃഷ്ണൻ ഈ പഞ്ചായത്തിൽ ജീവിച്ചിരുന്നു.

18ം കവികളിൽ പ്രസിദ്ധരായ 5 സംസ്കൃതപണ്ഡിതന്മാരായ നമ്പൂതിരിമാർ തിരുവേഗപ്പുറക്കാരായിരുന്നു എന്നതു് നമുക്ക് അഭിമാനകരമാണ്.

ആയുർവ്വേദ ചികിത്സാ രംഗത്ത് അനിഷേധ്യപണ്ഡിതനായ പുന്നശ്ശേരി നമ്പിയുടെ പ്രമുഖ ശിഷ്യനായ ശ്രീ. ചെമ്പ്ര രാമനെഴുത്തച്ഛൻ ഇപ്പോഴും തന്റെ രംഗത്ത് സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. ഐതിഹ്യമാലയിൽ പോലും അനേകം പേജുകളിൽ വിവരിക്കപ്പെട്ട മാന്ത്രിക – ചിത്തരോഗ ചികിത്സാ വിദഗ്ദ്ധരായ ചെമ്പ്ര എഴുത്തഛൻമാരുടെ തറവാട് ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു

സാംസ്കാരിക രംഗത്തും നമുക്ക് സമ്പന്നമായ പാരമ്പര്യമാണുള്ളത്. മലയാള സാഹിത്യ ചരിത്രത്തിൽ മുൻ തലമുറയിൽ സ്ഥാനം പിടിച്ച ചെറുളിയിൽ കുഞ്ഞുണ്ണി നമ്പീശൻ എന്ന പാലൊടിയിൽ ശങ്കരനെഴുത്തച്ഛൻ എന്നിവരും, അറിയപ്പെടുന്ന അറബി കവിയും പണ്ഡിതനുമായിരുന്ന ഫക്കി മുഹമ്മദ് മൗലവിയും അദ്ദേഹത്തിന്റെ പിതാമഹനായിരുന്ന മാഞ്ഞാമ്പ്ര കുഞ്ഞിമൊയ്തു മുസ്ലിയാരും നൽകിയ മഹത്തായ സംഭാവനകളും എക്കാലത്തും വിലമതിക്കു

പ്പെട്ടനമ്പ്യാണ്. ഇരു വിഭാഗക്കാർക്കും ധാരാളം ശിഷ്യഗണങ്ങളും ഇന്നത്തെ തലമുറയിലുണ്ട്. മായാജാല പ്രപഞ്ചത്തിൽ അത്ഭുതം സൃഷ്ടിച്ച് ലോക പ്രശസ്തി നേടിയ പ്രൊഫസർ വാഴകുന്നം നമുക്കു മാത്രമല്ല മായാജാല കലക്കുതന്നെ അവിസ്മരണീയനാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും അദ്ദേഹത്തിന്ന് ശിഷ്യ സമ്പത്തുണ്ട്. വാഴകുന്നത്തു മനയ്ക്കൽ നീലകണ്ഠൻ നമ്പൂതിരി എന്ന പ്രൊഫസർ വാഴകുന്നം മായാജാലം എന്ന കല നിലനിൽക്കുന്നേടത്തോളം കാലം ആദരിക്കപ്പെടുന്ന മഹാനാണ്.

ചരിത്രപരമായും, ഭൂമിശാസ്ത്രപരമായും മഹത്തായ പാരമ്പര്യങ്ങൾകൂടിയായ തിരുവേഗപ്പുറ പഞ്ചായത്ത് ആരംഭിച്ച 1935 മുതൽക്ക് കാലാകാലം നിലവിലുണ്ടായിരുന്ന ഭരണാധികാരം താഴെ പറയും പ്രകാരമായിരുന്നു.

തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്ത് ഭരണ സമിതികളും പ്രസിഡൻറുമാരും

സ്പെഷൽ ഓഫീസർ കുഞ്ഞിരാമ പതിയാർ വിളിച്ച
പഞ്ചായത്ത് മെമ്പർമാരുടെ യോഗത്തിൽ
തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി.

15-3-1935 To 18-11-1936

വാഴക്കുന്നത്ത് മനക്കൽ ശ്രീധരൻ നമ്പൂതിരി (പ്രസി)
കെ. പി. അഹമ്മദ് സാഹിബ് (വൈ: പ്ര:)
കാളഞ്ചിറ പരുത്തി
വി. പി. കുഞ്ഞിമമ്മു
ഇ. ഗോവിന്ദൻ നമ്പ്യാർ
എ. വി. ഗോപാലൻ നായർ
എം. വി. ഗോവിന്ദക്കുറുപ്പ്
ഒ. കെ. കേശവൻ നായർ
വാഴയിൽ അലവി
പി. എസ്സ് രായൻ
പി. കോയ ഹാജി
ഇ. ബാലകൃഷ്ണൻ നമ്പ്യാർ
പി. ചാത്തപ്പൻ
കെ. ഐദ്രു സാഹിബ്
കെ. പി. കരുണാകര മേനോൻ

18 3-1936 To 19-3-1940

വാഴക്കുന്നത്ത് മനക്കൽ ശ്രീധരൻ നമ്പൂതിരി (പ്രസി:)
യം. ടി. മൊയ്തു (വൈ: പ്ര:)
എ. ശങ്കരനാരായണൻ നമ്പൂതിരി
പി. യം. ബ്രഹ്മദത്തൻ നമ്പൂതിരി
പി. എച്ച്. കൃഷ്ണയ്യർ
കെ. പി. കൃഷ്ണൻ നായർ
എ. വി. ഗോപാലൻ നായർ
ഇ. ബാലകൃഷ്ണൻ നമ്പ്യാർ
കെ. കോന്തൻ നായർ
കാളഞ്ചിറ പരുത്തി
വി. അലവി
പി. സൈതുഹാജി
സി. പി. മമ്മിക്കുട്ടി
പി. ചാത്തൻ

19-3-1940 To 6-1-41

വാഴക്കുന്നത്ത് ശ്രീധരൻ നമ്പൂതിരി (പ്രസി:)
വാഴയിൽ അലവി (വൈ: പ്ര:)
പി. കെ. പരമേശ്വരയ്യർ
നെല്ലിക്കാട്ട ഗോപാലൻ നായർ
കെ. പി. കൃഷ്ണൻ നായർ
കെ. നാരായണൻ നായർ
സി. ഗോവിന്ദ വാരിയർ
കെ. കുമ്പൻ
കെ. ഗോവിന്ദൻ നമ്പ്യാർ
കിനാങ്ങാടൻ സൈതാലിക്കുട്ടി
മാട്ടമ്മതൊടി മൊയ്തു
യം. വി. ഗോവിന്ദക്കുറുപ്പ്

6-1-1941 To 3-12-1945

ശ്രീധരൻ നമ്പൂതിരിയുടെ മരണശേഷം

പി. കെ. പരമേശ്വരയ്യർ (പ്രസിഡണ്ട്)
മാട്ടമ്മത്തൊടി മൊയ്തു (വൈ. പ്രസി:)
വാഴയിൽ അലവി
നെല്ലിക്കാട്ട് ഗോപാലൻ നായർ
കെ. പി. കൃഷ്ണൻ നായർ
കെ. നാരായണൻ നായർ
സി. ഗോവിന്ദ വാരിയർ
കെ. കുമ്പൻ
കെ. ഗോവിന്ദൻ നമ്പ്യാർ
കിനാങ്ങാടൻ സൈതാലിക്കുട്ടി
യം. വി. ഗോവിന്ദകുറുപ്പ്

3-12-45 To 28-7-49

ആനായത്ത് പിഷാരത്ത്
നാരായണപിഷാരടി (പ്രസിഡണ്ട്)
പി. യം. അലവി (വൈ: പ്രസിഡണ്ട്)
കെ. പി. കൃഷ്ണൻനായർ
പി. ശങ്കരവാരിയർ
പട്ടമ്മാരുതൊടി യാഹു
യം. സൈതലവി
കെ. കുഞ്ഞുണ്ണിയൻ
എൻ. ഗോപാലൻനായർ
കാളഞ്ചിറ പരുതി
ടി. എം. പണ്ടുണ്ണി
കെ. കുഞ്ഞിമാൻ
കെ. കുമ്പൻ

29-8-49 To 8-2-53

എൻ. ഗോപാലൻനായർ (പ്രസിഡൻറ്)
പി യം. അലവി (വൈ: പ്രസിഡൻറ്)
കെ പി. കൃഷ്ണൻനായർ
കെ. കുഞ്ഞുണ്ണിയൻ മുസ്ലിയാർ
കെ. ടി. മുഹമ്മദ് എന്ന ബാപ്പുട്ടി
ശങ്കരവാരിയർ
പി. യാഹു
എം. കമ്മാലി

ഇതിൽ യം. ടി. സൈതലവി വൈസ് പ്രസിഡൻറായും കൃഷ്ണപിഷാരടി മെമ്പറായും സ്ഥാനം വഹിച്ചിട്ടുണ്ട്.

8-2-53 To 23-6-56

സി. അപ്പു എഴുത്തച്ഛൻ (പ്രസിഡൻറ്)
പനിച്ചിക്കൽ കുഞ്ഞിമാൻ (വൈ: പ്രസി:)
ആഞ്ഞാളപിഷാരത്ത് കൃഷ്ണപിഷാരോടി
പട്ടമ്മാരുതൊടി യാഹു
കുന്നക്കാവിൽപടി രാഘവൻനായർ
മുക്കണാത്ത് അച്ചുതൻ നായർ
ആനമൂളി അബൂബക്കർ
വടക്കേടത്ത് മനക്കൽ
വാസുദേവൻ നമ്പൂതിരി
നല്ലൈടത്ത്പടി ചാത്തപ്പൻ
യം. പി. അച്ചുതൻനായർ

സി. അപ്പു എഴുത്തച്ഛന്റെ മരണാനന്തരം എ. നാരായണപിഷാരോടിയെ നോമിനേറ്റ് ചെയ്യുകയും 18-9-57ൽ പ്രസിഡൻറ് സ്ഥാനം ഏൽപ്പിക്കയും ചെയ്തു. 8-8-62ഓടുകൂടി ബോർഡിന്റെ കാലാവധി തീർന്ന പോവുകയും ചെയ്തു.

21—3—63 To 23—12—63

സ്പെഷൽ ഓഫീസറുടെ ഭരണം

23—12—63 To 28—11—67

ഇ കേശവൻനമ്പൂതിരി (പ്രസിഡൻറ്)	വി. പി കുഞ്ഞാലൻ
കെ പി. രാഘവൻ നായർ	കെ. കെ. കുഞ്ഞിമുഹമ്മദ്മൗലവി
കെ. പി. കുഞ്ഞിബാവു (വൈ പ്രസി:)	കെ. പി. കരുണാകരമേനോൻ
	പി. പി. കോരൻ

28—11—67 To 29—9—79

കെ. പി. രാഘവൻ നായർ (പ്രസി.)	വി. പി. കുഞ്ഞാലൻ
കെ. പി. കുഞ്ഞിബാവു (വൈ. പ്രസി.)	പി. പി. കോരൻ
കെ. കെ. കുഞ്ഞിമുഹമ്മദ്ഹാജി	ഇ. കേശവൻ നമ്പൂതിരി
വി. പി ലക്ഷ്മി (നോമിനേറ്റ് മെമ്പർ)	കെ. പി. കരുണാകര മേനോൻ

29—9—79 To 30—9 84

കെ. പി. രാഘവൻനായർ (പ്രസി.)	ടി.കദീജ
പി. കെ. മൂസ്സ (വൈസ് പ്രസി.)	കെ. കോരു
ടി. നാരായണൻ നായർ	എം. കൃഷ്ണൻ നായർ
പി. പി. സിറാജുദ്ദീൻ	യു. കണക്കറായി
വി. പി. കുഞ്ഞാലൻ	

30—9—84 To 6—2—88

ഈ കാലയളവിൽ സ്പെഷൽഓഫീസറുടെ ഭരണം.

6—2—88 To 30—9—95

പി. ടി. മുഹമ്മദ്കുട്ടിഹാജി (പ്രസി.)	കെ. ഗോവിന്ദരാജൻ
പി. കുഞ്ഞിമുഹമ്മദ്മൗലവി(വൈ. പ്ര)	ടി. സി. നായടി (മണി)
യു. പി. ശ്രീദേവി വാരസ്യാർ	എ. ഇന്ദിര
കെ. ടി. അബ്ദുൽ ബഷീർ	പി. ഇബ്രാഹീം ഹാജി
പി. ടി. കുഞ്ഞാലൻ എന്ന ബാവ ഹാജി	വി. ഹസ്സൈയിൻകുട്ടി മാസ്റ്റർ

30—9—95 മുതൽ നിലവിലുള്ള ഭരണസമിതി

പി. ടി. മുഹമ്മദുകുട്ടി ഹാജി (പ്രസി.)	എം. ഉണ്ണികൃഷ്ണൻ
ടി. നാരായണൻനായർ (വൈസ്. പ്ര.)	എം. ടി. ലീല
വി പി. ഉഷാദേവി ടീച്ചർ	ടി. പി. സെയ്താലികുട്ടി
മാമ്പുള്ളി തങ്കം	വി. ഹസ്സൈൻകുട്ടി മാസ്റ്റർ
കെ. ടി. എം. മാനു (കണ്ടംതൊടി)	വി. ആരിഫ
കെ. പി. എ. സമദ്	

കൃഷി, ജലസേചനം

വടക്ക് പടിഞ്ഞാറ് അതിരുകളിലൂടെ പുരാണ പ്രസിദ്ധവും തെളിനീർ വാഹിനിയുമായ ഖുതപുഴ ശാന്തമായി ഒഴുകുന്ന പ്രകൃതി മനോഹരമായ ഒരു പ്രദേശമാണ് തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്ത്. കണ്ണെത്താത്ത വയലേലകളും പച്ചപിടിച്ച കുന്നുകളും കേരവൃക്ഷ നിബിഡമായ കടിയിരുപ്പുകളും ഈ മനോഹാരിതക്ക് മാറ്റുകൂട്ടുന്നു. നദീതീരത്തുടനീളം കനകഫലമണിഞ്ഞു നിൽക്കുന്ന നിബിഡമായ കമുകിൻ തോപ്പുകളും ഗ്രാമ ഭംഗിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നു. ഈ പ്രകൃതി മനോഹാരിതയുടെ പ്രതിഫലനം ഹൃദയത്തിലേറ്റു വാങ്ങി താലോലിക്കുന്ന സഹൃദയരായ കൃഷിക്കാരും തൊഴിലാളികളും പെറുകിട കച്ചവടക്കാരുമടങ്ങുന്നതാണ് ഇവിടത്തെ ജനത.

കാർഷിക മേഖലയെ പറ്റി പരിശോധിക്കുമ്പോൾ നദീതീര പ്രദേശമായ 1, 2, 4 വാർഡുകളിലടങ്ങുന്ന നദീതീര സമതലവും 4, 5, 6, 7, 8 വാർഡുകളിലടങ്ങുന്ന കന്നിൻ പ്രദേശവും 1, 5, 7, 8, 9, 10 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന നെൽകൃഷി ചെയ്യുന്ന വിശാലമായ പാടശേഖര സമതലവും ഉൾക്കൊള്ളുന്നു. നേരിയ ശതമാനം കരിങ്കൽ ക്വാറികളോ ഫലഭൂയിഷ്ടമല്ലാത്ത തരിശുകളോ ഉണ്ട്.

പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശത്തും വെട്ടുകൽ മണ്ണാണ്. (Laterite Soil) നദീതീര പ്രദേശത്ത് മണൽ കലർന്ന പശിമരാശി മണ്ണും ആണ്. കന്നിൻ താഴ്വരകളിൽ സ്ഥിതി ചെയ്യുന്ന പള്ളിയാൽ പ്രദേശങ്ങളിൽ ചരൽ കലർന്ന പശിമരാശി മണ്ണും ആണ്. ഈ മണ്ണുകളിൽ കൃഷി വകുപ്പ് നടത്തിയ മണ്ണ പരിശോധനാ ഫലങ്ങളുടെ വിശകലന പ്രകാരം ഭൂരിഭാഗം മണ്ണും അമ്ല സ്വഭാവ മുള്ളതാണെന്ന് കണ്ടിരിക്കുന്നു. നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയുടെ ലഭ്യത ശരാശരി മദ്ധ്യമ നിലവാരത്തിലാണെന്നും ലയിച്ചു ചേർന്ന ലവണങ്ങളുടെ തോത് കുറവാണെന്നും കണ്ടിരിക്കുന്നു.

പഞ്ചായത്തിലെ കാലാവസ്ഥ ജില്ലയിലെ പൊതു കാലാവസ്ഥയോട് ഏതാണ്ട് സാമ്യമുള്ളതാണെങ്കിലും കടൽക്കരയിലേക്കുള്ള ദൂരക്കുറവും ഇരുവശങ്ങളിലൂടെയും ഒഴുകുന്ന പുഴകളുടെ സാമീപ്യവും പാലക്കാടൻ വരൾച്ചയിൽനിന്ന് ഈ പഞ്ചായത്തിനെ മാറ്റി നിർത്തുന്നു. കാലവർഷവും തുലാവർഷവും മഴകളും മറ്റ് ഋതുക്കളും വ്യത്യസ്ഥമാകുന്നില്ല.

പഞ്ചായത്തിലെ ആകെ ഭൂവിസ്തൃതി താഴെ പറയും പ്രകാരമാണ്.

ഭൂവിനിയോഗം	ഹെക്ടറിൽ
1. കൃഷിനിലം	582.448
2. പുരയിടം	1350.608
3. പുറമ്പോക്ക്	66.244
4. കൃഷിയോഗ്യമായതരിശുകൾ	23.184
5. മറ്റ്തരിശുകൾ	—
ആകെ	2022.484

മൊത്തം കൃഷിഭൂമിയിൽ 550 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും 540 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയും 100ഹെ. സ്ഥലത്ത് കവുങ്ങ് കൃഷിയും ബാക്കി കുരുമുളക്, വാഴ, ഇഞ്ചി, മഞ്ഞൾ, കപ്പമാവ്, ഫലവൃക്ഷങ്ങൾ തുടങ്ങിയ തോട്ടവിളകളുമാണ്. ഈ പ്രകൃതത്തിൽ പഞ്ചായത്തിലെ പഴയ ഭൂവുടമ വ്യവസ്ഥയിലൂടെ ഒരവലോകനം നടത്തുന്നത് നന്നായിരിക്കും

ഈ പഞ്ചായത്തിലെ ഭൂമി മുഴുവൻ ദേവസ്വം വകയോ ബ്രഹ്മസ്വം വകയോ മാത്രമായിരുന്നു. ദേവസ്വം ഭൂമികൾതന്നെ പ്രതി പുരുഷന്മാരായ നമ്പൂതിരി ജന്മിമാരുടെയും അവരുടെ ഇഷ്ട പാർശ്വവർത്തികളായ ഏതാനും സവർണ്ണ പ്രമാണിമാർ, കാണം, മേൽകാണം എന്നീ നിലയിൽ അധീനതയിൽ വെച്ച പോന്നിരുന്നവയുമായിരുന്നു. ഭൂമി മുഴുവനും തിരുവേഗപ്പുറ ദേവസ്വം സാമൂതിരി കോവിലകം, (ചേരിക്കല്ലകം) മുത്തശ്യാർ ദേവസ്വം, രായിരനെല്ലൂർ ഇട്ട്യാംപറമ്പ്, നിലയങ്ങോട്, പഴനെല്ലിപ്പുറം എന്നീ ദേവസ്വങ്ങളുടെയും, അഴകപ്പുറം, വാഴകുന്നം, പടിഞ്ഞാറെപ്പാട്ട്, വടക്കേടം, നല്ലേടം, പുത്തില്ലം, കല്ലാനിക്കാട്, മൂത്തേടം പാറമന, ചേലമണ്ണ് മന, എന്നീ ബ്രഹ്മസ്വങ്ങളുടെയും പരിപൂർണ്ണ അധീനതയിലായിരുന്നു. എന്നാൽ ഇവിടത്തെ ജന്മിമാർ കാലഘട്ടത്തിന്റെ കർശന നിയമങ്ങളും നടപ്പിലാക്കാൻ ശ്രമിച്ചതല്ലാതെ കൃഷിക്കാരോട് അതിക്രൂരത കാണിച്ചിരുന്നില്ലെന്ന് പറയപ്പെടുന്നു. പക്ഷെ, 1950 കളുടെ ആദ്യകാലഘട്ടത്തിൽ കൃഷിക്കാരും, കർഷകതൊഴിലാളികളും സംഘടിത ശക്തികളാകാൻ ശ്രമിക്കുകയും, ' കൃഷിഭൂമി കൃഷിക്കാരന് ഉള്ള ഭൂമിയിൽ ഉറച്ചുനിൽക്കുക, പ്രതിഫലം അധ്വാനിക്കുന്നവന് ' എന്നീ തത്വാധിഷ്ഠിത മുദ്രാവാക്യങ്ങളും ആവിഷ്കരിക്കുകയും അതിനു പിന്നിൽ കർഷർ അണിനിരക്കാനും ചെയ്യാനാരംഭിച്ചപ്പോഴും ജന്മിമാരുടെ സ്വഭാവവും മാറുകയുണ്ടായി. ഉള്ള കഴിവുകളും ഉപയോഗിച്ച് ഈ കാലഘട്ടത്തിൽ അവർ കർഷക മുന്നേറ്റങ്ങളെ തടയാനുള്ള നടപടികളും ആരംഭിക്കുകയുണ്ടായി.

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യതൊഴിലും ഉപജീവനമാർഗ്ഗവും കൃഷിയായിരുന്നു. മൊത്തം കൃഷിഭൂമിയിൽ 80 % നെൽകൃഷിയായിരുന്നു. പറമ്പുകളിൽ മോടൻ (കരനെല്ല്) ചാമ, രായി, മുതിര എന്നീ ധാന്യങ്ങളും, എണ്ണവിത്തായ എള്ളും കൃഷി ചെയ്തിരുന്നു. കരപ്രദേശങ്ങളിൽ വിപുലമായി മരച്ചീനി, മധുരക്കിഴങ്ങ് മുതലായവയും വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്തിരുന്നു. ഭൂവുടമ സമ്പ്രദായത്തിന്റെ പ്രത്യേകത കാരണം, തെങ്ങ് മുതലായ ദീർഘകാല വിളവുകളുടെ വ്യാപനം കുറവായിരുന്നു. കൊയ്യോഴിഞ്ഞ വയലുകളിൽ ജലസേചന സൗകര്യമുള്ളിടത്ത് പച്ചക്കറി കൃഷിയും വ്യാപകമായിരുന്നു.

നെൽകൃഷി

പാട്ടവ്യവസ്ഥയിൽ മാത്രം കൃഷി ചെയ്തിരുന്ന കാലമായിരുന്നുവെങ്കിലും കൃഷിക്കാരന് മറ്റു തൊഴിലുകളില്ലാത്തതിനാലു, കുടുംബത്തിലെ എല്ലാ അംഗങ്ങളും അധ്വാനിച്ചിരുന്നതിനാലും നെൽകൃഷിയിൽ നിന്ന് കൃഷിക്കാരന് ഓടിയൊളിക്കാൻ കഴിഞ്ഞിരുന്നില്ല. 1960 കളുടെ ആരംഭത്തോടെ ഈ വ്യവസ്ഥയിൽ സ്ഥൂലമായ മാറ്റം വരികയുണ്ടായി സാമൂഹ്യ സാമ്പത്തിക മേഖലകളിൽ പ്രകടമായ മാറ്റം സംഭവിച്ചതോടെ പാരമ്പര്യ കൃഷി സമ്പ്രദായത്തിനു മാറ്റം സംഭവിച്ചു. കാലവർഷത്തെ ആശ്രയിച്ച് ഏത്തം പൂട്ടിയും മുക്കാലി കെട്ടിയും തേവി പരമാവധി ജൈവ വളങ്ങളുപയോഗിച്ചും അന്യന്റെ ഭൂമിയിൽ കൃഷി ചെയ്തിരുന്ന അവൻ സ്വന്തം ഭൂമിയിൽ ആധുനിക സാങ്കേതിക വിജ്ഞാനങ്ങളും പരിചരണ മുറകളും ഉപയോഗിക്കാൻതുടങ്ങി. ഈ സമയത്ത് കൃഷിക്കാരന്റെ സുഹൃത്തും സഹായിയുമായിവർത്തിച്ച വികസന ബ്ലോക്കുകളിലൂടെ അവൻ പുതിയ വിത്തുകളെയും പരിചരണമുറകളെയും സ്വന്തമാക്കാൻ ശ്രമിച്ചു. ഇതോടെ അവന്റെ വിത്തുകളായ ആര്യൻ, പൊന്നാര്യൻ, തവളക്കണ്ണൻ, കുഞ്ഞിൻപുഞ്ചാല, വെള്ളരി, കുറുത്തമോടൻ, പറമ്പുവട്ടൻ, തൊണ്ണൂറാൻ, Co. 25 തുടങ്ങിയ വിത്തുകളും കൃഷിക്കാരന്റെ പത്തായത്തിൽനിന്ന് അപ്രത്യക്ഷമായി. പകരം ഐ. ആർ. എട്ട്, ജയ, ശ്രീലക്ഷ്മി, അശ്വതി, അന്നപൂർണ്ണ, ഭാരതി, ആതിര, കാഞ്ചന എന്നിവ സ്ഥാനം പിടിക്കുകയും ചെയ്തു.

കളോടെ ഭൂമി തീർത്തും സ്വന്തമാവുകയും ചെയ്തതോടെ ഭൂവിതരണ സമ്പ്രദായത്തിൽ പ്രകടമായ മാറ്റം സംഭവിച്ചു. ഗാംഫ്പണം വന്നുചേർന്നതോടെ പല പഴയ കൃഷിക്കാരും ഭൂ ഉടമകളല്ലാതാവുകയും കൃഷി രക്തത്തിലലിഞ്ഞ് ചേരാത്ത പുതിയ ഭൂഉടമകൾ ഉണ്ടാകുകയും ചെയ്തു. ഇങ്ങനെയൊക്കെയാണെങ്കിലും ഈ കാലഘട്ടം ഹരിത വിപ്ലവത്തിന്റെ തുടക്കമായിരുന്നു. നമ്മൾ അഭിമുഖീകരിച്ച ക്ഷീണ ക്ഷാമത്തെ നേരിടുന്നതിന് ആവശ്യമായ പ്രവർത്തനം കർഷകരുടെ ഭാഗത്തു നിന്നുണ്ടായി. ഇതിനെ പരമാവധി സഹായിച്ചത് അന്നത്തെ നെല്ലിന്റെ വിലയായിരുന്നു.

എന്നാൽ 80 കളോടെ നടപ്പുകാലഘട്ടത്തിൽ നെൽകൃഷിയുടെ കാര്യം പുറകോട്ടായി. ഭൂവിസ്തൃതിയുടെ ശിഥിലീകരണം, കർഷക തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലിനിരക്ക്, കുറഞ്ഞ ഉൽപന്നവില, ജൈവ വളങ്ങളുടെ ലഭ്യതകുറവ്, കീടരോഗങ്ങളുടെ വർദ്ധനവ്, രാസവളങ്ങളുടെയും കീടനാശിനികളുടെയും കുതിച്ചുയരുന്ന വില, കൃഷിക്കാരനല്ലാത്ത കൃഷിക്കാരന്റെ ആവിർഭാവം എന്നിവ ഈ പുറകോട്ടടിക്ക് കാരണമായിട്ടുണ്ട്. എന്നാൽ പ്രധാനമായും അധ്വാനശീലം മറന്നതും ആധുനിക ജീവിതം സ്വായത്തമാക്കാനുള്ള ത്വരയും ഈ പോക്കിന് സഹായകമായിട്ടുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും നെൽകൃഷി രംഗത്ത് ഒരു ഒത്തുപിടിത്തവും കൂതിച്ചുകയറ്റവും വിഭാവനം ചെയ്യാതിരുന്നാൽ ആഗോള വ്യാപകമായുണ്ടാകാൻ പോകുന്ന ക്ഷാമത്തിൽ നിന്നും ഉണ്ണുന്ന വായകളെ സൃഷ്ടിക്കുന്നതിൽ ഒട്ടും പിന്നോക്കമല്ലാത്ത കേരളീയർ രക്ഷപ്പെടാൻ പോകുന്നില്ല. കാർഷിക രംഗത്തെ ഏറ്റവും പുതിയ മുദ്രാവാക്യമായ യൂണിറോ ഏരിയ അധികോൽപാദന കർമ്മ പരിപാടിയിലേക്ക് നാം എത്തേണ്ടിയിരിക്കുന്നു.

ഇപ്പോഴത്തെ ഭൂകൈവശ സമ്പ്രദായം താഴെ പറയും പ്രകാരം ക്രോഡീകരിക്കാം.

ക്രമനമ്പർ	വാർഡ് നമ്പർ	1 ഹെക്ടറിന് താഴെ	1-2 ഹെക്ടർ	2 നു മുകളിൽ
1	I	280	50	14
2	II	240	40	4
3	III	250	40	3
4	IV	275	54	5
5	V	227	45	4
6	VI	258	35	4
7	VII	270	30	5
8	VIII	275	45	5
9	IX	214	67	6
10	X	270	53	6
11	XI	250	133	8

ഇത്തരത്തിൽ ലഭ്യമാകുന്ന മൊത്തം ഭൂമി താഴെ പറയും പ്രകാരം വിവിധ വിളകൾക്കായി ഉപയോഗപ്പെടുത്തിയിരിക്കുന്നു. *

1	നെല്ല് (ഒന്നാംവിള)	480 ഹെക്ടർ	960 ടൺ	2000 Kg.
	,, (രണ്ടാംവിള)	550 ,,	1430 ,,	2600 ,,
	,, (മൂന്നാംവിള)	18 ,,	64.8 ,,	3600 ,,
2	പയർ	20 ,,	75 ,,	3750 ,,
3	എള്ള്	40 ,,	12 ,,	300 ,,
4	പച്ചക്കറികൾ	32 ,,	400 ,,	12500 ,,
5	തെങ്ങ്	540 ,,	1225000 Nut	6125 Nut
6	വാഴ	35 ,,	437.5 ടൺ	12500 Kg
7	മരച്ചീനി	20 ,,	120 ,,	6000 ,,
8	കുരുമുളക്	65 ,,	65 ,,	1000 ,,
9	പ്ലാവ്	5 ,,	312.5 ,,	62500 ,,
10	കശുമാവ്	80 ,,	60 ,,	750 ,,
11	മാവ്	50 ,,	1562.5 ,,	31250 ,,
12	റബ്ബർ	20 ,,	Seedlings	Seedlings
13	കവുങ്ങ്	100 ,,	80 ലക്ഷം അടക്ക	80000 അടക്ക
14	ഇഞ്ചി	14 ,,	42 ടൺ	3000 Kg
15	മഞ്ഞൾ	5 ,,	15 ,,	3000 ,,

മേൽവിവരിച്ച കൃഷിയിടങ്ങളിൽ നെൽപാടങ്ങളെ താഴെപറയുന്നപാടശേഖരങ്ങളായി വിഭജിക്കുകയും കൃഷിഭവന്റെ അഭിമുഖ്യത്തിൽ പാടശേഖര സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരികയും ചെയ്യുന്നു. *

1. പൊന്ത്ര പാടശേഖരം 40 ഹെ.
2. മാഞ്ഞാമ്പ്ര 32 ഹെ.
3. നെടുങ്ങോട്ടൂർ (പടി.) 30 ഹെ.
4. നെടുങ്ങോട്ടൂർ (കിഴ) 28 ഹെ.
5. വിളഞ്ഞൂർ 55 ഹെ.
6. ചിനവതിക്കാവ് 41 ഹെ.
7. കുമ്പോട്ട്പാലം 42 ഹെ.
8. കാലടിക്കുന്ന് 65 ഹെ.
9. പഴനെല്ലിപ്പുറം 42 ഹെ.
10. തെക്കുമ്പല 44 ഹെ

* അടിസ്ഥാനം കൃഷിഭവൻ രേഖകൾ.

നടപ്പിലാക്കിയ പദ്ധതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പാടശേഖര സമിതികളിലൂടെ താഴെ പറയുന്ന പരിപാടികളും 8-ാം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു.

I. സമഗ്ര ധാന്യവിള വികസന പദ്ധതി

a. വിജ്ഞാന വ്യാപനം

ആധുനിക കാർഷിക സാങ്കേതിക വിദ്യകളെ സംബന്ധിച്ച് തിരഞ്ഞെടുത്ത 50 കർഷകർക്ക് 2 ദിവസത്തെ പരിശീലന പരിപാടികളും സംഘടിപ്പിച്ചു.

b. വാരാന്ത്യ കൃഷിയിട സന്ദർശന പരിപാടി

തിരഞ്ഞെടുക്കപ്പെട്ടപാടശേഖരങ്ങളിൽ ആഴ്ചയിലൊരിക്കൽ കൃഷിക്കാരും സാങ്കേതിക വിദഗ്ദ്ധരും ഒന്നിച്ച് സന്ദർശന പ്രായോഗിക പരിശീലന പരിപാടി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൻ കീഴിൽ ജൈവവളം കൂട്ടിയും രാസമിശ്രിത പ്രയോഗം കുറച്ചും കൃഷി ചെയ്യുന്ന പ്രദർശന തോട്ടം സംഘടിപ്പിച്ചിട്ടുണ്ട്. വേനൽപ്പൂട്ട് നടത്തുന്നതിനുള്ള പദ്ധതിയും അനുവദിക്കപ്പെട്ടിട്ടുണ്ട്.

II ഗ്രൂപ്പ് ഫാമിങ്ങ്

പഞ്ചായത്തിലെ 10 പാടശേഖരങ്ങളിലും ഗ്രൂപ്പ് ഫാമിങ്ങ് സാങ്കേതികമായി ഏർപ്പെടുത്തി.

III a ഉൽപാദന ബോണസ് വിതരണം

ഈ പരിപാടിയിൽ 95-96 വിരിപ്പ് വിളക്ക് 464 കൃഷിക്കാർക്കായി 50974 രൂപ ആപൽ സഹായധനം നൽകി. മുണ്ടകനു 669 കൃഷിക്കാർക്കായി 85000 രൂപ അനുവദിച്ചു വന്നിട്ടുണ്ട്. 96.97 ലേക്കുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

b. ഗ്രൂപ്പ് ഫാമിങ്ങ് പ്രദേശത്ത് സ്ഥായിയായ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനു 947350 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിൽ തിരുവേഗപ്പുറ ചീപ്പ് തോട് (കാലടികുന്നു പാടശേഖരം) ജലനിർഗമന പദ്ധതിക്കായി അനുവദിച്ച 756500 രൂപ സഹായധനമുൾപ്പെടുന്നു.

വൈകല്യങ്ങൾ:

ഈ പദ്ധതികളും നടപ്പാക്കിയതിൽ യഥാർത്ഥ കൃഷിക്കാരെ പല കാരണങ്ങളാൽ വിജ്ഞാന വ്യാപന ക്യാമ്പിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് പരിഹരിക്കേണ്ടതാണ് ഗ്രൂപ്പ് ഫാമിങ്ങ് പ്രദേശങ്ങളിൽ പദ്ധതി നടപ്പാക്കിയ ആദ്യ കാലഘട്ടങ്ങളിലെ ഉത്തേജനവും ഊർജ്ജ സ്വലതയും ചോർന്നു പോയിട്ടുണ്ട്.

നെൽകൃഷി രംഗത്ത് ഈ പഞ്ചായത്തിൽ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളും താഴെ ക്രോഡീകരിക്കാം.

1 പുരുങ്ങിയ ഭൂ വിസ്തൃതി

2 കാർഷികതൊഴിലാളികളുടെ കുറവ്

3 വർദ്ധിച്ച കൂലി നിരക്ക്

4 കാർഷിക ഉല്പന്നങ്ങളുടെ വിലകുറവ്

5 ജൈവ വള ലഭ്യതയുടെ കുറവ്

6 രാസവളങ്ങളുടെയും കീടനാശിനികളുടെയും വിലവർദ്ധനവ്

7 ജലസേചന ജലനിർഗമന സൗകര്യങ്ങളുടെ കുറവ്

8 കൃഷി മുഖ്യതൊഴിലാക്കിയവരുടെ കുറവ്

9 കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും ക്രമാതീതമായ വില വർദ്ധനയും വാടക വർദ്ധനയും

10 കാലാവസ്ഥയിൽ പ്രവചനാതീതമായി വരുന്ന പ്രകടമായ മാറ്റങ്ങൾ

11 കൃഷിക്കാരും കാർഷികോദ്യോഗസ്ഥന്മാരും തമ്മിലുള്ള ബന്ധക്കുറവ്

12 ഉയർന്ന പാടശേഖരങ്ങളിൽ രണ്ടാംവിള ജലദൗർലഭ്യം കൊണ്ട് ഉണങ്ങിപ്പോകുന്നു

13 ചില പാടശേഖരങ്ങളിൽ കുറെ സ്ഥലങ്ങൾ പൂഴവെള്ളം കയറി നശിക്കുകയോ അഥവാ ഒരു വിള (കരിങ്കറ) മാത്രം ചെയ്യുന്ന കൃഷിയിടങ്ങളാവുകയോ ചെയ്തിട്ടുണ്ട്.

14 മേൽപറഞ്ഞ ഘടകങ്ങളുടെ ആകെ തുകയായി കൃഷിക്കാരനു കൃഷിയോടുള്ള വിമുഖത

സാദ്ധ്യതകൾ :

I നെൽകൃഷി രംഗത്ത് ഉൽപാദനക്ഷമത പരമാവധി കൈവരിക്കുക എന്നതാണല്ലോ നമ്മുടെ ലക്ഷ്യം. കൃഷിയുടെ വ്യാപനം സാധ്യമല്ലാതിരിക്കുന്ന പരിതസ്ഥിതിയിൽ വിസ്തീർണ്ണം കുറക്കുന്ന പ്രവൃത്തികളിൽ നിന്നും കണിശമായും പിൻമാറുകയും ഒരു ഹെക്ടറിൽ ഇപ്പോഴുള്ള 2300Kg ശരാശരി ഉൽപാദനം 3000 Kg എങ്കിലുമായി വർദ്ധിപ്പിക്കുക.

2 അതാതു കാലത്തു ഏറ്റവും ഉൽപാദനക്ഷമതയുള്ള വിത്തുകളും ആവശ്യമുള്ള കൃഷിക്കാർക്കു എത്തിക്കുക

3 ജൈവ വളങ്ങളുടെ ലഭ്യതയും ഉപയോഗവും പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിപാടികളും ആവിഷ്കരിക്കുക

4 കാലാകാലങ്ങളിൽ മണ്ണു പരിശോധിക്കുന്നതിനും മണ്ണു സംരക്ഷണ വസ്തുക്കളും (Soil amelioranc) സഹായവിലക്കു ലഭിക്കുന്നതിനുമാവശ്യമായ പരിപാടികളും ആവിഷ്കരിക്കുക

5 ആവശ്യാനുസൃത സംയോജിത കീടരോഗ നിയന്ത്രണ പരിപാടികളും ആവിഷ്കരിക്കുക

6 നിലമൊരുക്കൽ മുതൽ മെതി വരെ ലഘൂകരിച്ചുവൽക്കരണത്തിനാവശ്യമായ പരിപാടികളും ആവിഷ്കരിക്കുക

7 വാർഡടിസ്ഥാനത്തിൽ സ്ഥായിയായ ജല സ്രോതസ്സുകളും കണ്ടുപിടിച്ചു് ഉടമസ്ഥർക്കു് സഹായധനം നൽകി നിലനിർത്താനാവശ്യമായ പരിപാടികളും ആവിഷ്കരിക്കുക.

8. നിലവിലുള്ള ജലസേചന പരിപാടികളും കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള നടപടികളും ആവിഷ്കരിക്കുക.

9. കുന്നിൻ പ്രദേശങ്ങളും ചരിവു പ്രദേശങ്ങളും ജലസംരക്ഷണശേഷി നിലനിർത്തി മണ്ണൊലിപ്പു് തടഞ്ഞു് വയലേലകളുടെ നാശം തടയാനാവശ്യമായ നടപടികളും സ്വീകരിക്കുക.

10. ഉല്പാദിപ്പിക്കപ്പെടുന്ന നെല്ലിനു് ന്യായമായ വില ലഭിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുക.

11. ഈ രംഗത്തു് നിലവിലുള്ളവരെ പിടിച്ചു നിർത്താനും പുതിയ തലമുറയെ ആകർഷിക്കുന്നതിനുമായി കൃഷി വകുപ്പിലെങ്കിലുമുണ്ടാകുന്ന ജോലി ഒഴിവുകളിൽ കൃഷിക്കാരുടെ മക്കൾക്കു് നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തുക.

തെങ്ങു്:

ഈ വ്യവസ്ഥയിൽ വന്ന അടിസ്ഥാനപരമായ മാറ്റംകൊണ്ടു് ഉടമസ്ഥത കൈവന്നതോടെ ഈ പഞ്ചായത്തിൽ 60 കളോടുകൂടി തെങ്ങു് കൃഷി വ്യാപിക്കുവാൻ തുടങ്ങി. ഈ മേഖലയിലുള്ള നടീൽ വസ്തുക്കൾ കൃഷിവകുപ്പു മുഖേന ലഭ്യമാവുകയും കേരംബോർഡു് മുതായ സ്ഥാപനങ്ങളുടെ സഹായധനം ലഭ്യമാവുകയും ചെയ്തതോടെ ഫുസ്കാലെ വിളവുകളുടെ സ്ഥാനം തെങ്ങിൻ തോട്ടങ്ങൾ കയ്യടക്കി.

ഇപ്പോഴും പഞ്ചായത്തിൽ മൊത്തം 15 ലക്ഷത്തോളം തേങ്ങ ഉല്പാദിപ്പിക്കുന്ന 540 ഹെ. തെങ്ങിൻതോപ്പുകളുണ്ടെന്നാണ് സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നു.

നടപ്പു പദ്ധതി അവലോകനം:

നടപ്പു പദ്ധതിയിൽകൂടി തെങ്ങ്കൃഷി വികസനത്തിന് താഴെ പറയുന്ന സഹായങ്ങൾ കൃഷിക്കാരന് ലഭിച്ചിട്ടുണ്ട്.

1. കൃഷിവകുപ്പ് മുഖേന കാലാകാലങ്ങളിൽ തെങ്ങിൻതൈ വിതരണം നടന്നിട്ടുണ്ട്.

2. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തെങ്ങിൻ തോപ്പിലെ ജലസേചനത്തിനു വേണ്ടി കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ്വെക്കുന്നതിനും കൂടി 37500 രൂപ സഹായധനം നൽകി.

3. ഗ്രൂപ്പ് ജലസേചന പരിപാടി പ്രകാരം 7 കർഷകർക്കായി 10000 രൂപ സഹായ ധനം വിതരണം ചെയ്തു.

4. ജലസേചനസൗകര്യം വർദ്ധിപ്പിക്കുവാൻ മറ്റു 4 കർഷകർക്കായി 1000 രൂപ സഹായധനം നൽകി.

5. നടപ്പുവർഷത്തിൽ ബാക്കി കാലത്തേക്ക് 10 കിണറുകൾക്ക് 25000 രൂപയും 2500 രൂപ സഹായ ധനത്തോടു കൂടി 27 പമ്പുസെറ്റു യൂണിറ്റുകളും, ഒരു ഗ്രൂപ്പ് ഇറിഗേഷൻ യൂണിറ്റ് ആരംഭിക്കുവാൻ 10000 രൂപയും കീടരോഗ സംരക്ഷണ പ്രവർത്തനങ്ങൾക്ക് 1000 രൂപ സഹായധനത്തോടെ ഒരു റോക്കർ സ്പ്രെയർ നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

6. നാളികേര കൃഷിയുടെ സാങ്കേതിക വശങ്ങളെ പറ്റി ബോധവൽക്കരിക്കുന്നതിനായി രണ്ട് പരിശീലന പരിപാടികൾനടപ്പിലാക്കി.

7. പഞ്ചായത്തിൽ ഒരു കേര വികസന സമിതി രൂപീകരിച്ച് (അഡ്ഹോക്ക്) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വൈകല്യങ്ങൾ

പദ്ധതിയുടെ കാതലായ ഉദ്ദേശ്യം നടപ്പാക്കിയപ്പോൾ ചില ന്യൂനങ്ങളിലെങ്കിലും പാളിപ്പോയിട്ടുണ്ട്. ഗ്രൂപ്പ് ഇറിഗേഷൻ പരിപാടിയുടെ നടത്തിപ്പ് കൂടുതൽ പരിശോധനാ വിധേയമാക്കേണ്ടിയിരിക്കുന്നു. കേരം ബോർഡിന്റെ സഹായം പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. പേരിന് കേര വികസന സമിതി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും മെമ്പർഷിപ്പ് പ്രവർത്തനം പൂർത്തിയാക്കി അവരിൽനിന്ന് നിയമാനുസൃത തിരഞ്ഞെടുപ്പ് നടത്തിയിട്ടില്ല. ഈ സമിതിയുടെ പേരിൽ ഇതുവരെയൊരു ആനുകൂല്യവും ലഭിച്ചിട്ടില്ല.

നിലവിലുള്ള പദ്ധതികൾ പരിശോധനാ വിധേയമാക്കി വൈകല്യങ്ങൾ തീർത്ത് തുടരേണ്ടതാണ്.

പ്രശ്നങ്ങൾ:

1. അത്യുൽപാദനശേഷിയുള്ള നല്ലയിനം തൈകൾ യഥാസമയം ലഭിക്കായ്ക.

2. മിക്ക തോട്ടങ്ങളിലേയും ജലസേചനക്കുറവ്.

3. ജൈവവളങ്ങളുടെ കുറഞ്ഞ ലഭ്യത.

4. വർദ്ധിച്ച കൂലിച്ചെലവുകൾ.

5. തൊഴിലാളികളുടെ ലഭ്യതക്കുറവ്.

6. സർവ്വോപരി കാലാകാലങ്ങളിൽ കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുവരുന്ന തെങ്ങുകൃഷിയോടുള്ള അവഗണനാനയം മൂലം സ്ഥായിയായ ഒരു വില നിലവാരം ലഭിക്കായ്ക.

സാദ്ധ്യതകൾ:

1. കൂടുതൽ സ്ഥലത്തേക്ക് തെങ്ങ്കൃഷി വ്യാപിപ്പിക്കുവാൻ ഗുണമേന്മയുള്ള തൈകൾ യഥാകാലം വിതരണം ചെയ്യാനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

2. തോട്ടങ്ങളിൽ ജൈവ വള വർദ്ധനവിനാവശ്യമായ പരിപാടികൾആവിഷ്കരിക്കുക

3 കീടരോഗബാധക്കെതിരായി സംയോജിത നിവാരണ പരിപാടികൾ ആവിഷ്കരിക്കുക

4 ഉല്പാദന വർദ്ധനവിനാവശ്യമായ ജലസേചന പരിപാടികൾ പരമാവധി ആവിഷ്കരിക്കുക

5 പഞ്ചായത്തിൽ ഒരു നാളികേര സംസ്കരണ ശാല തുടങ്ങുക

കമുകു് :

ഈ പഞ്ചായത്തിലെ 2-ാം വാർഡായ നെടുങ്ങോട്ടൂർ മുതൽ 4-ാം വാർഡിലെ ചവറയിൽ കടവു് വരെ വ്യാപിച്ചുകിടക്കുന്ന 100 ഹെക്ടറോളം കമുകിൻ തോപ്പുണ്ടു്. 80 ലക്ഷത്തോളം അടക്ക വാർഷികോൽപാദനം തരുന്ന ഈ കൃഷി പഞ്ചായത്തിലെ ഒരു വിഭാഗം കർഷകരുടെ നല്ലൊരു വരുമാന മാർഗ്ഗമാണു്. ഈ കൃഷിയെ സംബന്ധിച്ചിടത്തോളം ചെറിയ തോതിലുള്ള വ്യാപനവും വൻ തോതിലുള്ള ഉൽപാദന ക്ഷമതയും കൈവരിക്കാൻ കഴിയുന്നതാണു്. ഇപ്പോഴത്തെ സ്ഥിരമായ വില നിലവാരം നിലനിൽക്കുന്നതിനാൽ കൃഷിക്കാർ കൂടുതൽ ശ്രദ്ധാലുക്കളാകുന്നുണ്ടു്.

നടപ്പുപദ്ധതി :

നടപ്പുപദ്ധതിയിൽ മഹാളി മരുന്നിനു് 47 കർഷകർക്കു് 6000 രൂപ സഹായധനം അനുവദിച്ചു് 10 ഹെക്ടർ സ്ഥലത്തു് രോഗ പ്രതിരോധ പ്രവർത്തനം നടത്തുകയുണ്ടായി.

പോരായ്മകൾ :

100ഹെക്ടർ കമുകിൻ തോട്ടമുള്ളപ്പോഴും 15 ഹെക്ടറിനു മാത്രമെ സഹായധനമെത്തിക്കാൻ കഴിഞ്ഞുള്ളു എന്നത് പദ്ധതിയുടെ പോരായ്മയാണു്. മരുന്നിന്റെ ലഭ്യത തന്നെ പല കേന്ദ്രങ്ങളുടെയും അശ്രദ്ധ മൂലം നടക്കുന്നില്ല. പുതിയ രോഗത്തിനെ കുറിച്ചു് ഒരു പരിപാടിയും നടപ്പാക്കിയിട്ടില്ല. അത്യുൽപാദന ശേഷിയുള്ള മംഗള തുടങ്ങിയ തൈകൾ പ്രചരിപ്പിക്കുന്നതിനുള്ള ഒരു പരിപാടിയും സ്വീകരിച്ചിട്ടില്ല.

പ്രശ്നങ്ങൾ :

1 പുതിയ രോഗങ്ങളെയും നിവാരണ മാർഗ്ഗങ്ങളെയും സംബന്ധിച്ചു് വിജ്ഞാന വ്യാപനം മതിയാകുന്നില്ല.

2 വിലയും കൂലിച്ചിലവും കാരണം ജൈവ വള പ്രയോഗം സാധ്യമാകുന്നില്ല.

3 മണ്ണു് സംരക്ഷണ ഉപാധികൾ വിതരണം ചെയ്യുന്നതിനു് പരിപാടികൾ ആവിഷ്കരിച്ചിട്ടില്ല.

4 അടക്കയുടെ മഹാളി നിവാരണത്തിനാവശ്യമായ മൈൽതുത്തം മറ്റു വസ്തുക്കളും യഥാസമയം യഥേഷ്ടം കൃഷിക്കാർക്കു് ലഭിക്കുന്നില്ല.

5 ഒരേ സമയത്തു് വരുന്ന ഈ രോഗം ഒരേ സമയം തന്നെ പ്രതിരോധിക്കുന്നതിനാവശ്യമായ മരുന്നു തളി ഉപകരണം ട്രാക്ടർ വാടകക്കു് ലഭിക്കുന്നില്ല.

സാദ്ധ്യതകൾ :

1 ഈ നാണ്യ വിളയുടെ വ്യാപനം 25 ഹെക്ടറിലേക്കു് കൂടി വ്യാപിപ്പിക്കാവുന്നതാണു്.

2 പുതിയ ഇനം കവുങ്ങിൻ തൈകൾ ലഭ്യമാക്കേണ്ടതുണ്ടു്.

3 സഹകരണ ബാങ്കുകളുടെ സഹായത്തോടെ രോഗപ്രതിരോധ മരുന്നുകൾ ആവശ്യാനുസരണം യഥാകാലം സംഭരിക്കാവുന്നതാണു്.

4 ആരോ നാലോ ലിറ്റർ ട്രാക്ടറുകൾ കൂടി കൃഷിക്കാർക്കു് സൗജന്യ നിരക്കിൽ ലഭ്യമാക്കേണ്ടതാണു്.

5 വേപ്പിൻ പിണ്ണാക്ക്, കടലപിണ്ണാക്ക്, കുമ്മായം, സോളമെറേറ്റ് എന്നിവ സഹകരണ മേഖലയിലൂടെ യഥാകാലം വിതരണം ചെയ്യാവുന്നതാണ്.

6 അത്യാവശ്യമുള്ളിടങ്ങളിൽ ജലസേചന സൗകര്യം അനുവദിക്കാവുന്നതാണ്.

7 പഴക്കടക്കയും കൊട്ടടക്കയും നേരിട്ട് വിപണനം ചെയ്യുന്നതിന പകരം രണ്ടോ മൂന്നോ പഞ്ചായത്തുകളുടെ സംയുക്താഭിമുഖ്യത്തിൽ അടക്ക സംസ്കരണ കേന്ദ്രം ആരംഭിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

കുരുമുളക് :

പഞ്ചായത്തിൽ തോട്ടമടിസ്ഥാനത്തിൽ അധികം കൃഷിയില്ലെങ്കിലും പുരയിടങ്ങളിലെ മുളകു കാലുകളുടെ എണ്ണം വെച്ച് കണക്കാക്കുമ്പോൾ ഏതാണ്ട് 65 ടൺ കുരുമുളക് ഉൽപാദിപ്പിക്കുന്ന 65 ഹെക്ടർ കൃഷിയുണ്ടെന്ന് കണക്കുകൾ പറയുന്നു 10 കാലെങ്കിലും കുരുമുളക് കൃഷിയുള്ളവനു തോട്ടപണികൾക്കും, പുരകെട്ട്, വേലികെട്ട് എന്നിവക്കും ഉതകുമാറു സ്ഥിരവരുമാനം ഇതിൽ നിന്നു ലഭിക്കുന്നുണ്ട്.

നടപ്പുപദ്ധതി പ്രകാരം വേരുപിടിപ്പിച്ച മേത്തരം കുരുമുളകു വള്ളികൾ വിതരണം ചെയ്യുക മാത്രമെ നടപ്പാക്കിയിട്ടുള്ള.

വൈകല്യങ്ങൾ :

തൈകളുടെ വിതരണം പലപ്പോഴും അസമയത്താണ് നടപ്പിലാകുന്നത്. ഇത് വ്യാപനം കുറക്കുകയും കർഷകന്റെ മനോഭാവം നിരാശമാക്കുകയും ചെയ്യുന്നു. ശുദ്ധിക്കുന്ന പക്ഷം ഇടവിളയായി 50 ഹെക്ടറിൽ കൂടി കുരുമുളക് കൃഷി ചെയ്യാനുള്ള സാധ്യതയുണ്ട്.

പ്രശ്നങ്ങൾ :

1 ഗുണമേന്മയുള്ള മേത്തരം വള്ളികൾ യഥാകാലം കിട്ടുന്നില്ല.

2 കൃഷിരീതികളെയും പരിചരണ മുറകളെയും പറ്റി ശാസ്ത്രീയ വിജ്ഞാനം വ്യാപിപ്പിക്കുന്നില്ല.

3 ഉണ്ണ കാലുകളുടെ ലഭ്യതക്കുറവ്

4 ദ്രുതവാട്ടം, മന്ദവാട്ടം (Slow wilt) എന്നീ മാരകരോഗങ്ങൾക്കുള്ള രോഗകാരണങ്ങളെയോ പ്രതിരോധ രീതികളെയോ കുറിച്ച് കൃഷിക്കാരനു വിജ്ഞാനമോ സഹായമോ ലഭിക്കുന്നില്ല.

സാദ്ധ്യതകൾ :

നീർമറി പദ്ധതി പ്രവർത്തനം ആവിഷ്കരിക്കുന്നതോടെ ഈ കൃഷിയുടെ വിപുലമായ വ്യാപനത്തിനു സാദ്ധ്യതകളുണ്ട്.

സുഗന്ധ വിളകളും ഔഷധസസ്യങ്ങളും

പുരയിടത്തിലെ സമഗ്ര പരിപാടി ആവിഷ്കരിക്കുമ്പോൾ വീട്ടമ്മമാരുടെയും കുട്ടികളുടെയും അധ്വാനശേഷി ക്രിയാത്മകമായി തിരിച്ചുവിട്ടുകൊണ്ട് കുറവില്ല, ആത്തൂറിയം മുതലായ പുഷ്പകൃഷിയും അമൽപ്പൊരി, കച്ചോലം, ശതാവരി, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പു തുടങ്ങിയവയും കൃഷി ചെയ്യുന്നതിനു പ്രേരണ നൽകാം. ഇത് കുടുംബ വരുമാനത്തിലേക്ക് തനതായ സംഭാവന ചെയ്യുമെന്നതിനു പുറമെ ഭോഗഭോക്തൃകൾക്ക് ഒരു ഉപതൊഴിലും വരുമാനവും നൽകുന്നു. നമ്മുടെ പഞ്ചായത്തിൽ നേരിയ തോതിൽ 2 പേർ കുറവില്ല കൃഷി ചെയ്യുന്നുണ്ട്. ഇവർ ചെറിയ തോതിൽ വിളവെടുപ്പ് തുടങ്ങി. സാമാന്യം നല്ല വില ലഭിക്കുന്നുണ്ട്.

വാഴ :

ഒരു കാലഘട്ടത്തിൽ എല്ലാ പുരയിടങ്ങളിലും പടർവാഴ കൃഷി ചെയ്തിരുന്നു. സ്ഥിരകാല വിളകളായ മാവ്, പ്ലാവ്, തെങ്ങ് മുതലായവയുടെ വളർച്ചയും ഭൂമിയിലെ ജലസൗർലഭ്യവും ആയിരം തുമ്പ്, കൊക്കാൻ,

തുടങ്ങിയ രോഗങ്ങളുടെ വർദ്ധനയും ഈ കൃഷിയെ ശോഷിപ്പിച്ചു. കോയമ്പത്തൂർ, ഊട്ടി, സേലം തുടങ്ങിയ സ്ഥലങ്ങളിലേക്ക് ധാരാളം കായയും വാഴയും കയറ്റി അയച്ചിരുന്ന നമ്മുടെ പഴ വർഗ്ഗത്തിനും ഇലക്കും തമിഴ്നാട് ലോറിയെ കാത്തിരിക്കുകയാണ്.

ഓണനേന്ത്രന്റെ കൃഷി കാലഭേദമില്ലാതെ കുംഭവാഴ, വേനൽവാഴ, എന്നിങ്ങനെ വ്യാപിച്ചു വരുന്നുണ്ട്. ഇപ്പോഴും എന്നും അത്യാവശ്യ നേന്ത്രക്കായ കിട്ടുന്ന സ്ഥിതിസംജാതമായിട്ടുണ്ട്. എന്നിരുന്നാലും വഴിച്ചുവരുന്ന ആവശ്യത്തെ – പഴം പച്ചക്കറി, വറവുകായ മറ്റ് ബേക്കറി ഉൽപന്നങ്ങൾ – നേരിടുവാൻ ഇറക്കുമതിയെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

ഈ കൃഷിക്ക് കാലാകാലങ്ങളിൽ സഹായവും ഇൻഷുറൻസ് പരിരക്ഷയുമില്ലാതെ മുന്നോട്ടും ഈ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

പ്രശ്നങ്ങൾ :

1. പുതിയ ഇനം രോഗപ്രതിരോധ ശക്തിയുള്ള വിത്തുകളുടെ ദൗർലഭ്യം.
2. ജൈവ വളങ്ങളുടെ കുറവ്.
3. ആയിരം പ്ലാവ്, കൊക്കൻ തുടങ്ങിയ വയുടെ കടന്നാക്രമണം.
4. കൂലി, വളം, കീടനാശിനി, ഊന്നുകമ്പ് എന്നിവയുടെ വിലവർദ്ധന

സാദ്ധ്യതകൾ :

1. ചിലവിനനുസരിച്ച് വരുമാനം പ്രതീക്ഷിക്കാവുന്ന ഈ കൃഷിയുടെ വ്യാപനം ക്ഷിപ്രസാദ്ധ്യമാണ്.
2. കാർഷിക സർവ്വകലാശാല, കണ്ണാറ വാഴഗവേഷണ കേന്ദ്രം, എന്നിവിടങ്ങളിൽ ഉയരം കുറഞ്ഞ ഗ്രാണമേന്മയുള്ള ഇനം വികസിപ്പിച്ചെടുക്കുകയും അവ ഓരോ വർഷവും കൃഷിയിടത്തിന്റെ 20% സ്ഥലത്ത് പ്രചരിപ്പിക്കുകയും ചെയ്താൽ 5 വർഷം കൊണ്ട് ഈ കൃഷിയുടെ വിസ്തൃതി ഇരട്ടിപ്പിക്കാം.
3. ഉയരം കുറഞ്ഞ ഇനം വരുന്നതോടെ ഊന്നുകാലുകളുടെ ചിലവ് കൃഷിക്കാരന് കുറഞ്ഞുകിട്ടും.
4. പ്രകൃതിക്ഷോഭം മൂലം വരുന്ന നഷ്ടങ്ങൾക്ക് ഇൻഷുറൻസ് പദ്ധതികളിൽ പ്രായോഗികമായ മാറ്റം വരുത്തി നഷ്ട പരിഹാരം നൽകുന്നത് കൃഷിക്കാരന്റെ മനോബലം വർദ്ധിപ്പിക്കും.
5. ശാസ്ത്രീയ വള, കീട രോഗ നിവാരണ പദ്ധതികൾക്ക് സഹായധനം അനുവദിക്കുന്നത് ഈ രംഗത്തേക്ക് കൂടുതൽ പേരെ ആകർഷിക്കും.
6. വാഴ, പച്ചക്കറി കൃഷിക്കാരനാണെങ്കിലും സ്ഥല ഉടമകളുടെ സമ്മതപത്രത്തോടെ വാഴ ഒന്നിന് 30 രൂപയെങ്കിലും സഹകരണ ബാങ്കിലൂടെ വായ്പ അനുവദിക്കുന്നത് ഈ കൃഷി പരിപോഷിപ്പിക്കുവാൻ സഹായകമാകും.
7. ഓണച്ചന്തകളും, പൊതുവിതരണം മുതലായ ആവശ്യങ്ങൾക്ക് ബാങ്കിന് ഉല്പന്നമായിതന്നെ തിരിച്ചുവാങ്ങാം.
8. വർഷംവർഷം പഞ്ചായത്തടിസ്ഥാനത്തിൽ ''കായ്ക്കുല'' കളുടെ പ്രദർശനം സംഘടിപ്പിച്ച് സമ്മാനങ്ങളും നൽകുന്നത് ഈ രംഗത്ത് കൃഷിക്കാർക്ക് പ്രോത്സാഹനമാകും.
9. ഇത്തരം വിവിധ പരിപാടികളിലൂടെ നിലവിലുള്ള വാഴകൃഷി 35 ഹെക്ടറിൽ നിന്ന് 100 ഹെക്ടറെങ്കിലും ആക്കുവാനും വീട്ടുപറമ്പിലെ കൃഷി തിരിച്ചു കൊണ്ടുവരാനും അങ്ങനെ വാഴക്കപ്പൊടി കേരള സംസ്കാരമനസരിച്ച് ഉണ്ണികൾക്ക് കലർപ്പില്ലാത്ത സമീകൃതാഹാരമാക്കി മാറ്റാനും സാധിക്കും.

നിർദ്ദേശങ്ങൾ :

നമ്മുടെ പരമ്പരാ കൃഷിയിനം [illegible]

സ്ഥാനം വഹിച്ചിരുന്ന കപ്പ, മധുരകിഴങ്ങ് തുടങ്ങിയവയുടെ വ്യാപനം മാറ്റ് കൃഷിക്കളുടെ പ്രചാരണത്തോടെ കുറഞ്ഞിട്ടുണ്ട്. ആപൽഘട്ടങ്ങളിൽ നമ്മുടെ ക്ഷേമോത്സവായി മാറിയ ഇവയെ പാടെ ഉപേക്ഷിക്കാൻ നിവ്വാഹമില്ല. ഡെക്കാൻ പ്രദേശങ്ങളിൽ കാണുന്ന പോലെ 25 മുതൽ കപ്പയും 3, 4 ഏക്കറിൽ മധുരകിഴങ്ങും കൃഷി ചെയ്യുന്നത് വലിയ ബുദ്ധിമുട്ടുള്ള കാര്യമല്ല.

എല്ലാ പുരയിടങ്ങളിലും പത്തോ ഇരുപതോ കുഴിച്ചേനയും, ചേമ്പും ഒന്നോ രണ്ടോ ഏക്കറിൽ നനകിഴങ്ങും നാലോ അഞ്ചോ മുതൽ കാവിൽത്തും (കായ്യിൽ) കൃഷി ചെയ്യുന്നതിലൂടെ നാം സ്വന്തം നിലക്ഷ്യം ദേശീയ സമ്പത്തിലേക്കും നൽകുന്ന വിഹിതം കനപ്പെട്ടതായിരിക്കും.

പ്രശ്നങ്ങൾ :

1 നല്ലയിനം വിത്തുകളുടെ കുറവ്.

2 തുരപ്പൻ, എലി മുതലായവയുടെ വർദ്ധിച്ചു വരുന്ന ഉപദ്രവം.

3 കൃഷിക്കാരന്റെ താൽപര്യക്കുറവ്.

സാദ്ധ്യതകൾ :

1. ഈ രംഗത്ത് പാരമ്പര്യ കൃഷിക്കാരെ കണ്ടുപിടിച്ച് വിത്തുൽപാദകരായി മാറ്റുന്നത് വിത്തിന്റെ ലഭ്യത ഉറപ്പ് വരുത്തും.

2. വർഷാവർഷം സമഗ്ര എലി-കീട നിർമ്മാർജ്ജന പരിപാടി സംഘടിപ്പിക്കുന്നത് അവ മൂലമുണ്ടാകുന്ന നാശം ഇല്ലാതാക്കും.

3. കുടുംബാന്തരീക്ഷത്തിൽ ഇവയുടെ ലഭ്യത കുടുംബ ബജറ്റിന്റെ ഘനം കുറക്കുന്നതിൽ കാര്യമായി സഹായിക്കും.

4. സന്നദ്ധ സംഘടനകളും ഈ കൃഷിയുടെ പ്രചരണ വ്യാപനത്തിനു ആവശ്യമായ ഗൃഹ സന്ദർശന പരിപാടി ആവിഷ്കരിക്കുന്നത് കൂടുതൽ കൃഷിക്കാരെ ഈ രംഗത്തേക്ക് ആകർഷിക്കും

കുറുമാവ് :

ഈ പഞ്ചായത്തിൽ ഉദ്ദേശം 60 ടൺ കുരുവണ്ടി ഉല്പാദിപ്പിക്കുന്ന 80 ഹെക്ടർ തോട്ടമുണ്ടെന്നാണ് സ്ഥിതി വിവര കണക്കുകളുടെ സൂചന. പരിചരണമുറകളോ അതീവ ശ്രദ്ധയോ കൂടാതെ കൃഷിക്കാരനു നല്ലൊരു വരുമാന മാർഗ്ഗം തരുന്ന ഈ കൃഷി വിപുലമായി അല്ലെങ്കിലും ചെറിയ തോതിൽ വ്യാപിപ്പിക്കുവാൻ സാദ്ധ്യതയുണ്ട്.

പ്രശ്നങ്ങൾ :

1. പുതിയ തൈകളും ഉപായോഗിച്ചുണ്ടാക്കിയ തോട്ടങ്ങളിൽ 5-6 വർഷത്തിനു ശേഷമുണ്ടാകുന്ന ഉണങ്ങിപ്പോക്ക്.

2. കാല വ്യത്യാസമില്ലാതെ പടർന്നു പിടിക്കുന്ന തടി തുരപ്പൻ പുഴുക്കളുടെ ഉപദ്രവം

3. പൂക്കാലത്ത് പൂ തിന്നു കരിച്ചുകളയുന്ന തേയില കൊതുകുകളുടെ ഉപദ്രവം.

4. സ്ഥായിയല്ലാത്ത വിപണന നയം.

നടപ്പു പദ്ധതികൾ :

1. 10 ഹെക്ടർ കൃഷി വ്യാപനത്തിനു 1600 തൈകളും വിതരണം ചെയ്തു.

2. മറ്റൊരു 4 ഹെക്ടറിനു 640 തൈകളും വിതരണം ചെയ്തിട്ടുണ്ട്

3. തേയിലക്കൊതുകിനെതിരെ മരുന്നു തളിക്കുന്നതിനു 3000 രൂപയുടെ മരുന്നു അനുവദിച്ചു.

വൈകല്യങ്ങൾ :

1. തൈ വിതരണത്തിന്റെ കാലം പല

പ്പോഴും ശരിയാകുന്നില്ല. കീടനാശിനി കളുടെ വിവരം എല്ലാ വർഷവും ചില സ്ഥിരം കൃഷിക്കാർ അറിയുകയും മറ്റുള്ളവർ അറിയാതിരിക്കുകയും ചെയ്യുന്നു.

സാദ്ധ്യതകൾ :

1. കുന്നിൻ പ്രദേശങ്ങളിലും വെട്ടുകൽ പ്രദേശങ്ങളിലും ഒക്കെയായി 20 ഹെക്ടറിലേക്കുകൂടി ഈ കൃഷിവ്യാപിക്കാവുന്നതാണ്.

2. യഥാസമയത്ത് ഗുണമേന്മയുള്ള തൈ ലഭ്യമാക്കുന്നത് കൃഷിക്കാരെ ഈ പരിപാടിയിലേക്ക് ആകർഷിക്കും

3. ഉൽപാദനക്ഷമത കാര്യമായി കുറക്കുന്ന തെയിലക്കൊതുവിനെതിരെയുള്ള കീടനാശിനി പ്രയോഗം സംയോജിതമാക്കുന്നത് ഉൽപാദനവർദ്ധനവിന് സഹായകമാകും.

4. കാർഷിക വിദഗ്ധരുടെ തോട്ട സന്ദർശനവും ഉപദേശങ്ങളും കൃഷിക്കാരനെ കൂടുതൽ ഉത്തേജിതനാക്കും.

5. ഗവണ്മെന്റിൽ നിന്നും സ്ഥായിയായ വിപണന നയം അംഗീകരിച്ചു നടപ്പാക്കുന്നത് കൃഷിക്കാരനെ കൂടുതൽ ശ്രദ്ധാലുവാക്കും.

പച്ചക്കറി:

പഞ്ചായത്തിലെ കൃഷിക്കാരുടെ രക്തത്തിലലിഞ്ഞു ചേർന്ന ഒരു വികാരമായിരുന്നു പച്ചക്കറി കൃഷി. വേനൽ പച്ചയും പുഴ പുറമ്പോക്ക് കൃഷിയും സാമാന്യം വിപുലമായിരുന്നു. തിരുവേഗപ്പുറ കായൽ പാടശേഖരത്തിലെ മത്തങ്ങ കൃഷി പ്രസിദ്ധമായിരുന്നു. ഗണ്യമായ തോതിൽ ഇവ പുറത്തേക്കയച്ചിരുന്നു. മത്തൻ, വെള്ളരി, കുമ്പളം, പടവലം, കുമ്പ, പയർ, വേനൽ ചേമ്പ് മുതലായവ നിറഞ്ഞു നിന്നിരുന്ന കൊച്ചു കൃഷിയിടങ്ങളും മുണ്ടകൻ കൊയ്ത്തിനു ശേഷം ജല ലഭ്യതയുള്ള പള്ളിനിലങ്ങളിൽ ധാരാളം കണ്ടിരുന്നു. എന്നാൽ സാമ്പത്തിക രംഗം മെച്ചപ്പെടുകയും അദ്ധ്വാന ശീലം കുറഞ്ഞുപോവുകയും ചെയ്തോടെ നാം അത്യദ്ധ്വാനിയായ തമിഴന്റെ പച്ചക്കറി കാത്തിരുന്നു തുടങ്ങി. തദ്ദേശ നമ്മുടെ ശ്രേലക്ഷ്കണക്കിനുള്ള പണം തമിഴ് നാട്ടിലേക്കും ആന്ധ്രയിലേക്കും കർണ്ണാടകയിലേക്കും ഒഴുകി പോകുന്നു.

നടപ്പു പദ്ധതി :

പച്ചക്കറികൃഷി മനോഹരവും നിലനിർത്തുന്നതിനും കൃഷി വകുപ്പ് മുഖേന വിദ്യാർത്ഥികൾക്കുമഹിളാ സമാജങ്ങൾക്കും വിത്തു വിതരണം നടത്തിയിട്ടുണ്ട്. 95-96 ൽ 750 പാക്കറ്റ് പച്ചക്കറി വിത്ത് തിരുവേഗപ്പുറ കൃഷിഭവൻ വിതരണം ചെയ്തു. വിദ്യാർത്ഥികൾക്കിടയിൽ നടത്തിയ പച്ചക്കറികൃഷി മത്സര വിജയികൾക്ക് 450 രൂപയുടെ സമ്മാനങ്ങൾ വിതരണം ചെയ്തു. വിദ്യാർത്ഥികൾക്കുതന്നെ വിതരണം ചെയ്യുന്നതിന് 500 പാക്കറ്റ് വിത്ത് ലഭ്യമായിട്ടുണ്ട്. 96-97 ലേക്ക് 500 പാക്കറ്റ് വിതരണം ചെയ്യാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

വൈകല്യങ്ങൾ:

1. ഗുണമേന്മ ഉറപ്പാകാത്ത വിത്തുകളുടെ വിതരണം.

2. കാലം തെറ്റിയ വിതരണം

3. മേൽനോട്ടത്തിന്റെയും പരിശോധനയുടെയും കുറവ്.

4. ഈ കൃഷി വ്യാപന പരിപാടി തൽപ്പരരായ എല്ലാ കൃഷിക്കാരിലും എത്തിക്കാതെ വിദ്യാർത്ഥികളിൽ മാത്രം ഒതുക്കിനിർത്തിയിരിക്കുകയാണ്.

സാദ്ധ്യതകൾ :

1. കൂട്ടായി ജനകീയടിസ്ഥാനത്തിൽ ഒരു വിജ്ഞാന വ്യാപന പരിപാടി ആവിഷ്കരിക്കുക

2. യഥാകാലം ഉല്പാദനക്ഷമമായ വിത്തുകൾ ലഭ്യമാക്കുന്നതിനുവേണ്ടപടി സ്വീകരിക്കുക.

3. ഓരോ വാർഡിലും ഗാല്പര്യവും സ്ഥല വുമുള്ള കൃഷിക്കാരുടെ ക്ലസ്റ്റർമയുണ്ടാക്കി കൃഷി ആരംഭിക്കുക

4. ഇവക്ക് ജലസേചനം ഉറപ്പു വരുത്താനുള്ള കിണറോ കുളമോ നന്നാക്കാനുള്ള വ്യക്തിപരമായ സഹായം അനുവദിക്കുക

5. വിഷുപ്പക്ഷിക്കൊപ്പം ആരംഭിക്കേണ്ട വീട്ടുവളപ്പിലെ പച്ചക്കറികൃഷിക്ക് ജന പങ്കാളിത്തത്തോടെ സമഗ്രപരിപാടി ആവിഷ്കരിക്കുക.

6. ഒരു പുരയിടത്തിൽ ഒരു മുരിങ്ങ, ഒരു ഓമ, 10 മൂടു ചേന, 10 മൂടു ചേമ്പ് 25 മൂടു കപ്പ, കറിവേപ്പില എന്നിവയും കാലവർഷ പച്ചക്കറികളായ മത്തൻ കുമ്പളം, വെണ്ട, വഴുതിന, ചീര എന്നിവയുടെ പ്രചരണത്തിനു ഒരു ഗൃഹ സന്ദർശന പ്രചരണ പരിപാടി ആവിഷ്കരിക്കുക.

7. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി പയറുവർഗ്ഗങ്ങളും കൃഷി ചെയ്യുന്ന സമ്പ്രദായം ആവിഷ്കരിക്കുക.

8. കീടനാശിനികളുടെ വർദ്ധമാനമായ ഉപയോഗം കുറച്ച് ജൈവകീട നിയന്ത്രണ സമ്പ്രദായം നടപ്പിലാക്കുക.

9 ലഘൂകരിക്കുന്ന താളിയന്ത്രങ്ങളും കുറഞ്ഞ വിലക്ക് യഥാർത്ഥ കൃഷിക്കാർക്ക് ലഭ്യമാക്കുക.

10. സർക്കാർ പൊതുപരീക്ഷകളിൽ അനുവദിക്കാറുള്ള സൗജന്യമാർക്ക് സമ്പ്രദായം കായിക കലാ പ്രതിഭകൾക്കനുവദിക്കുന്ന പോലെ പച്ചക്കറി കൃഷി രംഗത്ത് വിദ്യാലയത്തിലോ വീട്ടിലോ തനതായ വ്യക്തിത്വം തെളിയിച്ച വിദ്യാർത്ഥികൾക്ക് കൂടി ലഭ്യമാക്കുക.

ഈ സാദ്ധ്യതകളും അവലോകനം ചെയ്ത് വസ്തുനിഷ്ഠമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതോടെ നിലവിലുള്ള 35 ഹെ. പച്ചക്കറി കൃഷി 60 ഹെ. എങ്കിലുമാക്കി വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കും.

ജലസേചനം

ജലം ജീവന്റെ ഉറവിടമാണ്, കൃഷിയുടെ നിലനിൽപാണ്, കൃഷിയുടെ അടിസ്ഥാന ഘടകമാണ്. നമ്മുടെ പഞ്ചായത്ത് ജലസമ്പത്തിന്റെ കാര്യത്തിൽ സാഹിത്യഭാഷയിൽ അനുഗ്രഹീതമാണ് സുമാർ 7 കി. മീ. നീളത്തിൽ ജലസമൃദ്ധമായ ഇരുപുഴ ഈ പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്നു. കാരണവന്മാർ ആസൂത്രണം ചെയ്ത ചില വലിയ കുളങ്ങളും അനേകം ചെറിയ കുളങ്ങളും ഒട്ടനവധി റോക്ക് കിണറുകളുംഉണ്ട്. പുറമെ പാടശേഖരങ്ങളെ യോജിപ്പിച്ചുകൊണ്ട് പഞ്ചായത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റം വരെ ഒഴുകുന്ന ചെമ്പ്ര തോട്ടും 2-ാം വാർഡിലെ കാളഞ്ചിറ തോട്ടും മറ്റനേകം ചെറുതോടുകളും ഈ പഞ്ചായത്തിലുണ്ട്.

എന്നാൽ പ്രകടമായ പ്രകൃതി വിരോധ പ്രവർത്തനങ്ങളുടെ പ്രതിഫലനമായി ഇവയൊന്നും പഴയ ഗുണമേന്മ പുലർത്തുന്നില്ല. തെക്കെ പുഴയും വടക്കെ പുഴയും നിറയുമ്പോഴും നിറഞ്ഞു ഒഴുകിയിരുന്ന വീട്ടുകിണറുകളും ഇന്ന് ആ മധുരാനുഭൂതിക്ക് വേണ്ടി നമ്മയുകയാണ്. ഈ മാറ്റം പലതരത്തിലും കൃഷിരീതികളെയും സ്വാധീനിക്കുകയോ മാറ്റിമറിക്കുകയോ ചെയ്തിട്ടുണ്ട്. അടിമണ്ണിലെ ഈർപ്പം കുറയുന്നു എന്ന് അനുഭവസ്ഥർ പറയുന്നു. 192 കുഴൽകിണറുകളും നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്.

പ്രശ്നങ്ങൾ :

പഞ്ചായത്തിലെ ഒരു ഭാഗം വെള്ളക്കെട്ടുമൂലവും മറ്റൊരു ഭാഗം വെള്ളക്കുറവുമൂലവും കൃഷി നശിച്ചു പോകുന്നു. ഈ പുഴയിലെ ജലസമൃദ്ധി കാർഷികാവശ്യത്തിനു വേണ്ടി കുറഞ്ഞ തോതിലേ ഉപയോഗപ്പെടുത്തിയിട്ടുള്ളു. കാര്യമായി ചൂഷണം ചെയ്യപ്പെട്ടിട്ടില്ല ജല ലഭ്യതയുള്ള കുളങ്ങളും പലതും ഉണ്ടെങ്കിലും കിടക്കുന്നു. ജലസേചന കിണറുകളും ഭൂരിഭാഗവും ജലരഹിതമാവുകയോ ഉപയോഗിക്കാതിരിക്കുകയോ ചെയ്യുന്നു. മേല്പറഞ്ഞ പരിതസ്ഥിതികളും വിവിധ കൃഷികളെയും പ്രതികൂലമായി ബാധിക്കുന്നു.

നിലവിലുള്ള പദ്ധതികൾ :

1 കാരടിക്കുത്ത് ലിഫ്ട് ഇറിഗേഷൻ സ്കീം.

2 കരുളിച്ചിറ.

3 തള്ളച്ചിറ.

4 പെരുപാലംചിറ.

5 ചീക്കുളം ചിറ.

6 നക്കംകുളം.

7 കൊടക്കാട്ട്കുളം.

8 മണ്ണിച്ചിറകുളം.

9 ചോലക്കാവ് താഴത്തെകുളം.

10 പൂഴിതച്ചരുകുളം.

11 അയ്യച്ചൻകുളം.

12 കീഴ്മാട്കുളം.

13 കോണിശ്ശേരികുളം.

വൈകല്യങ്ങൾ :

ലിഫ്ട് ഇറിഗേഷൻ പരിപാടി വിഭാവനം ചെയ്യുന്നതു തന്നെ നീർക്കെട്ടുള്ള തിരുവേഗപ്പറ പാടത്തേക്കാണ്. എന്നാലും രണ്ടാം വിളക്ക് സംരക്ഷണം നൽകാനും 3-ാം വിളയുടെങ്കാനും സഹായകമായ ഈ പദ്ധതിയുടെ പരിരക്ഷയും പ്രവർത്തനവും നിരാശാജനകമാണ്. സുസജ്ജമായ മോട്ടോറുകളോ സ്ഥിരമായ പ്രവർത്തന ഏജൻസിയോ സജീവമായ കർഷക ഉപദേശക സമിതിയോ ഇല്ല.

2. നിലവിലുള്ള ചിറകളും ശരിയാംവണ്ണം സംരക്ഷിക്കപ്പെടുന്നില്ല.

3. പുനരുദ്ധരിച്ച കുളങ്ങളും സാങ്കേതിക മേഖ നിർമ്മാണപരമോ ആയ കാര്യങ്ങളാൽ ഇടിഞ്ഞു വീണ് കിടക്കുകയാണ്.

4. സ്വന്തം കൃഷി ഭൂമിക്കുവേണ്ടി ചെയ്യുന്ന പ്രവർത്തികളിൽ കർഷകന് താൽപര്യമില്ല.

സാദ്ധ്യതകൾ :

1. ഈ പഞ്ചായത്തിലെ 70% കൃഷിയിടങ്ങളിലേക്കും 200ലധികം ഹെക്ടർ പറമ്പുകളിലേക്കും അയൽപഞ്ചായത്തുകളായ കൊപ്പം, വിളയൂർ എന്നിവിടങ്ങളിലെ ഏതാനും പ്രദേശത്തേക്കും വെള്ളമെത്തിക്കാൻ കഴിയുന്ന ആഴകുപ്പറ ലിഫ്ട് ഇറിഗേഷൻ പദ്ധതി നടപ്പാക്കാവുന്നതാണ്.

2. ഈ പഞ്ചായത്തിലെ 4, 5 വാർഡുകളിലെ ഉയർന്ന പ്രദേശങ്ങളിലേക്കും തൊട്ടടുത്ത പരുത്തൂർ പഞ്ചായത്തിലെ 1, 2 വാർഡുകളിലെ കൃഷി നിലങ്ങൾക്കും ഉപകാര പ്രദമായി 4-ാം വാർഡിൽ ചവറയിൽ കടവ് ലിഫ്ട് ഇറിഗേഷൻ പദ്ധതി നടപ്പാക്കാവുന്നതാണ്.

3. പാടശേഖര മദ്ധ്യത്തിൽ കൂടി ഒഴുകുന്ന ചെമ്പ്രതോട് വേണ്ടവിധം പരിരക്ഷിച്ച് ആവശ്യമുള്ള സ്ഥലത്ത് ചീർപ്പുകൾ നിർമ്മിച്ചാൽ രണ്ടാം വിളക്ക് ജലസേചനം ഉറപ്പ് വരുത്താം. ഈ പ്രവർത്തി കൊണ്ടുതന്നെ പാടശേഖരങ്ങളിലെ അധിക ജലത്തെ മുതപുഴയിലെത്തിക്കുന്നതും സാധ്യമാകും.

4. രണ്ടാം വാർഡിലെ കാളഞ്ചിറ തോട് പരിരക്ഷയും ക്രോസ് ബാർ നിർമ്മാണവും, നെടുങ്ങോട്ടൂർ പാടശേഖരങ്ങളിലെ ജലസേചനവും ജല നിർഗമനവും സാധ്യമാക്കും.

5. നിലവിലുള്ള കാരടിക്കുത്ത് L I സ്കീം വിപുലീകരിച്ചാൽ കൂടുതൽ സ്ഥലം ജലസേചന ക്ഷമമാക്കാം.

6. ഒന്നാം വാർഡിലെ ചീർപ്പ് തോട് പൂർത്തിയായാൽ കായൽ പാടം ഒരു വിള കൂടി കൃഷി ചെയ്യുന്നതിന് ഉപയുക്തമാക്കാം.

7. ഓരോ വാർഡിലെയും ജല സാദ്ധ്യത ഏറ്റവും കൂടുതലുള്ള കുളങ്ങളും തിരഞ്ഞെടുത്ത് പുനരുദ്ധരിക്കുന്നത് ഒന്നാം വിള കാലേക്കൂട്ടി തുടങ്ങുന്നതിനും രണ്ടാം വിള പരിരക്ഷിക്കുന്നതിനും മറ്റു കൃഷി കർമ്മങ്ങൾ സാധ്യമാക്കും.

8. പുതുപുഴയിലെ വിവിധ ഭാഗങ്ങളിലെ ശാസ്ത്രീയമായ മണൽ കോരൽ ജല സമ്പത്തിന്റെ നിലനിൽപിന് ഭീഷണി ഉയർത്തുന്നു. ഇത് കർശന നിയന്ത്രണ വിധേയമാക്കേണ്ടതാണ്.

9. പുതുപുഴയിൽ സാങ്കേതിക പരിശോധന ക്ക് വിധേയമായി തടയിണകൾ നിർമ്മിച്ച് പുഴയിലെ ജലം നിലനിർത്തി കിണറുകളിലെയും കുളങ്ങളിലെയും ജല നിരപ്പ് ഉയർത്തൽ സാധ്യമാക്കാം.

കാർഷിക രംഗത്തെ പരിപാടികളും വൈകല്യങ്ങളും ചർച്ച ചെയ്തു കൊണ്ടിരുന്നപ്പോഴും ഒരുത്തിരിഞ്ഞ അനിഷേധ്യമായ നിഗമനം കൃഷിക്കാരൻ പഴയ അദ്ധ്വാനശീലവും അപ്പണബോധവും തിരിച്ചെടുത്ത് ഈ രംഗത്തേക്ക് തിരിച്ചുവരേണ്ടതുണ്ടെന്നും, ഇനി അങ്ങോട്ട് അവരുടെ ശ്രമം ഓരോ ഇഞ്ചിൽനിന്നും പരമാവധി ഉല്പാദനം വർദ്ധിപ്പിക്കലാണെന്നും വിവിധ കാർഷികോൽപന്നങ്ങളുടെ വ്യാപനവും സർക്കാർ ഏജൻസികൾക്കു പുറമെ കൃഷിക്കാരും സന്നദ്ധ സംഘടനകളും ചെറുപ്പക്കാരുടങ്ങുന്ന സ്ഥായിയായ ഒരു പ്രചരണ പ്രവർത്തന സംഘത്തിൽ നിക്ഷിപ്തമാണെന്നുമുള്ള യാഥാർത്ഥ്യംബോദ്ധ്യപ്പെട്ടു. ഈ പ്രവർത്തനങ്ങൾ സമഗ്രമായി നടപ്പിലാക്കുന്നതിന് ആത്മാർത്ഥമായ ശ്രമം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്നും വ്യക്തമാക്കട്ടെ.

മൃഗസംരക്ഷണം

ആമുഖം

നമ്മുടെ സമ്പദ്ഘടനയുടെ വളച്ചയിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് മൃഗസംരക്ഷണ മേഖലക്കുള്ളത്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം, ഇവയുടെ സംസ്കരണവും മറ്റ് ഉൽപന്നങ്ങളും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസായം, വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാറ്റിൻ, കൊഴുപ്പ് തുടങ്ങിയവ ലഭ്യമാക്കൽ, ഔഷധ നിർമ്മാണ വ്യവസായത്തിൽ ഹോർമോൺ, വാക്സിൻ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ മൃഗങ്ങളെ ലഭ്യമാക്കൽ തുടങ്ങിയ ഒട്ടനവധി ഉൽപാദന വർദ്ധനവിനും വ്യവസായ വികസനത്തിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുമുള്ള സാദ്ധ്യതകളും മൃഗസംരക്ഷണ മേഖലയിലുണ്ട്. പൊതുജനാരോഗ്യ രംഗത്ത് പോഷക നിയന്ത്രണം, ശുദ്ധമായ മാംസ വിതരണം എന്നിവയും ഈ മേഖലയിലെ പ്രവർത്തനങ്ങളാണ്. കൂടാതെ കാർഷിക മേഖലക്കാവശ്യമായ ജൈവ വളം, നിലം ഒരുക്കുന്നതിനും വലിക്കുന്നതിനുമുള്ള മൃഗ ശക്തി, പാചകാവശ്യത്തിനുള്ള ബയോഗ്യാസ് എന്നിവയും ഉൽപാദന വർദ്ധനവിനു ഈ രംഗത്തുള്ള സാദ്ധ്യതകളാണ്. നമ്മുടെ നാട്ടിലെ കന്നുകാലി സമ്പത്തിന്റെ 9 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ്. അതിൽ ഭൂരിഭാഗവും ചെറുകിട നാമമാത്ര കർഷകരുടെ കയ്യിലായതുകൊണ്ട് ഗ്രാമീണ സമ്പദ് വ്യവസ്ഥ ശക്തമാക്കുന്നതിൽ ഈ മേഖലക്ക് ഗണ്യമായ പങ്കുണ്ട്. ഈമേഖലയിൽ വേണ്ടത്ര അദ്ധ്വാനത്തിന്റെ ഭൂരിഭാഗവും സ്ത്രീകളാണ് നിർവഹിക്കുന്നതുകൊണ്ട് വനിതാ രംഗത്തെ വികസനത്തിനും സാദ്ധ്യതകളേറെയുണ്ട്. പാലുൽപാദനമാത്രമാണ് മൃഗസംരക്ഷണമേഖലയിലെ പ്രധാന സാദ്ധ്യത എന്ന ധാരണയിൽ സർക്കാർ തലം തൊട്ട് താഴെത്തട്ടുവരെ ശ്രദ്ധ മുഴുവൻ അതിൽ കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥിതിയിൽ മാറ്റം വരുത്തി സമഗ്രമായ ഒരു മൃഗസംരക്ഷണപദ്ധതി ആസൂത്രണം ചെയ്താൽ ഈ മേഖലക്ക് നമ്മുടെ സമ്പദ് ഘടനയിൽ വിപ്ലവകരമായ മാറ്റങ്ങളും ഉണ്ടാക്കാൻ സാധിക്കും.

പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

ഒരു കാർഷിക ഗ്രാമമായ തിരുവേഗപ്പുറ പഞ്ചായത്തിലെ ഭൂരിപക്ഷം കർഷകരും കന്നുകാലി വളർത്തൽ ഒരു മുഖ്യ തൊഴിലായോ ഉപതൊഴിലായോ സ്വീകരിച്ചിരുന്നു. കൃഷിയുമായി ബന്ധപ്പെട്ട ഉഴവു ജോലികൾക്കും ജലസേചനത്തിനും വണ്ടി വലിക്കുന്നതിനും പോത്തുകളും, കാളകളും എന്നിവയെ ധാരാളം ഉപയോഗിച്ചിരുന്നു. പാലുല്പാദനത്തിന് ഇടത്തരം കുടുംബങ്ങളിൽ പശുക്കളെ വളർത്തിയിരുന്നെങ്കിലും ഉഴവു മാടുകളെ വളർത്തുന്നതിലാണ് കൂടുതൽ ആളുകളും ശ്രദ്ധ ചെലുത്തിയിരുന്നത്. കന്നുകാലികളും മുഴുവനും നാടൻ ജനുസ്സായിരുന്നു. കാർഷികാവശ്യത്തിനുള്ള ജൈവ വളങ്ങളുടെ മുഖ്യ സ്രോതസ്സ് കന്നുകാലികളായിരുന്നു. പാൽ ഉൽപ്പാദനം ശരാശരി ഒന്നര ലിറ്ററായിരുന്നു.

പാവപ്പെട്ടവരുടെ മിക്ക വീടുകളിലും ആടുകളേയും, കോഴികളേയും വളർത്തിയിരുന്നു. ആടുകളും "മലബാറി" ഇനത്തിൽ പെട്ടതും കോഴികളും നാടൻ ജനുസ്സും ആയിരുന്നു. ഈ പഞ്ചായത്തിൽ നല്ല നിലയിൽ നടന്നു വന്നിരുന്ന കൈപുറം ആഴ്ച ചന്ത ആടുകളും, കോഴികളും, കാർഷികോൽപ്പന്നങ്ങളും എന്നിവയുടെ വിപണനത്തിനുള്ള മുഖ്യ കേന്ദ്രമായിരുന്നു. പ്രസ്തുത ചന്ത കുറേകാലമായി നാമാവശേഷമായിട്ടുണ്ട്. കാലികളുടെയും മറ്റും പ്രധാന ചന്തകളായ വാണിയംകുളം, പെരുമ്പിലാവ് എന്നിവിടങ്ങളിലാണ് വിപണനം നടന്നു വരുന്നത്.

പഞ്ചവത്സര പദ്ധതികളുടെ ആരംഭത്തോടെ 1958ൽ തിരുവേഗപ്പുറ പഞ്ചായത്തു കൂടി ഉൾപ്പെട്ട കുമ്പി വികസന ബ്ലോക്ക് രൂപീകൃതമായി. ബ്ലോക്ക് മുഖേന മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളും ഈ പ്രദേശത്തും ചുരുങ്ങിയ തോതിൽ വ്യാപിച്ചു. കാളകളെ ശാസ്ത്രീയമായി വരിയുടക്കൽ, രോഗപ്രതിരോധ കുത്തിവെപ്പ് എന്നിവയായിരുന്നു ഈ രംഗത്തെ പ്രധാന പ്രവർത്തനങ്ങളും. കാലികളെ കൂട്ടത്തോടെ കൊന്നൊടുക്കിയിരുന്ന അടപ്പൻ, കുരലടപ്പൻ തുടങ്ങിയ മാരകമായ പകർച്ചവ്യാധികളും നിയന്ത്രണവിധേയമായി. പ്രാകൃതമായ നാടൻ രീതിയിലുള്ള വരിയുടക്കൽ ഇല്ലാതായി.

1996 ഡിസംബറിൽ പഞ്ചായത്തിൽ ഒരു കി വില്ലേജ് സബ്സെൻറർ ആരംഭിച്ചു. കൃത്രിമ ബ
സങ്കലന പരിപാടികളും തുടങ്ങി. 1973 മാർച്ച് മാസം മുതൽ പാലക്കാട് ഊർജിത കന്നുകാലി വികസ
പദ്ധതിയിൻ കീഴിലുള്ള ഐ. സി. സി. പി. സബ്സെൻററായി ഒരു വാടക കെട്ടിടത്തിൽ പ്രവർത്ത
ച്ചു വരുന്നു. ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും പാർട് ടൈം സ്വീപ്പറുമാണ് ജീവനക്കാർ. കൃത്രിമ ബീ
സങ്കലന പരിപാടികളും നടപ്പിലായതോടെ നാടൻ പശുക്കളുടെ എണ്ണം വളരെ കുറഞ്ഞു വരികയും ത
സ്ഥാനത്ത് സങ്കരഇനം പശുക്കളും ഉണ്ടാവുകയും ചെയ്തു. പ്രാഥമിക ചികിത്സ, പ്രതിരോധ കുത്തിവെപ്പുക
നാടൻ കാളകളുടെ വരിയുടക്കൽ എന്നീ പ്രവർത്തനങ്ങളുണ്ട് ഈ സെൻററിൽ നടക്കുന്നത്. വന്ധ്യതാ നി
വാരണ ക്യാമ്പ്,കാലിവസന്ത നിർമ്മാർജ്ജന പദ്ധതിയുടെഭാഗമായ പ്രതിരോധ കുത്തിവെപ്പ്എന്നിവ
സംഘടിപ്പിക്കാറുണ്ട്.

കാർഷിക രംഗത്ത് മാറ്റം വരികയും കൃഷിഭൂമികളിൽ വിളമാറ്റം ഉണ്ടാവുകയും ചെയ്തപ്പോൾ ഉഴ
മാടുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. കർഷകർ സങ്കരഇനത്തിൽപെട്ട പശുക്കളെ വളർത്തുന്നതിൽ താ
ര്യംകാണിച്ചു പഞ്ചായത്തിലെ പശുക്കളിൽ ഭൂരിഭാഗവും,സങ്കരഇനത്തിൽപെട്ടതായിരുന്നു. എന്നാൽമേച്ചിൽ
സ്ഥലങ്ങൾ ഇല്ലാതാവുകയും കൃഷി രീതിയിലെ മാറ്റം കാരണം വൈക്കോൽ ഉൽപ്പാദനം കുറയുകയും തീ
പുൽ കൃഷിവ്യാപകമാവാതിരിക്കുകയും കാലിതീറ്റ മിശ്രിതങ്ങളുടെയും പിണ്ണാക്കിൻെറയും വിലനിലവാരം
ഉയരുകയും ചെയ്തപ്പോൾ പശുവളർത്തൽ ലാഭകരമായ തൊഴിൽ അല്ലാതായി. പാൽ വിപണനത്തിനുള്ള
കാര്യമായ സാധ്യതകളൊന്നുമുണ്ടായില്ല. ഉൽപ്പാദന ചിലവുമായി ഒത്തുനോക്കുമ്പോൾ പാലിൻെറ വില
വളരെ കുറവായി. അത്യാവശ്യ സമയങ്ങളിൽ വൈദ്യസഹായവും, മരുന്നുകളും ലഭിക്കുന്നതിന് പ്രയാസങ്ങ
ളുണ്ടായി. പശു വളർത്തുന്നവരുടെ എണ്ണം വർഷം തോറും കുറഞ്ഞുവരികയാണ്.

അതുപോലെത്തന്നെ ആടുവളർത്തലിലും ഒരു ദശ വർഷമായി കുറവ് ഏറി വരികയാണ്. ആടിൻെറ
എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതായതും മാംസത്തിൻെറ ആവശ്യകത
വർദ്ധിച്ചപ്പോൾആട്ടിൻകുട്ടികളെ മാംസാവശ്യത്തിനുപയോഗിക്കുന്നതുകൊണ്ടും പ്രജനന പ്രക്രിയക്ക്ആണാ
കളുടെ ലഭ്യത കുറഞ്ഞതുകൊണ്ടും ഈ രംഗത്ത് വികസനം ഇല്ലാതായി.

മൂന്നു ദശകങ്ങൾക്ക് മുമ്പ് നാടൻ കോഴികളും ഈ പഞ്ചായത്തിൽ ധാരാളമുണ്ടായിരുന്നു. പട്ടാമ്പി,
പള്ളിപ്പുറം എന്നീ റെയിൽവേ സ്റ്റേഷനുകളും വഴി തീവണ്ടി മാർഗ്ഗം ഇവിടെ നിന്നും ധാരാളം കോഴികളെ
അടുത്ത പട്ടണ പ്രദേശങ്ങളിലേക്കും തമിഴ് നാട്ടിലേക്കും മറ്റുമയച്ചിരുന്നു. ഇപ്പോൾ തമിഴ്നാട്ടിൽ നിന്നു
വില്പനക്കായി കോഴികളും മുട്ടയും പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ നിത്യവുംഎത്തിക്കൊണ്ടിരിക്കുന്നു.
പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി സ്വകാര്യ ചെറുകിട ഇറച്ചിക്കോഴിവളർത്തൽ യൂണിറ്റുകളുണ്ട്.
ബ്രോയ്ലർ കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത കുറവ്, കോഴിത്തീറ്റ വിലക്കയറ്റം, വിപണനത്തിനുള്ള പ്രയാ
സങ്ങൾ എന്നിവ പുതിയ സംരംഭകരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നില്ല.

മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഗിനി, നേപ്പിയർ എന്നീ പുല്ലിനങ്ങളുടെ വിത്തുകൾ കുറഞ്ഞ
തോതിൽ കർഷകർക്ക് വിതരണം ചെയ്തിരുന്നു. ഇപ്പോഴും നൽകി വരുന്ന മക്കച്ചോളം, സൊർഗം എന്നീ
പുല്ലിനങ്ങളും കൃഷി ചെയ്യുന്നതിൽ കർഷകർക്ക് താൽപ്പര്യമില്ല. കാലിതീറ്റ പ്രശ്നം പരിഹരിക്കുന്നതിന്
തീറ്റപുൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചേ മതിയാകൂ.

1996 ലെ കന്നുകാലി സെൻസസ്സ് അനുസരിച്ച് പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെയും പക്ഷിക
ളുടെയും സംഖ്യ, കൃത്രിമ ബീജ സങ്കലന വിവരങ്ങളും, രോഗ വിവരങ്ങളും എന്നിവ പട്ടികയിൽകൊടുക്കുന്നു.

പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

1963 ഡിസംബറിൽ ആരംഭിച്ച ഐ. സി. ഡി. പി. സബ്സെൻററാണ് പഞ്ചായത്തിലെ മുഖ്യ
മൃഗസംരക്ഷണസ്ഥാപനം. ഇവിടെ ഒരുലൈവ്സ്റ്റോക്ക്ഇൻസ്പെക്ടറുടെയും പാർട്ടൈംസ്വീപ്പറുടെയുംസേവന
കളാണുള്ളത്. സബ്സെൻറർ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കാലികളെ കെട്ടിനിറുത്തുവാ

പട്ടിക 1

വളർത്തുമൃഗങ്ങളും പക്ഷികളും

കാള — നാടൻ	69	എണ്ണം
കാള — സങ്കരം	193	,,
പശു — നാടൻ	253	,,
പശു — സങ്കരം	900	,,
എരുമ	16	,,
പോത്ത്	139	,,
ആട്	1144	,,
കോഴി	9662	,,
താറാവ്	133	,,

പട്ടിക 2

കൃത്രിമ ബീജസങ്കലന വിവരങ്ങൾ - വർഷം - 1995 - 96

വളർത്തുമൃഗം	എണ്ണം	കൃത്രിമ ബീജ സങ്കലനം നടത്തിയവ	ഗർഭോരണത്തിന് 2 ലധികം കുത്തിവെപ്പ് വേണ്ടി വന്നവ
പശു	586	552	2
കിടാരി (Calf)	276	173	1
എരുമ	16	13	1

പട്ടിക 3

1995 - 96 ൽ ചികിത്സിച്ച മൃഗങ്ങളുടെ എണ്ണം

പശു	എരുമ	ആട്	പട്ടി	കോഴി
513	21	140	—	181

നുള്ള 'ടെലിസ്' ഇല്ല. പ്രഥമ ശുശ്രൂഷക്ക് ആവശ്യമായ മരുന്നുകളില്ല. 1996 മാർച്ച് 31 മുതൽ ഒരു വെറ്റിനറി ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ഐ. സി. ഡി. പി. സബ്സെൻറർ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ആരംഭിച്ചിരിക്കുന്നു. വെറ്റിനറി സർജൻ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, പാർട്ടൈം സ്വീപർ എന്നീ തസ്തികകളിൽ ആരെയും നിയമിച്ചിട്ടില്ല. ഒരു അറൻറർ ഉണ്ട്. കൊപ്പം വെറ്റിനറി ഡിസ്പെൻസറിയിലെ ഡോക്ടർക്കാണ് ചുമതല. അനുയോജ്യമായകെട്ടിടം, ഉപകരണങ്ങൾ, മരുന്നുകൾഎന്നിവയൊന്നും ഇല്ലാത്തതുകൊണ്ട് ഈ സ്ഥാപനത്തിൻറെ പ്രയോജനം ഇതുവരെ കർഷകർക്ക് ലഭിച്ചിട്ടില്ല.

വികസനത്തിനുള്ള ആവശ്യങ്ങൾ

1. മൃഗാശുപത്രി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു വികസന സമിതി /ലൈവ് സ്റ്റോക്ക് ഇംപ്രൂവ്മെൻറ് അസോസിയേഷൻ രൂപീകരിക്കുക.

2. മൃഗാശുപത്രിക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ സ്വന്തം കെട്ടിടം നിർമ്മിക്കുക.

3. അനുവദിച്ച എല്ലാ തസ്തികകളിലും ജീവനക്കാരെ നിയമിക്കുക.

4. ആവശ്യമുള്ള ഫർണിച്ചർ, ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ലഭ്യമാക്കുക.

5. കർഷകർക്ക് അത്യാവശ്യ ഘട്ടങ്ങളിൽ സേവനം വീട്ടുമുറ്റത്തു ലഭിക്കുന്ന തരത്തിൽ മൃഗാശുപത്രിയിൽ വാഹന സൗകര്യം ഏർപ്പെടുത്തുക.

6. മൃഗാശുപത്രിയിൽ ടെലഫോൺ സൗകര്യം ലഭ്യമാക്കുക.

7. 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് കാർട്ടേഴ്സ് പണിയുക.

8. കർഷകർക്ക് പരിശീലനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പാക്കിയ സ്കീമുകൾ

മൃഗസംക്ഷണ വകുപ്പ് മുഖേന പട്ടികജാതിക്കാർക്ക് സ്പെഷൽ കമ്പോണൻറ് പ്ലാൻ അനുസരിച്ച് ഈ പഞ്ചായത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1991 – 92 കൊല്ലത്തിൽ തവളക്കുന്നുകോളനിയിലെ 30 പട്ടികജാതി കുടുംബങ്ങൾക്ക് 11 കോഴിക്കുഞ്ഞുങ്ങളും കോഴിത്തീറ്റയും ഒരു കുടുംബത്തിന് എന്ന പദ്ധതി പ്രകാരം വിതരണം ചെയ്യുകയുണ്ടായി.

1992 – 93 ൽ ചെമ്പ്ര ചോലക്കാവ് കോളനിയിൽ കുടുംബത്തിന് 2 പെണ്ണാട്വീതം 17 കുടുംബങ്ങൾക്ക് 34 പെണ്ണാടുകളെ വിതരണം ചെയ്തു.

92 – 93 ൽ തന്നെ ചോലക്കാവ് കോളനിയിലെ 2 കർഷക തൊഴിലാളി കുടുംബങ്ങൾക്ക് ഓരോ ജോടിഇഴവുകാളയും കലപ്പനിർമ്മാണത്തിന്1000രൂപ വീതവുംതൊഴുത്ത്നിർമ്മാണത്തിന് 1000രൂപ വീതവും സഹായധനവും നൽകുകയുണ്ടായി.

'94 – '95 വർഷത്തിൽ പൊട്ടക്കാവ് കോളനിയിലെ 22 കുടുംബങ്ങൾക്ക് 2 പെണ്ണാടുവീതവും ശാസ്ത്രീയ വിനായി മുട്ടനാടും വിതരണം ചെയ്തു.

'95–'96ൽ എടവർകുന്ന് കോളനിയിലെ 22 കുടുംബങ്ങൾക്ക് 2 പെണ്ണാടുവീതം നൽകി. (സ്പെഷൽ സൻറർ അസിസ്റ്റൻറ് ട സ്പെഷൽ കമ്പോണൻറ് പ്ലാൻ)

'91–'92 ൽ ജനതാഹൈസ്കൂളിലെ30 കുടുംബങ്ങൾക്ക് 3 വീതം കോഴിക്കുഞ്ഞുങ്ങളെ സൗജന്യ പൊതിച്ചോറ് പദ്ധതി പ്രകാരം വിതരണം ചെയ്തു.

94 – 95ൽ സമഗ്രകോഴി വികസന പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 3 കോഴിക്കുഞ്ഞുങ്ങൾ വീതം ആയിരം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയുണ്ടായി. ഈ കോഴിക്കുഞ്ഞുങ്ങളിൽ മാണനിരക്ക് വളരെ കൂടുതലായിരുന്നു. പഞ്ചായത്തിൽ മൃഗസംക്ഷണവകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികളൊന്നും ഈ വർഷം നടപ്പുപദ്ധതിയിലില്ല.

പട്ടിക ജാതി കോളനികളിൽ പ്രത്യേക ഘടകപദ്ധതി പ്രകാരം വിതരണം ചെയ്ത കോഴികളധികവും ചത്തുപോയി. വൃത്തിയുള്ള കൂടുകളുടെ അഭാവം, നായ, കുറുക്കൻ, എന്നീ ജന്തുക്കളിൽനിന്നുള്ള ഉപദ്രവം, പകർച്ചവ്യാധികളും, മറ്റു കോഴി രോഗങ്ങളും എന്നിവയാണ് പ്രധാന കാരണങ്ങളും. സൗജന്യമായി വിതരണം ചെയ്ത ആടുകളും മറ്റും കൈമാറ്റം ചെയ്യപ്പെടുന്ന പ്രവണതയുണ്ട്. ഇടത്തട്ടുക്കാരുടെ ചൂഷണ മനോഭാവവും ഈ കാര്യത്തിൽ പ്രേരണ ചെലുത്തുഘടകമാണ്. ഉപാധിരഹിതമായതുകൊണ്ട് ഗുണഭോക്താക്കളും പദ്ധതിയുടെ പ്രാധാന്യം ശ്രദ്ധിക്കുന്നില്ല. ഇക്കാരണങ്ങളാൽ ഈ പദ്ധതികളൊന്നും വിഭാവനം ചെയ്യുന്നതേട്ടങ്ങളും ഗുണഭോക്താവിനു നൽകുന്നില്ല. ഇത്തരം പ്രവണതകളും നിരുത്സാഹപ്പെടുത്തുന്നതിന് പ്രാദേശിക സാമൂഹ്യപ്രവർത്തകരുടെ സഹായത്തോടെ കോളനികളിൽ ഇടക്കിടെ സന്ദർശന പരിപാടികളും ബോധവൽക്കരണ ക്ലാസുകളും നടത്തുന്നത് നന്നായിരിക്കും.

പഞ്ചായത്തിൽ ഈ പദ്ധതിക്കാലത്ത് 2 വന്ധ്യതാ നിവാരണ കേമ്പും 3 ഗോ രക്ഷാകേമ്പും നടത്തുകയുണ്ടായി. വന്ധ്യതാ നിവാരണ കേമ്പുകളിൽ 93 പശുക്കളും ഗോരക്ഷാ കേമ്പുകളിൽ 109 പശുക്കളും പരിശോധിക്കപ്പെട്ടിട്ടുണ്ട്. പ്രവർത്തനങ്ങളും വളരെ വിജയകരമായിരുന്നു. പഞ്ചായത്തിലെമ്പാടുമുള്ള ഭാഗം കാലിക്കും ആടുകൾക്കും കാലിവസന്ത നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി പ്രതിരോധ കുത്തിവെപ്പും നടത്തിയിട്ടുണ്ട്.

സ്ത്രീ പൌൾട്രി ക്ലബ് മുഖേന കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തത് വിദ്യാർത്ഥികൾക്ക് ഈ രംഗത്ത് താൽപ്പര്യ മുണ്ടാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

സമഗ്ര മൃഗസമ്പത്ത് കോഴി വികസന പരിപാടിയനുസരിച്ച് വിതരണം ചെയ്ത 1000കോഴികുഞ്ഞുങ്ങളിൽ ദീർഘ ദൂരയാത്രക്ക ശേഷം വിതരണം ചെയ്യപ്പെട്ടതുകൊണ്ടാവാം, മരണ നിരക്ക് കൂടുതലായിരുന്നു. ശേഷിച്ചവയിൽ നിന്ന് നല്ല നിലയിൽ മുട്ട ലഭിച്ചിരുന്നു. പഞ്ചായത്തടിസ്ഥാനത്തിൽ എഗ്ഗർ നഴ്സറികൾ സ്ഥാപിക്കുന്നത് കോഴികുഞ്ഞുങ്ങളുടെ പ്രാദേശിക ലഭ്യത വർദ്ധിപ്പിക്കുന്നതിനും കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും സഹായകരമാണ്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന താൽപ്പര്യമുള്ള എല്ലാ വിഭാഗം കർഷകർക്കും പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കേണ്ടതാണ്.

പാലുൽപാദനം

1996 ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 253 നാടൻ പശുക്കളും 900 സങ്കരഇനം പശുക്കളും ഉണ്ട്. ഇതിൽ കറവുള്ളവയുടെ എണ്ണം 30 ശതമാനംവരും. നാടൻ പശുവിനു ശരാശരി ഒന്നരലിറർപാലും സങ്കരഇനംപശുവിനു 5ലിറ്റർപാലുംകണക്കാക്കിയാൽതന്നെ15000കക്കുള്ളപാൽഒരുദിവസം പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്. (ലിറ്റർ ഒന്നിനു 10രൂപ വിലകണക്കാക്കിയാൽ) വിപണിയുടെ അഭാവംശാസ്ത്രീയമായ പരിചരണമില്ലായ്മ, കാലിത്തീറ്റ ഗുണനിലവാരക്കുറവ്, വിലകൂടുതൽഎന്നിവയുംഅകിടുവീക്കം, ചികിൽസയും പ്രതിരോധകുത്തിവെപ്പും യഥാസമയം നൽകാതിരിക്കൽ എന്നീ കാരണങ്ങളും പാൽഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. പാലുൽപാദനത്തിനു പുഴയോരപ്രദേശങ്ങളിൽ എരുമകളെ വളർത്താവുന്നതാണ്. വനിതകൾക്ക് നല്ലൊരു തൊഴിൽ സംരംഭമാണ് ഇത്.

ആവശ്യങ്ങൾ -

1. ക്ഷീരോല്പാദക സഹകരണ സംഘം സ്ഥാപിക്കുക.
2. ആവശ്യമുള്ള സ്ഥലങ്ങളിൽ പാൽ സംഭരണ യൂണിറ്റുകളും സ്ഥാപിക്കുക.
3. 3 മുതൽ 5 വരെ പശുക്കളുള്ള ചെറിയ ഡയറിയൂനിറ്റുകളും തുടങ്ങുന്നതിന് വായ്പാ സൗകര്യങ്ങളും നൽകുക.
4. കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കുക.
5. തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.
6. ഉത്പാദന ക്ഷമത കൂടിയ നല്ലയിനം പശുക്കളുടെ കിടാരികളെ ശാസ്ത്രീയ രീതിയിൽ വളർത്തുന്നതിനുവേണ്ടി പദ്ധതികളും തയ്യാറാക്കുക.
7. വൃത്തിയുള്ള തൊഴുത്തുകളും നിർമ്മിക്കുന്നതിനാവശ്യമായ സഹായം നൽകുക.
8. വാക്സിനുകളും, മരുന്നുകളും എന്നിവ യഥാസമയം ലഭ്യമാക്കുക.
9. അകിടുവീക്കനിയന്ത്രണത്തിനും ചികിത്സക്കും ഏർപ്പാടുണ്ടാക്കുക.
10. കർഷക പരിശീലനക്ലാസുകളും തുടങ്ങുക.
11. ഉത്പാദനക്ഷമത കൂടിയ എരുമകളെ വളർത്താൻ പ്രോത്സാഹിപ്പിക്കുക.
12. ഡയറിഫാം തുടങ്ങുന്നതിന്നു പദ്ധതികളും ആവിഷ്കരിക്കുക.
13. കർഷകർക്ക് അവാർഡുകളും ഏർപ്പെടുത്തുക.

മാംസോൽപാദനം

കാര്യമായ പരിപാടികളൊന്നും തന്നെ ഈ രംഗത്ത് പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. അംഗീകൃത അറവുശാലകളോ മാംസ മാർക്കറ്റോ ഇല്ല. ഭൂരിഭാഗം ആളുകളും മാംസം ഉപയോഗിക്കുന്നവരാണ്. പ്രതിമാസം 7500 കി. ഗ്രാം മാട്ടിറച്ചിയും 1500 കി. ഗ്രാം ആട്ടിറച്ചിയും പഞ്ചായത്തിൽ ഉപയോഗിക്കുന്നുണ്ടാവും. മാട്ടിറച്ചി കി. ഗ്രാമിന് 35രൂപയും ആട്ടിറച്ചി കി. ഗ്രാമിന് 100 രൂപയും നിരക്കിൽ സുമാർ 4 ലക്ഷം രൂപയുടെ മാംസം പ്രതിമാസം പഞ്ചായത്തിൽ ഉപയോഗിക്കുന്നുണ്ട്. മാട്ടിറച്ചിക്കുള്ള 90 ശതമാനം മൃഗങ്ങളും ആടുകളിൽ 50 ശതമാനവും അയൽ സംസ്ഥാനങ്ങളിൽ നിന്നും മറ്റു സ്ഥലങ്ങളിൽനിന്നും വരുന്നവയാണ്. മാംസോൽപാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിക്കുന്നത് വമ്പിച്ച സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതാണ്.

ആവശ്യങ്ങൾ

1. കശുക്കുട്ടി , പോത്തിൻകുട്ടി എന്നിവയെ മാംസോൽപാദനത്തിനു വളർത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.
2. ആടുവളർത്തൽ പദ്ധതി ആവിഷ്കരിക്കുക.

5. മുയൽ, ടർക്കി, താറാവ്, കാട ഇവ വളർത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.
4. ശാസ്ത്രീയ അറിവുശാലകൾ സ്ഥാപിക്കുക.
5. വ്യത്തിയുള്ള ഇറച്ചി വിൽപ്പന സ്റ്റാളുകൾ സ്ഥാപിക്കുക.
6. ശുദ്ധമായ മാംസോൽപാദനത്തിന്റെ ആവശ്യകത, ജന്തുജന്യമായ രോഗങ്ങൾ എന്നിവയെ കുറിച്ച് ഉൽപാദകർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

കാലിത്തീറ്റ ഉൽപാദനം

കാലിത്തീറ്റ, കോഴിത്തീറ്റ, പുല്ല്, വൈക്കോൽ എന്നിവയുടെ പ്രശ്നം രൂക്ഷമാണ്. പാലക്കാട് കാലിത്തീറ്റ ഫാക്ടറിയിൽ നിന്നുള്ള കാലിത്തീറ്റക്ക് ഒരു ഏജൻസി തിരുവേഗപ്പുറയിൽ നല്ലനിലയിൽ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. വിതരണത്തിലെ അപര്യാപ്തത കാരണം ഏജൻസി പ്രവർത്തനം നിലച്ചു. ഇപ്പോൾ പലചരക്ക് കടകളിൽ നിന്ന് ലഭിക്കുന്ന വിവിധ ഇനം കാലിത്തീറ്റകളാണ് ഉപയോഗിക്കുന്നത്. കാലിത്തീറ്റ വിലയുടെ കുതിച്ചുകയറ്റം, വ്യാപകമല്ലാത്ത തീറ്റപുൽ കൃഷി, മേച്ചിൽ സ്ഥലങ്ങളുടെ അഭാവം, കറഞ്ഞുവന്ന വൈക്കോൽ ലഭ്യത ഇവയെല്ലാം കാലിവളർത്തലിൽ കർഷകരെ തൽപ്പരരല്ലാതാക്കുന്ന ഘടകങ്ങളാണ്. ആടുകളുടെ തീറ്റക്കാവശ്യമായ വിവിധ ഇലകൾ ലഭ്യമായിരുന്ന കണ്ണിൻ ചെരിവുകളും പുറമ്പോക്കുകളും ഇല്ലാതായത് ആട്ടവളർത്തലിനേയും സാരമായി ബാധിച്ചിട്ടുണ്ട്.

ആവശ്യങ്ങൾ

1. പഞ്ചായത്തിലേക്ക് ആവശ്യമായ നല്ലയിനം തീറ്റപുൽ വിത്തുകൾ സംഭരിച്ച് വിതരണം ചെയ്യുക. കൃഷി ചെയ്യുന്നതിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക.
2. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായും മറ്റു സൗകര്യങ്ങളുള്ള സ്ഥലങ്ങളിലും തീറ്റപുൽ കൃഷി നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക
3. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപുൽ കൃഷി തുടങ്ങുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
4. വീട്ടുവളപ്പിലും വേലിയോരങ്ങളിലും പ്ലാവ്, സുബാബൂൾ തുടങ്ങിയ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് സഹായം നൽകുക.
5. പ്രാദേശികമായി കാലിത്തീറ്റ മിശ്രിതങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക
6. ബ്ലോക്ക് തലത്തിൽ ഒരു കാലിത്തീറ്റ മിശ്രിത യൂണിറ്റ് സ്ഥാപിക്കുക.
7. കാലിത്തീറ്റയുടെ ഗുണനിലവാരം നിയന്ത്രിക്കുന്നതിന് സംവിധാനം ഉണ്ടാവുക.
8. കർഷകർക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

ഇറച്ചിക്കോഴി വളർത്തൽ

പഞ്ചായത്തിൽ വിവിധ മേഖലകളിലായി 5 ബ്രോയിലർ കോഴി വളർത്തൽ യൂണിറ്റ് ഉണ്ട് പഞ്ചായത്തിലും അടുത്ത പട്ടണ പ്രദേശങ്ങളിലും വിപണന സാദ്ധ്യതകളുണ്ട്. ഒരു സ്വയം തൊഴിൽ സംരംഭമെന്ന നിലയിൽ ഇറച്ചിക്കോഴി വളർത്തലിന്ന് സാദ്ധ്യതകളുണ്ട്.

ആവശ്യങ്ങൾ

1. ഇറച്ചിക്കോഴി വളർത്തുന്നതിന് പദ്ധതികൾ തയ്യാറാക്കുക.
2. ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിട്ടുള്ളവർക്കും താൽപ്പര്യമുള്ളവർക്കും പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുക.
3. ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് കുറഞ്ഞ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനും തീറ്റ, വാക്സിൻ, മരുന്നുകൾ എന്നിവ ലഭിക്കുന്നതിനും വിപണനം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കുക.
4. ഈ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന്ന് തൊഴിൽ രഹിതരായ യുവാക്കളെ പ്രോത്സാഹിപ്പിക്കുക.

മുട്ടയുൽപാദനം

പഞ്ചായത്തിലെ ആവശ്യത്തിനുള്ള മുട്ട ഏതാണ്ട് മുഴുവൻ അയൽ സംസ്ഥാനത്തുനിന്നും വരുന്നു. വയാണ്. പഞ്ചായത്തിൽ മുട്ടക്കോഴി വളർത്തുകാരാരുമില്ല. കോഴികൾ മഹാഭൂരിഭാഗവും നാടൻ ജനസ്സുകളാണ്. ഉയർന്ന ഉൽപാദനച്ചെലവും ഉൽപാദനത്തിനുള്ള കാലതാമസവും മുട്ടക്കോഴി വളർത്തൽ വ്യാപകമാവത്തതിന്നു് ഒരുകാരണമാണ്. ഏതാണ്ട് 2— 2½ ലക്ഷം മുട്ടയോളം പ്രതിമാസം പഞ്ചായത്തിൽ വിപണനം നടക്കുന്നുണ്ട്. ഇക്കാരണങ്ങളാൽ മുട്ടയുൽപാദനരംഗത്ത് സ്വയം പര്യാപ്തത നേടുന്നത്തിനുള്ള പദ്ധതികൾക്ക് പ്രാധാന്യമേറുന്നു. കാട, താറാവ്, ടർക്കി എന്നിവ വളർത്തുന്നതിനും സാദ്ധ്യതകളുണ്ട്.

ആവശ്യങ്ങൾ:

1. മികച്ച ഇനം മുട്ടക്കോഴികുഞ്ഞുങ്ങളെ വളർത്തി വിതരണം ചെയ്യുന്നതിനുള്ള എഗർ നഴ്സറികൾ സ്ഥാപിക്കുക.
2. എല്ലാവീട്ടിലും അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധതിനടപ്പിലാക്കുക.
3. കോഴിവളർത്തലിനെകുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുക.
4. സ്കൂളുകളിൽ പൌൾട്രി ക്ലബ്ബുകൾ സ്ഥാപിക്കുക.
5. കോഴിത്തീറ്റ, മരുന്നുകൾ, വാക്സിനുകൾ എന്നിവലഭ്യമാക്കുക.
6. വണിജ്യാടിസ്ഥാനത്തിൽ പൌൾട്രിഫാമുകൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് വേണ്ടസഹായങ്ങൾ നൽകുക.
7. താറാവ്, കാട, ടർക്കി, ഗിനികോഴി എന്നിവ വളർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

ഊർജ്ജം (ബയോഗ്യാസ് പ്ലാൻറുകൾ) :

കന്നുകാലികളുടെ ചാണകം ഉപയോഗിച്ചുള്ള ചെറുക്കം ബയോഗ്യാസ് പ്ലാൻറുകൾ പഞ്ചായത്തിലുണ്ട്. കർഷകർക്കിടയിൽ ബയോഗ്യാസ് പ്ലാൻറുകളെകുറിച്ച് ബോധവൽക്കരണം നടത്തി ആവശ്യമായ സഹായങ്ങൾ ചെയ്യുക.

ജൈവ വളം:

കാർഷിക മേഖലക്കത്യാവശ്യമായ ജൈവവളത്തിൻെറ പ്രധാനസ്രോതസ്സാണ് കന്നുകാലികൾ. ചാണകം, മൂത്രം എന്നിവ പാഴായി പോകാതെ സൂക്ഷിച്ച് ഉപയോഗിക്കുന്നതിനും അറിവ് നൽകുക.

മൃഗശകുതി:

പഞ്ചായത്തിൽ ഇപ്പോൾ മൃഗങ്ങൾ വലിക്കുന്ന വണ്ടികളില്ല. നിലം ഉഴുന്നതിന് കാളകളെയും പോത്തുകളെയും ഉപയോഗിക്കുന്നുണ്ട്. നിലം ഉഴുന്നത് ഉപജീവനമാർഗ്ഗമായി എടുത്തിട്ടുള്ള ചെറുക്കം കർഷക തൊഴിലാളികൾ പഞ്ചായത്തിലുണ്ട്. താൽപര്യമുള്ളവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

വന്ധ്യതാ നിവാരണം:

1.) പശുക്കളിലേയും എരുമകളിലേയും വന്ധ്യത നിവാരണത്തിനു് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ആവശ്യമായ നിർദ്ദേശങ്ങളും മരുന്നുകളും കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുക.
2) ഗോരക്ഷാക്യാമ്പുകൾ നടത്തുക.

കർഷക പരിശീലനം:

1.) മൃഗസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനു് ക്ലാസ്സുകൾ, ചർച്ചകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക. 2) താൽപര്യമുള്ള കർഷകർക്ക് മൃഗസംരക്ഷണരംഗത്ത് പരിശീലനം ലഭിക്കുന്നതിനു് ജില്ലാതല പരിശീലന കേന്ദ്രങ്ങൾ ഉണ്ടാക്കുക.

പേവിഷ ബാധാനിർമ്മാർജ്ജനം:

1. വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തി വെപ്പും ലൈസൻസിങ്ങും നിർബന്ധമാക്കുക.
2. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക.
3. ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.
4. പേവിഷബാധാ നിർമ്മാർജ്ജന പരിപാടി നടപ്പിലാക്കുക.

കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടം:

കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകർക്ക് പരിരക്ഷനൽകാൻ സമഗ്രകന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക. മാസ്റ്റർപോളിസി എടുപ്പിക്കുക.

കർഷകർക്ക് അംഗീകാരം / അവാർഡ്:

മൃഗസംരക്ഷണ മേഖലയിൽ വിവിധ രംഗങ്ങളിൽ പ്രശംസനീയമായ നേട്ടങ്ങൾ കൈവരിച്ച കർഷകരെ ആദരിക്കുക, അവാർഡുകൾ ഏർപ്പെടുത്തുക.

പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയുടെ വികസനത്തിനുള്ള ചെലവുവായ സാദ്ധ്യതകൾ

1. മൃഗാശുപത്രിയിൽ ഒരു കന്നുകാലിവികസന സമിതി രൂപീകരിക്കുക.
2. മൃഗാശുപത്രിക്ക് ആവശ്യമായ എല്ലാസൗകര്യങ്ങളോടും കൂടിയ സ്വന്തമായ കെട്ടിടം നിർമ്മിക്കുക.
3. അനുവദിച്ച എല്ലാതസ്തികകളിലും ജീവനക്കാരെ നിയമിക്കുക.
4. ആവശ്യമുള്ള ഫർണീച്ചർ, ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ലഭ്യമാക്കുക.
5. മൃഗാശുപത്രിയിൽ വാഹനം, ടെലഫോൺ എന്നിവ ലഭ്യമാക്കുക.
6. ജീവനക്കാർക്കുള്ള വസതികൾ പണിയുക.
7. കർഷക പരിശീലനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
8. ക്ഷീരോത്പാദക സഹകരണസംഘങ്ങളും പാൽസംഭരണ യൂണിറ്റുകളും സ്ഥാപിക്കുക.
9. 3 മുതൽ 5 വരെപശുക്കളുള്ള ചെറിയ ഡയറിയൂണിറ്റുകൾ തുടങ്ങുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ ആവശ്യമായ ധന സഹായം ലഭ്യമാക്കുക.
10. കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിന്നു പദ്ധതികളാവിഷ്കരിക്കുക.
11. തീറ്റപ്പുൽ കൃഷിവ്യാപകമാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക.
12. ഉത്പാദന ക്ഷമതകൂടിയ നല്ലയിനംപശുക്കളുടെ കിടാരികളെ ശാസ്ത്രീയമായ രീതിയിൽ വളർത്തുന്നതിന്നവേണ്ട പദ്ധതികൾ തയ്യാറാക്കുക.
13. വൃത്തിയുള്ള തൊഴുത്തുകൾ നിർമ്മിക്കുന്നതിന്നാവശ്യമായ സഹായം നൽകുക. സാങ്കേതികോപദേശം നൽകുക.
14. വാക്സിനുകൾ, മരുന്നുകൾ എന്നിവ യഥാസമയം ലഭ്യമാക്കുക.
15. അകിടുവീക്ക നിയന്ത്രണത്തിന്നും ചികിത്സക്കും ഏർപ്പാടുണ്ടാക്കുക.
16. ഉത്പാദനക്ഷമതകൂടിയ എരുമകളെ വളർത്താൻ പ്രോത്സാഹിപ്പിക്കുകയും ധനസഹായം ലഭ്യമാക്കുകയും ചെയ്യുക.
17. ഡയറിഫാം തുടങ്ങുന്നതിന്നു പദ്ധതികൾ ആവിഷ്കരിക്കുക.
18. കർഷകർക്ക് അവാർഡുകൾ ഏർപ്പെടുത്തുക.
19. കാളക്കുട്ടി/പോത്തിൻകുട്ടി എന്നിവയെ മാംസോത്പാദനത്തിന്നു വളർത്തുന്നതിന്നുള്ള പദ്ധതി തയ്യാറാക്കുക.
20. ആടുവളർത്തൽ പദ്ധതി ആവിഷ്കരിക്കുക.
21. മുയൽ, ടർക്കി, താറാവ്, കാട ഇവ വളർത്തുന്നതിന്നുള്ള പദ്ധതി തയ്യാറാക്കുക.
22. ശാസ്ത്രീയ അറവുശാലകൾ സ്ഥാപിക്കുക.
23. വൃത്തിയുള്ള ഇറച്ചി വിൽപന സ്റ്റാളുകൾ സ്ഥാപിക്കുക.

24. ശുദ്ധമായ മാംസോല്പാദനത്തിന്റെ ആവശ്യകത ജനുജന്യമായ രോഗങ്ങൾ എന്നിവയെ കുറിച്ച് ഉല്പാദകർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

25. പഞ്ചായത്തിലേക്ക് ആവശ്യമായ നല്ലയിനം തീറ്റപ്പുൽവിത്തുകൾ സംഭരിച്ച് വിതരണം ചെയ്യുക. കൃഷി ചെയ്യുന്നതിന്നാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക.

26. തെങ്ങിൻതോപ്പുകളിൽ ഇടവിളയായും മറ്റു സൗകര്യങ്ങളുള്ള സ്ഥലങ്ങളിലും തീറ്റപ്പുൽകൃഷി നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ തയ്യാറാക്കുക.

27. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി തുടങ്ങുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

28. വീട്ടുവളപ്പുകളിലും, വേലിയോരങ്ങളിലും പ്ലാവ്, സുബാബുകൾ തുടങ്ങിയ വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.

29. പ്രാദേശികമായി കാലിത്തീറ്റ മിശ്രിതങ്ങൾ ഉണ്ടാക്കുന്നതിന്നാവശ്യമായ സഹായങ്ങൾ നൽകുക

30. ബ്ലോക്ക് തലത്തിൽ ഒരു കാലിത്തീറ്റ മിശ്രിത യൂണിറ്റ് സ്ഥാപിക്കുക.

31. കാലിത്തീറ്റയുടെ ഗുണനിലവാരം നിയന്ത്രിക്കുന്നതിന്ന് സംവിധാനം ഉണ്ടാക്കുക.

32. ഇറച്ചിക്കോഴി വളർത്തുന്നതിന്ന് പദ്ധതികൾ തയ്യാറാക്കുക.

33. ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിട്ടുള്ളവർക്കും താല്പര്യമുള്ളവർക്കും പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

34. ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് കുറഞ്ഞ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനും തീറ്റ, വാക്സിൻ, മരുന്നുകൾ എന്നിവ ലഭിക്കുന്നതിന്നും വിപണനം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കുക.

35. മികച്ച ഇനം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വളർത്തി വിതരണം ചെയ്യുന്നതിനുള്ള ഏഗ്ഗർ നഴ്സറികൾ സ്ഥാപിക്കുക.

36. എല്ലാ വീടുകളിലും അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കുക.

37. കോഴി വളർത്തലിനെ കുറിച്ച് ക്ലാസുകൾ സംഘടിപ്പിക്കുക.

38. സ്കൂളുകളിൽ പൌൾട്രി ക്ലബ്ബുകൾ സ്ഥാപിക്കുക.

39. കോഴിത്തീറ്റ, മരുന്നുകൾ, വാക്സിനുകൾ എന്നിവ ലഭ്യമാക്കുക.

40. വാണിജ്യാടിസ്ഥാനത്തിൽ പൌൾട്രിഫാമുകൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് വേണ്ടസഹായങ്ങൾ നൽകുക.

41. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനവും ധനസഹായവും നൽകുക.

42. കന്നുകാലികളുടെ ചാണകം, മൂത്രം എന്നിവയും സൂക്ഷിച്ച് ശരിയായ രീതിയിൽ ജൈവവളമായി ഉപയോഗിക്കേണ്ടതിന് ബോധവൽക്കരണം നടത്തുക.

43. ഉഴവുചാലുകളെയും, പോളുകളെയും ഉഴുവാനുള്ള ഉപകരണങ്ങളും വാങ്ങുവാൻ താല്പര്യമുള്ളവർക്ക് ധനസഹായം നൽകുക.

44. പശുക്കളിലേയും എരുമകളിലേയും വന്ധ്യത പരിഹരിക്കുന്നതിനു് വന്ധ്യതാ നിവാരണ ക്യാമ്പുകളും സംഘടിപ്പിക്കുക. മരുന്നുകളും ലഭ്യമാക്കുക ഗോരക്ഷാ ക്യാമ്പുകളും സംഘടിപ്പിക്കുക.

45. മൃഗസംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ചു് കർഷകരെ ബോധവൽക്കരിക്കുന്നതിനു് ക്ലാസുകളും, ചർച്ചകളും, സെമിനാറുകളും എന്നിവ സംഘടിപ്പിക്കുക.

46. താൽപ്പര്യമുള്ള കർഷകർക്കു് മൃഗസംരക്ഷണ രംഗത്തു് പരിശീലനം ലഭിക്കുന്നതിനും ജില്ലാ തലത്തിൽ പരിശീലന കേന്ദ്രങ്ങളും ഉണ്ടാക്കുക.

47. പേവിഷബാധാ നിർമ്മാർജ്ജന പരിപാടി പഞ്ചായത്തിൽ നടപ്പാക്കുക.

48. കന്നുകാലികൾക്കു് ആകസ്മികമായുണ്ടാകുന്ന മരണം മൂലമുള്ള നഷ്ടം ഒഴിവാക്കുന്നതിനും സമഗ്ര കന്നുകാലി ഇൻഷ്വറൻസു് – മാസ്റ്റർ പോളിസി ഏർപ്പെടുത്തുക.

49. ഓമന മൃഗങ്ങളെയും പക്ഷികളെയും വാണിജ്യാടിസ്ഥാനത്തിൽ വളർത്തി വിപണനം ചെയ്യുന്നതിനുള്ള സാധ്യതകളും കണ്ടെത്തുക.

50. മൃഗങ്ങൾക്കുണ്ടാകുന്ന പകർച്ചവ്യാധികൾക്കെതിരെ കുത്തിവെപ്പു് ക്യാമ്പുകളും സംഘടിപ്പിക്കുക.

51. പഞ്ചായത്തു് കേന്ദ്രമാക്കി ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു വിജ്ഞാന വ്യാപന കേന്ദ്രം ആരംഭിക്കുക.

52. മൃഗസംരക്ഷണ മേഖലയിലെ വിവിധ രംഗങ്ങളിൽ പ്രശംസനീയമായ നേട്ടങ്ങൾ കൈവരിച്ച കർഷകരെ ആദരിക്കുക. പഞ്ചായത്തു്, ബ്ലോക്കു്, ജില്ല, സംസ്ഥാന തലത്തിൽ അവാർഡുകളും ഏർപ്പെടുത്തുക.

53. കന്നുകാലി-കോഴി ഫാമിങ്ങു് മേഖലയിലെ കർഷകർക്കു് വൈദ്യുതി സൗജന്യമായും നിരക്കിലും കാലതാമസമില്ലാതെയും ലഭിക്കുന്നതിനു് ഏർപ്പാടുകളും ചെയ്യുക.

54. മൃഗസംരക്ഷണ പദ്ധതികളുടെ ആനുകൂല്യം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുക.

55. പഞ്ചായത്തിലുള്ള സർക്കാർ സ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസുകൾ തുടങ്ങുകയും മൃഗസംരക്ഷണം ഐച്ഛിക വിഷയമാക്കുകയും ചെയ്യുക.

56. മൃഗസംരക്ഷണ മേഖലയിലെ നിവിധ രംഗങ്ങളിൽ സ്വയം തൊഴിൽ കണ്ടെത്താൻ തൊഴിൽ രഹിതരായ യുവാക്കളെയും വനിതകളെയും സഹായിക്കുക.

57. നിലവിലുള്ള ഐ. സി. ഡി പി. സബ്സെൻറർ പഞ്ചായത്തിലെ 6-ാം വാർഡിലേക്കു് മാറ്റി സ്ഥാപിക്കുക.

മൽസ്യബന്ധനം

ഒരു ഉൾനാടൻ പഞ്ചായത്തായ തിരുവേഗപ്പുറയുടെ വടക്കും പടിഞ്ഞാറും അതിർത്തിയിലൂടെ ഒഴുകുന്ന 7.5 കി. മി. ദൂരം വരുന്ന തൂതപ്പുഴയുടെ ഭാഗവും കിഴമുറി മുതൽ പടിഞ്ഞാറെ അതിർത്തിയിലുള്ള തൂതപ്പുഴവരെ നീണ്ടുകിടക്കുന്നതും 3 കിലോമീറ്ററിലധികം നീളമുള്ളതുമായ ഈ പഞ്ചായത്തിലെ പ്രധാന ജല നിഗ്മന മാഗ്മായ ചെമ്പ്രതോടും 18 കളങ്ങളും നെൽപാടങ്ങളിലെ ചെറിയ ജലസംഭരണികളുമാണു് ഈ പഞ്ചായത്തിലെ മത്സ്യ വിഭവ സ്രോതസ്സുകൾ. കടൽതീരമില്ല.

നെൽകൃഷിപാടങ്ങളിലെ ജലസംഭരണികളും, തോടു് എന്നിവയിൽനിന്നും ലഭിച്ചിരുന്ന ചെറുമത്സ്യങ്ങൾ നെൽകൃഷിക്കുപയോഗിക്കുന്ന കീടനാശിനി പ്രയോഗം മൂലമാണെന്നു പറയപ്പെടുന്നു. ഇപ്പോൾ ഉണ്ടാകാറില്ല. കുളങ്ങളിലും തോടിൽനിന്നും ലഭിച്ചിരുന്ന വരാൽ (ബ്രാൽ) മത്സ്യ.

രോഗബാധയോടെ നശിച്ചുപോയിരിക്കുന്നു. ഇപ്പോൾ ശുദ്ധജലത്തിൽ നിന്നും ലഭിക്കുന്ന വിവിധ ഇനം ചെറുമത്സ്യങ്ങളാണ് പഞ്ചായത്തിലെ മത്സ്യവിഭവം.

നാടൻ ജലാശയങ്ങളിൽനിന്ന് മത്സ്യ ബന്ധനം മുഖ്യതൊഴിലാക്കിയ 28 പേരാണ് പഞ്ചായത്തിലുള്ളത്. 10 റജിസ്റ്റർ ചെയ്ത മത്സ്യതൊഴിലാളികളുണ്ട്. 2 മത്സ്യതൊഴിലാളി കുടുംബത്തിന് പെൻഷൻ ലഭിക്കുന്നുണ്ട്. 5 മത്സ്യതൊഴിലാളികളുടെ കുട്ടികുടുംബത്തിന് സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട്.

നാടൻ വലകളും, ചൂണ്ട, ഒറ്റൽ, കോരിവലകളും എന്നിവ ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തുന്നത്. ഒരാൾക്ക് സ്വന്തമായ ചെറിയ വള്ളം ഉണ്ട്. ലഭിക്കുന്ന വിഭവങ്ങൾ പഞ്ചായത്തിനുള്ളിൽതന്നെ വിപണനം നടത്തുന്നു. വർഷം മുഴുവൻ ജലമുള്ള പൊതുകുളങ്ങളും കുറവാണ് ഞങ്ങളുടെ വാർഡിലെ നക്കുകളും, കൊളക്കാട്ടകളും എന്നിവയിൽ എല്ലാക്കാലവും വെള്ളം ലഭിക്കും.

ഒരു ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള നക്കുകളിലും വെള്ളം വറ്റാത്ത മറ്റു വലിയ കുളങ്ങളിലും ചെറിയ സ്വകാര്യ കുളങ്ങളിലും ശുദ്ധജല മത്സ്യകൃഷി നടത്താവുന്നതാണ്. എല്ലാ കാലവും ജലലഭ്യതയുള്ള 3 കരിങ്കൽ ക്വാറികളും പഞ്ചായത്തിലുണ്ട്. ഇവയും മത്സ്യം വളർത്തുന്നതിന് യോഗ്യമാക്കാവുന്നതാണ്. പഞ്ചായത്തിലെ പ്രധാന ജലനിഗ്രമന മാർഗ്ഗമായ 3 കിലോമീറ്ററിലധികം നീളം വരുന്ന ചെമ്പ്ര തോട് രണ്ടുകരകളും അനധികൃതമായി നികത്തി കൃഷിനിലങ്ങളാക്കി മാറിയതുകാരണം മുമ്പ് തോടിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ മൺചിറ കെട്ടി നിർത്തിയിരുന്നത് ഇല്ലാതാവുകയും മഴക്കാലങ്ങളിൽ ധാരാളം മത്സ്യം ലഭിച്ചിരുന്നതുപോലും ഇല്ലാതാവുകയും ചെയ്തിരിക്കുന്നു.

തൊട്ടടുത്ത പട്ടണങ്ങളായ വളാഞ്ചേരി, പട്ടാമ്പി എന്നിവിടങ്ങളിലെ മാർക്കറ്റിൽ നിന്ന് കടൽ മത്സ്യം (അയല, മത്തി എന്നിവ) കൊണ്ടുവന്ന് കാൽനടയായും സൈക്കിളിലൂടെയും വിൽപ്പന നടത്തുന്ന മത്സ്യവിൽപ്പന പ്രധാന തൊഴിലാക്കിയ അമ്പതോളം തൊഴിലാളികളുണ്ട്.

മത്സ്യതൊഴിലാളികളുടെ സാമ്പത്തികനില വളരെ മോശമാണ്. ഉൾനാടൻ ജലാശയങ്ങളിൽ നിന്ന് മത്സ്യബന്ധനം നടത്തുന്നവർക്ക് മെച്ചപ്പെട്ട സാമഗ്രികളില്ല. അവർക്ക് ജല ദൗർലഭ്യമുള്ള മദ്ധ്യവേനലിൽ തൊഴിലില്ല. കടൽ മത്സ്യ വിൽപ്പന നടത്തുന്ന മത്സ്യ തൊഴിലാളികൾക്കും മഴക്കാലങ്ങളിലും മത്സ്യം ലഭ്യമല്ലാത്ത കാലങ്ങളിലും തൊഴിലില്ല. മത്സ്യ വിപണനത്തിന് പൊതു മാർക്കറ്റില്ല. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പോലും മത്സ്യ മാർക്കറ്റില്ല.

പ്രശ്നങ്ങൾ

1. ഉൾനാടൻ ജലാശയങ്ങൾ കുറഞ്ഞു വന്നതു കാരണം മത്സ്യ ഉൽപാദനത്തിൽ ഗണ്യമായ കുറവുണ്ടായി.
2. കുളങ്ങളിൽ മത്സ്യം വളർത്തൽ താൽപര്യമുള്ളവർക്ക് ആവശ്യമായ അറിവ് ലഭിക്കുന്നതിന് സൗകര്യങ്ങളില്ല.
3. വളർത്തുന്നതിനുള്ള മത്സ്യകുഞ്ഞുങ്ങൾ, മത്സ്യതീറ്റ എന്നിവ ലഭ്യമല്ല.
4. മത്സ്യബന്ധനത്തിലേർപ്പെട്ടവർക്ക് ആധുനിക സാമഗ്രികളില്ല. വാങ്ങാനുള്ള സാമ്പത്തിക ശേഷിയുമില്ല.

5. നെൽകൃഷിക്കുപയോഗിക്കുന്ന കീടനാശിനികളും നെൽപാടങ്ങളിലെ ചെറുജല സംഭരണികളിൽ നിന്നുള്ള മത്സ്യ ലഭ്യത ഇല്ലാതാക്കിയിരിക്കുന്നു

6. മത്സ്യരോഗബാധ കാരണം നശിച്ചുപോയതും മുമ്പ് സുലഭമായിരുന്നതുമായ ബ്രാൽ മത്സ്യം വീണ്ടും ജലാശയങ്ങളിലുണ്ടായില്ല.

7. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പോലും മത്സ്യ മാർക്കറ്റില്ല.

സാദ്ധ്യതകൾ

1 പഞ്ചായത്തിലുള്ള വലിയ കുളങ്ങളും സംരക്ഷിച്ച് മത്സ്യ കൃഷിക്കായി സംഘടനകൾക്കോ ഗ്രൂപ്പുകൾക്കോ നൽകുക.

2. മത്സ്യ കൃഷിക്ക് താൽപ്പര്യമുള്ളവർക്ക് ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുക.

3. 6 മുതൽ ഒമ്പതു മാസത്തിനുള്ളിൽ പിടിച്ചെടുക്കാൻ പാകത്തിൽ വളർച്ചയെത്തുന്ന ഇനം മത്സ്യകുഞ്ഞുങ്ങളെ കാലവർഷാരംഭത്തിൽ തന്നെ ലഭ്യമാക്കുക.

4. വീട്ടുവളപ്പിലെ കുളങ്ങളിൽ മത്സ്യം വളർത്തുവാൻ താൽപര്യമുള്ളവർക്ക് പരിശീലനവും, സാമ്പത്തിക സഹായവും നൽകുക.

5. മത്സ്യകുഞ്ഞുങ്ങളും മത്സ്യതീറ്റയും ആവശ്യമുള്ള സമയങ്ങളിൽ ലഭ്യമാക്കുക.
6. മത്സ്യ വിൽപ്പനക്ക് ഒന്നോ രണ്ടോ കേന്ദ്രങ്ങളിലെങ്കിലും മേൽപുരയുള്ള വിൽപ്പന സ്ഥലം (മാർക്കറ്റ്) നിർമ്മിക്കുക.

7. മത്സ്യബന്ധനത്തിന് മത്സ്യ തൊഴിലാളികൾക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങുന്നതിന് സഹായധനം ലഭ്യമാക്കുക.

8. പെരുമ്പത്തോട് വീതിയും ആഴവും വർധിപ്പിച്ച് രണ്ടു കരകളും സംരക്ഷിച്ച് അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ക്രോസ്ബാറുകളും ബണ്ടും നിർമ്മിക്കുക. ഒരു സ്വാഭാവിക മത്സ്യോൽപാദന സാദ്ധ്യത ഉണ്ടാകും.

9. മത്സ്യ തൊഴിലാളികൾക്ക് തീരദേശ മത്സ്യ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകുക.

10. പഞ്ചായത്തിൽ ഒരു മത്സ്യഭവൻ ആരംഭിക്കുക.

വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ നിലത്തെഴുത്താശാൻമാരുടെ കീഴിൽ അങ്ങിങ്ങായി നടത്തിയിരുന്ന എഴുത്തുകളരികൾ മാത്രമാണ് ഉണ്ടായിരുന്നത്. അതുതന്നെ സമൂഹത്തിലെ ഉയർന്ന വിഭാഗത്തിനു മാത്രമായി പരിമിതപ്പെടുത്തിയിരുന്നു അന്നു നിലവിലുണ്ടായിരുന്ന ജാതിവ്യവസ്ഥ അതിനു കാരണമായിരുന്നു. സംസ്കൃത പഠനത്തിനായിരുന്ന മുൻതൂക്കം. ഭ്രാന്തചികിത്സ, ആയുർവ്വേദ വൈദ്യം, ബാലചികിത്സ, എന്നീ രംഗങ്ങളിൽ പേരു കേട്ടവരും പൊതുകാര്യ പ്രസക്തരുമായിരുന്ന ചെമ്പ്ര എഴുത്തച്ഛൻമാരായിരുന്ന ഇന്നത്തെ രീതിയിലുള്ള ആധുനിക വിദ്യാഭ്യാസത്തിനു് നിദാനമായ പള്ളിക്കൂടത്തിനു് തുടക്കം കുറിച്ചത്. അതു പ്രകാരം ചെമ്പ്രയിൽ 'കോർണേഷൻ എലിമെൻററി' സ്കൂൾ എന്ന പേരിൽ 1906 ൽ ഒരു വിദ്യാലയം സ്ഥാപിച്ചു. അതിനടുത്ത കാലഘട്ടത്തിനു നടുവട്ടത്തു് രായിരനെല്ലൂർ ഹിന്ദുലോവർ എലിമെൻററി സ്കൂൾ സ്ഥാപിച്ചു. അതിനു് തുടക്കമിട്ടതു് കുറുവാൻതൊടി എഴുത്തച്ഛൻമാരാണ്. പിന്നീടു് 1920 കളിൽ, വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന മുസ്ലിം ജനവിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനായി മത വിദ്യാഭ്യാസ സ്ഥാപനങ്ങളോടു ചേർന്നു് മുസ്ലിം മൊല്ലമാർ ഓത്തുപള്ളി കൂടങ്ങളും സ്ഥാപിക്കുകയുണ്ടായി. ഈ സ്ഥാപനങ്ങളാണ് പിന്നീടു് മാപ്പിള സ്കൂളുകളായി മാറിയത്. വിവിധമത വിഭാഗങ്ങളുടെ കീഴിൽ പ്രത്യേകം പ്രത്യേകമായി സ്ഥാപിക്കപ്പെട്ട ഈ സ്ഥാപനങ്ങളിലൂടെ അക്ഷരത്തിന്റെ അഗ്നിജ്വാലകൾ പഞ്ചായത്തിലെ വിവിധ വിഭാഗം ജനങ്ങളിലേക്കു് എത്തുകയും അതു് സാമൂഹ്യ മുന്നേറ്റത്തിനു് കാരണമാവുകയും ചെയ്തു. വളരെ കാലമായി പ്രവർത്തിച്ചുകൊണ്ടിരുന്ന വയോജന വിദ്യാഭ്യാസ പ്രസ്ഥാനവും തുടർന്നുവന്ന സാക്ഷരതാ പ്രസ്ഥാനവും വിജ്ഞാനത്തിന്റെ പുത്തൻമേഖലകളിലേക്കു് കൂടുതൽ ആളുകളെ ആനയിക്കാൻ സഹായകമായി.

ഇപ്പോൾ പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളായി 6 എൽ. പി. സ്കൂളുകളും 5-ാം തരമുള്ള ഒരു എൽ. പി സ്കൂളും എൽ പി. വിഭാഗം ഉൾപ്പെടുന്ന 3 യു. പി. സ്കൂളുകളും യു പി. വിഭാഗം ഉൾപ്പെടുന്ന ഒരു ഹൈസ്കൂളും ഉൾപ്പെടെ 11 വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 2 ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളും പഞ്ചായത്തിൽ ഉണ്ട്. ഇതിൽ ഒരെണ്ണത്തിൽ 1-ാം തരം ആരംഭിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ 11 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹൈസ്കൂളും ഒരു യു. പി. സ്കൂളും മാത്രമാണ് സർക്കാർ മേഖലയിലുള്ളത്.

എയിഡഡ് മേഖലയിലായിരുന്ന ഹൈസ്കൂൾ അടുത്ത കാലത്താണ് സർക്കാർ ഏറെടുത്തത്.

വിജ്ഞാനത്തിന്റെ ദീപശിഖയുമായി അനൗപചാരിക സാംസ്കാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളും എന്ന നിലയിൽ ചെമ്പ്ര യുവജനസംഘം വായനശാല, നടുവട്ടം കെ. എസ്. എഴുത്തച്ഛൻ സ്മാരക വായനശാല, തിരുവേഗപ്പുറ കുഞ്ഞുണ്ണി നമ്പീശൻ സ്മാരക വായനശാല, വിളത്തൂർ ജനകീയവായനശാല, പഴനെല്ലിപ്പുറം ജനകീയ വായനശാല എന്നിവ ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കു പുറമെ ഫലക്കി മെമ്മോറിയൽ വായനശാല വിളത്തൂർ, സി. എച്ച് സ്മാരക ലൈബ്രറി കൈപ്പുറം എന്നിവയും പ്രവർത്തിക്കുന്നു. ചെമ്പ്ര യുവജനസംഘം വായനശാല, വിളത്തൂർ ജനകീയ വായനശാല, കൈപ്പുറം ഏക്കോ ക്ലബ് എന്നിവ കേന്ദ്രങ്ങളായി തുടർ സാക്ഷരതാ പ്രസ്ഥാനമായ ജന വിജ്ഞാന കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

വിദ്യാലയ വിവരങ്ങൾ:

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	സർക്കാർ/ എയിഡഡ്	കുട്ടികളുടെ എണ്ണം	അദ്ധ്യാപകരുടെ എണ്ണം			അദ്ധ്യാപക പരിശീലനയോഗ്യത	
			95-96	M	F	T	BEd	TTC
1.	G J H S, നടുവട്ടം	സർക്കാർ	2214	24	35	59	20	7
2.	G U P S, നരിപ്പറമ്പ്	സർക്കാർ	1300	15	18	33	ലഭ്യമല്ല	
3.	R U P S, നടുവട്ടം	എയിഡഡ്	890	5	25	30	ലഭ്യമല്ല	
4.	C U P S, ചെമ്പ്ര	,,	1123	12	22	34	10	17
5.	A L P S, നെടുങ്ങോട്ടൂർ	,,	275	4	5	9	1	7
6.	A M L P S, കൈപ്പുറം	,,	312	5	5	10	2	6
7.	A M L P S, നടുവട്ടം	,,	302	5	6	11	ലഭ്യമല്ല.	
8.	A M L P S, തിരുവേഗപ്പുറ	,,	283	3	7	10	ലഭ്യമല്ല.	
9.	A L P S, വിളത്തൂർ	,,	400	3	9	12	ലഭ്യമല്ല.	
10.	A M L P S, ചെമ്പ്ര	,,	253	4	6	10	0	8
11.	A L P S, തെക്കുംമല	,,	321	5	5	10	2	7

വിദ്യാലയ സൗകര്യങ്ങൾ

നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം സെന്റിൽ	ഓഫീസ്	സ്റ്റാഫ് റൂം	ലൈബ്രറി സയൻസ് കോർണർ	കിച്ചൻഷെഡ്	കുടിവെള്ളം	കക്കൂസ്	പാചകപ്പുര	വൈദ്യുതി	കളിസ്ഥലം	കിണർ
1.	G J H S. നടുവട്ടം	6 ഏ.	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	G U P S, നരിപ്പറമ്പ്	1.23	,,	,,	,,	,,	,,	ഇല്ല	ഇല്ല	,,	,,	,,
3	R U P S, നടുവട്ടം	100	,,	,,	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	,,	ഇല്ല	ഇല്ല	,,
4.	C U P S, ചെമ്പ്ര	250	,,	,,	ഉണ്ട്	ഉണ്ട്	,,	,,	ഉണ്ട്	ഉണ്ട്	ഉണ്ട്	,,
5.	A L P S, നെടുങ്ങോട്ടൂർ	50	,,	ഇല്ല	ഇല്ല	ഇല്ല	,,	,,	,,	ഇല്ല	ഇല്ല	,,
6.	A M L P S, കൈപ്പുറം	16	,,	,,	,,	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	,,	,,	ഉണ്ട്
7.	A M L P S, നടുവട്ടം	14	ഇല്ല	ഉണ്ട്	,,	,,	,,	ഉണ്ട്	ഉണ്ട്	,,	,,	ഉണ്ട്
8.	AMLPS, തിരുവേഗപ്പുറ	46	,,	ഇല്ല	ഉണ്ട്	,,	ഇല്ല	ഇല്ല	,,	,,	ഉണ്ട്	ഉണ്ട്
9.	A L P S, വിളത്തൂർ	66	,,	,,	ഇല്ല	,,	ഉണ്ട്	ഉണ്ട്	ഇല്ല	,,	ഇല്ല	ഉണ്ട്
10	A M L P S, ചെമ്പ്ര	14	,,	,,	ഉണ്ട്	,,	,,	ഇല്ല	,,	,,	,,	ഇല്ല
11	A L P S, തെക്കുംമല	53	,,	,,	ഇല്ല	,,	ഇല്ല	ഉണ്ട്	ഉണ്ട്	,,	,,	ഇല്ല

പഞ്ചായത്തിലുള്ള വിദ്യാലയങ്ങളിൽ ഹൈസ്കൂൾ ഒഴികെ മറ്റെല്ലാം സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പ് സ്ഥാപിച്ചവയാണ്. 1957ൽ ഹൈസ്കൂൾ സ്ഥാപിച്ചതിനു ശേഷം ഇന്നുവരെ പഞ്ചായത്തിൽ സർക്കാർ എയിഡഡ് മേഖലയിൽ ഒരു വിദ്യാലയവും സ്ഥാപിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ ഉണ്ടായിട്ടില്ല. 1972ൽ സി. എച്ച്. മുഹമ്മദ്കോയ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്താണ് നരിപ്പാമ്പ് ഗവ: യു. പി. സ്കൂളിന് ഒരു കെട്ടിടം ലഭ്യമായത്. അതിന്റെ ഉൽഘാടനം 72 മാർച്ച് 11ന് അദ്ദേഹം നിർവ്വഹിക്കുകയുണ്ടായി. അന്നത്തെ പ്ലാൻ അനുസരിച്ച് ഒരു കെട്ടിടം കൂടിലഭ്യമാക്കേണ്ടതുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ അഭാവം മൂലം വാടക കെട്ടിടത്തിലാണ് ഒരു ഭാഗം പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ഏറ്റവും പിന്നോക്ക പ്രദേശമായ 6-ാം വാർഡിൽ ഒരു L P സ്കൂളും പോലും ഇല്ലാത്തത് ദുഃഖകരമായ ഒരവസ്ഥയാണ്.

ഉന്നത-സാങ്കേതിക-തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങളും ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. തൊട്ടടുത്ത പഞ്ചായത്തുകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല ഈ ആവശ്യത്തിനു MES ആർട്സ് & സയൻസ് കോളേജ് വള്ളുവമ്പ്രം, MES എൻജിനിയറിംഗ് കോളേജ് വളാഞ്ചേരി, RMTTI വളാഞ്ചേരി, ITC വളാഞ്ചേരി, SNGS കോളേജ് പട്ടാമ്പി തുടങ്ങിയ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. ഉന്നത-സാങ്കേതിക-തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു കൂടുതൽ സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

പട്ടികയിൽ കൊടുത്ത വിദ്യാർത്ഥികളുടെ എണ്ണത്തിനു പുറമെ 500 ഓളം വിദ്യാർത്ഥികളും തൊട്ടടുത്ത ഹൈസ്കൂളുകളിൽ പഠനം നടത്തുന്നുണ്ട്. അടുത്ത കാലത്തായി സ്വകാര്യ അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും നഴ്സറികളും കുട്ടികളെ കൂടുതൽ ആകർഷിക്കുന്നത് പൊതു വിദ്യാഭ്യാസ മേഖലക്കു ഭീഷണിയായി മാറിയിട്ടുണ്ട്.

കഴിഞ്ഞ ഏതാനും വർഷത്തെ കണക്കുകളും പരിശോധിച്ചാൽ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞുവരുന്നതു കാണാം. ഇതിനു നിരക്കിലുള്ള കുറവ്, മറ്റു വിദ്യാലയങ്ങളിലെ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും ഇംഗ്ലീഷ് മീഡിയങ്ങളോടുള്ള രക്ഷിതാക്കളുടെ ഭ്രമം, നമ്മുടെ ഹൈസ്കൂളിലേക്കുള്ള ദൂരക്കൂടുതൽ എന്നിവയാണ് ഇതിനു കാരണങ്ങളും.

സ്കൂളുകളിലേക്കുള്ള യാത്രാദൂരം

തരം	ശരാശരി കി. മീ.	പരമാവധി കി. മീ
L P	1.8	3
U P	3.3	4
H S	4	4

വിദ്യാലയ സർവ്വേ വ്യക്തമാക്കുന്നത് ഭൂരിഭാഗം അധ്യാപകരും സ്ത്രീകളാണെന്നതാണ്. 228ൽ 143 പേർ കാലാകാലങ്ങളിൽ അധ്യാപകർക്കാവശ്യമായ ഇൻ സർവ്വീസ് ട്രെയിനിംഗിന്റെ അപര്യാപ്തത വിദ്യാഭ്യാസ രംഗം നേരിടുന്ന ഒരു പ്രശ്നമാണ്. മൂന്നു വിദ്യാലയങ്ങളിൽ മാത്രമാണ് വൈദ്യുതി കണക്ഷൻ ഉള്ളത്. ഓഫീസ്മുറി, സ്റ്റാഫ്മുറി, കക്കൂസ്, മൂത്രപ്പുര, പാചകപ്പുര, കളിസ്ഥലം, ദൃശ്യശ്രാവ്യ ഉപകരണങ്ങളും, കുടിവെള്ള സൗകര്യം ഇവയൊന്നും ഇല്ല എന്നത് വിദ്യാലയങ്ങളുടെ ഒരു പൊതു പ്രവണതയാണ്.

വിശദമായ പഠനങ്ങളുടെ അഭാവത്തിൽ ലഭ്യമായ പ്രാഥമിക സ്ഥിതി വിവരകണക്കുകളും വെച്ച് 20% വിദ്യാർത്ഥികളും പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയാണ്. ഹൈസ്കൂളിലെ കഴിഞ്ഞ 5 കൊല്ലത്തെ SSLC വിജയശതമാനം താഴെ കൊടുക്കുന്നു.

S S L C വിജയശതമാനം

വർഷം	ആകെ വിദ്യാർത്ഥികളും	വിജയിച്ചവർ	ശതമാനം
1992	301	70	23.25%
1993	298	64	21.47%
1994	298	59	19.79%
1995	591	67	13.64%
1996	402	89	22.13%

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 26 അങ്കൻവാടികളും ഒരു ബാലവാടിയും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരങ്കൻവാടിക്കു മാത്രമാണ് കെട്ടിടമുള്ളത്. ഭൗതിക സാഹചര്യങ്ങളുടെ അഭാവം മൂലം അങ്കൻവാടികളുടെ പ്രവർത്തനം നിർജ്ജീവമാണ്.

പ്രശ്നങ്ങൾ :

1 പഞ്ചായത്തിലെ 3, 6, 11 വാർഡുകളിൽ L P സ്കൂൾ പോലും ഇല്ല.

2 ഏക ഹൈസ്കൂൾ ഷിഫ്റ്റ് സമ്പ്രദായത്തിലാണ്. ഭൗതിക സൗകര്യങ്ങൾ കുറവാണ്. അധ്യാപക നിയമനം കാര്യക്ഷമമല്ല.

3 കഴിഞ്ഞ കാലങ്ങളിൽ ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും നല്ല സ്കൂളായി അറിയപ്പെട്ടിരുന്ന ഈ ഹൈസ്കൂളിലെ SSLC വിജയശതമാനം ഏതാനും വർഷങ്ങളായി കുറഞ്ഞുവരുന്നു.

4 ക്ലാസ്മുറികളിലെ വിദ്യാർത്ഥികളുടെ എണ്ണക്കൂടുതൽ പഠന നിലവാരത്തെ ബാധിക്കുന്നു.

5 പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ അഭാവം ഒന്നാം ക്ലാസിലെ പഠന നിലവാരത്തെ ബാധിക്കുന്നു.

6 അധ്യാപക തുടർ പരിശീലനം വേണ്ടത്രെ ലഭ്യമല്ല.

7 PTA, മാതൃസംഗമം എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

8 ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമല്ല.

9 ഹൈസ്കൂളിലേക്കുള്ള യാത്രാദൂരം പഠന നിലവാരത്തെ ബാധിക്കുന്നു.

10 വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമല്ല.

11 വിദ്യാർത്ഥികളും മുഴുവൻ സാക്ഷരരാവുന്നില്ല.

12 ആദ്യ പ്രതിമാസ പഠന നിലവാരത്തെ ബാധിക്കുന്നു.

13 ക്ലാസ്മുറികൾക്ക് ഇടഭിത്തികളില്ല.

14 വിദ്യാലയങ്ങളിൽ കലാകായിക സംസ്കാരം വളരുന്നില്ല.

15 മൂത്രപ്പുര, കളിസ്ഥലം, കുടിവെള്ളം ഇവയുടെ അഭാവം കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുന്നു.

16 എയിഡഡ് സ്കൂളുകളിലെ ഭൗതിക സാഹചര്യം അപര്യാപ്തമാണ്.

17 പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മോശമാണ്.

18 യഥാസമയത്ത് പാഠപുസ്തകങ്ങളും ലഭിക്കാത്തതും ആവശ്യമായ പഠനോപകരണങ്ങളുടെ കുറവും പഠനത്തെ ബാധിക്കുന്നു.

19 കുട്ടികളുടെ പൊതുവിജ്ഞാനം കുറയുന്നു.

20 അധ്യയന ദിവസങ്ങളും കുറയുന്നു.

21 ജീവിത ഗന്ധിയല്ലാത്ത സിലബസ്സ്.

22 സ്കൂൾതല പരിശോധന കാര്യക്ഷമമല്ല.

23 വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രവർത്തന കേന്ദ്രീകൃതവുമല്ല ഇന്നത്തെ വിദ്യാഭ്യാസം.

സാദ്ധ്യതകൾ :

1 ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ട കിടക്കുന്ന 6-ാം വാർഡിൽ ഒരു എൽ. പി. ഉം പ്പെടുന്ന യു. പി സ്കൂളും ആരംഭിക്കാം.

2 മാഞ്ഞാമ്പ്രയിൽ യു. പി സ്കൂൾ ആരംഭിച്ചാൽ തെക്കുംമല, വിളത്തൂർ പ്രദേശങ്ങളിലെ കുട്ടികളുടെ യാത്രാദുരം പരിഹരിക്കാം.

3 അഞ്ചാംതരം നിലവിലുള്ള തെക്കുമല എ. യു. പി. സ്കൂൾ 6, 7 ക്ലാസുകളും കൂടി അനുവദിച്ച് യു. പി. സ്കൂളായി ഉയർത്താം.

4 അധ്യയന വർഷാരംഭത്തിൽ തന്നെ അധ്യാപക ഒഴിവുകളും നികത്താം.

5 സമീപ പ്രദേശങ്ങളിലെ അധ്യാപകരെ അതാത് പ്രദേശത്തെ വിദ്യാലയങ്ങളിൽ നിയമിക്കാം.

6 ജനതാ ഹൈസ്കൂളിൽ ആവശ്യത്തിനുള്ള കെട്ടിടം പണിയുക. അധ്യാപക നിയമനം അധ്യയന വർഷത്തിൽ തന്നെ നടത്തുക. PTAയുടെയും മാതൃസംഗമത്തിന്റെയും പ്രവർത്തനം സജീവമാക്കാം. അങ്ങനെ വിജയശതമാനം വർദ്ധിപ്പിക്കാം.

7 എല്ലാ എൽ. പി. സ്കൂളുകളിലും പ്രീ-പ്രൈമറി വിദ്യാഭ്യാസം ആരംഭിക്കാം.

8 DIET, CCRT, NCERT തുടങ്ങിയ സ്ഥാപനങ്ങളിലൂടെ അധ്യാപക തുടർ പരിശീലനം കാര്യക്ഷമമാക്കാം.

9 PTAയുടെ ഘടനയിൽ മാറ്റം വരുത്താം. രക്ഷിതാക്കളല്ലാത്ത സാമൂഹ്യ പ്രവർത്തകരെയും PTA യിൽ ഉൾപ്പെടുത്താം.

10 അധ്യാപകർ അമ്മമാരുമായി നേരിട്ട് ബന്ധപ്പെട്ട് മാതൃസംഗമങ്ങളിൽ അവരെ പങ്കെടുപ്പിക്കാം.

11 വിദ്യാഭ്യാസ ബോധവൽക്കരണ ക്യാം പെയ്നുകൾ നടത്താം.

12 എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും ഉച്ചക്കഞ്ഞി വിതരണം നടത്താൻ പഞ്ചായത്തുകളിൽ നിന്നും സഹായം ലഭ്യമാക്കാം.

13 GUP സ്കൂൾ നരിപ്പറമ്പ് ഹൈസ്കൂളാക്കി ഉയർത്താം.

14 വിദ്യാലയങ്ങളിലൂടെ തൊഴിൽ പരിശീലനം നടത്താം. തൊഴിലധിഷ്ഠിത പാഠ്യപദ്ധതി ഹൈസ്കൂൾ തലത്തിൽ ആരംഭിക്കാം.

15 വിദ്യാലയങ്ങളിലെ നിരക്ഷരർക്ക് പ്രത്യേക പരിശീലനത്തിന് ആഴ്ചയിൽ 7 പിരീഡ് നീക്കി വെക്കുകയും അധ്യാപകരുടെ സഹകരണം ഉറപ്പു വരുത്തുകയും ചെയ്യുക.

16 അധ്യാപക-വിദ്യാർത്ഥി അനുപാതം 1: 30 ആക്കുകയും അത് നിലനിർത്തുന്നതിൽ സൂക്ഷ്മത പാലിക്കുകയും ചെയ്യുക.

17 ക്ലാസ് മുറികൾക്ക് ഇടഭിത്തി കെട്ടണം.

18 പ്രൈമറി-വിദ്യാലയങ്ങളിൽ ഒരു PET തസ്തികയും-പുരുഷ തസ്തികയും ഉണ്ടാക്കാം.

19 സിലബസ്സുകളിൽ സാംസ്കാരികാംശങ്ങൾ കൂട്ടാം.

20 മാനേജർമാർ വിദ്യാലയ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഇനിയും ശ്രദ്ധിക്കണം.

21 വിദ്യാലയങ്ങളിൽ മൂത്രപ്പുര, ശുദ്ധജലം തുടങ്ങിയവ ലഭ്യമാക്കണം.

22 പട്ടികജാതി വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ ഒരു ദിവസം പ്രത്യേക പരിശീലനം നൽകാം.

23 അധ്യയന വർഷാരംഭത്തിൽ തന്നെ പാഠോപകരണങ്ങൾ എത്തിക്കാൻ ശ്രദ്ധിക്കണം.

24 എല്ലാ വിദ്യാലയങ്ങളിലും ലൈബ്രറികളുടെ പ്രവർത്തനം സജീവമാക്കണം. ആഴ്ചയിൽ 2 പിരീഡ് ആക്കി ഉയർത്താം.

25 അധ്യയന ദിനങ്ങളിൽ കൃത്യത പാലിക്കാം.

26 സിലബസ്സിൽ അതാത് പ്രദേശങ്ങളിലെ കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണം.

27 പഞ്ചായത്ത് തലത്തിൽ ജനകീയ പരിശോധനാ കമ്മറ്റികൾ ഉണ്ടാക്കാം.

28 പ്രവർത്തനമുഖ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകണം.

29 അൺ_എയ്ഡഡ് മേഖലയിൽ കൂടുതൽ വിദ്യാലയങ്ങൾ തുടങ്ങാതിരിക്കാൻ ശ്രമിക്കാം.

30 സ്റ്റോളർഷിപ്പുകൾ വരുമാനത്തിന്റെയും പഠന നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ ആക്കാം.

31 ഒരു ഹൈസ്ക്കൂളിന് ആവശ്യമുള്ളതിലും അധികം ദ്രവിസ്തൃതിയുള്ള ജനതാ ഹൈസ്ക്കൂളിൽ തൊഴിലധിഷ്ഠിത കോഴ്സിനുള്ള പ്രത്യേക സ്ഥാപനവും, VHSC യും ഇടങ്ങാം.

32 വിദ്യാഭ്യാസ കോംപ്ലക്സുകൾ ഫലപ്രദമാക്കി ജനകീയപങ്കാളിത്തം ഉറപ്പുവരുത്താം.

33 വിളത്തൂർ പൊട്ടിക്കല്ല് പ്രദേശത്ത് ഒരു എൽ. പി. സ്കൂൾ ആരംഭിക്കാം.

34 നെടുങ്ങോട്ടൂർ L P സ്കൂൾ U P ആക്കി ഉയർത്താം.

35 വിളത്തൂർ L P സ്കൂൾ U P ആക്കി ഉയർത്താം.



ആരോഗ്യം – കുടിവെള്ളം – പരിസര ശുചിത്വം

ആരോഗ്യ പരിപാലന രംഗത്ത് നമ്മുടെ പഞ്ചായത്തിലുണ്ടായ ആദ്യ സ്ഥാപനം, മലബാർ ഡിസ്ട്രിക്ട് ബോർഡ് അനുവദിച്ച ആയുർവേദ ആശുപത്രിയാണ്. ഇത് അനുവദിച്ചത് തിരുവേഗപ്പുറയിലാണ്. ഇക്കാലത്ത് തന്നെ പാരമ്പര്യ വൈദ്യന്മാരുടെ സേവനവും ചികിത്സാ രംഗത്ത് ജനങ്ങൾക്ക് ലഭ്യമായിരുന്നു.

1956 ൽ കേരള സംസ്ഥാനം നിലവിൽ വന്നു. 1970 ൽ സംസ്ഥാന സർക്കാർ ആയുർവേദ ആശുപത്രി ഏറ്റെടുക്കുകയും ആയുർവേദ ഡോക്ടറേയും ഒരു ഫാർമസിസ്റ്റിനെയും നിയമിക്കുകയും ചെയ്തു. കഷായം, ആസവാരിഷ്ടങ്ങൾ തുടങ്ങിയ ഔഷധങ്ങൾ ജനങ്ങൾക്ക് നൽകികൊണ്ട് ചികിത്സാ രംഗത്ത് ഈ സ്ഥാപനം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ സ്ഥാപനം പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റത്ത് സ്ഥിതിചെയ്യുന്നതിനാൽ പഞ്ചായത്തിലെ മറ്റു ഭാഗങ്ങളിലുള്ള ജനങ്ങൾക്ക് ഉപയോഗ യോഗ്യമല്ല. ഈ സ്ഥാപനത്തിന് ഇന്ന് സ്ഥിരമായ ഒരു കെട്ടിടമില്ല.

1957 ൽ പഞ്ചായത്ത് പട്ടാമ്പി നിയോജക മണ്ഡലത്തിലായിരുന്നു. അന്നത്തെ എം. എൽ. എ. ആയ ശ്രീ. ഇ. പി. ഗോപാലന്റെ പരിശ്രമ ഫലമായി കൊപ്പത്ത് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം സർക്കാർ അനുവദിക്കുകയുണ്ടായി. ഇന്ന് പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്ന അലോപ്പതി ചികിത്സാ സൗകര്യം കൊപ്പം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നാണ്. ഈ കേന്ദ്രത്തിൽ ഇന്ന് മൂന്ന ഡോക്ടർമാരും, നഴ്സുമാരും, മറ്റു ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നവരുമുണ്ട്.

ഈ പഞ്ചായത്തിൽ കൊപ്പം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ 5 മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളും ഇന്ന് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഇവരുടെ പ്രവർത്തന പരിധിയിലുള്ള പ്രദേശങ്ങളിലെ വീടുകളിൽ ഇവർ സന്ദർശനം നടത്തുകയോ ജനോപകാര പ്രദമായ എന്തെങ്കിലും ആരോഗ്യ പ്രവർത്തനങ്ങളും നടത്തുകയോ ചെയ്യുന്നത് വളരെ വിരളമാണ്.

കൊപ്പം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്ന് ഇന്ന് ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സേവനത്തിൽ പല പോരായ്മകളും ജനങ്ങൾക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ഈ കേന്ദ്രത്തിൽ മൂന്ന ഡോക്ടർമാരുണ്ടെങ്കിലും ഇവർ ആശുപത്രിയിൽ വരുന്നതിൽ ഒരു മയനിഷ്ഠ പാലിക്കുന്നതായി കാണാറില്ല. ആശുപത്രി വളപ്പിലുള്ള അവരുടെ താമസസ്ഥലത്ത് വെച്ച് ആശുപത്രി പ്രവർത്തന സമയത്ത് പോലും രോഗികളെ പരിശോധിക്കുന്നതായി കാണുന്നു. ആശുപത്രിയിൽ എത്തുന്ന രോഗികളെ സ്വകാര്യ സ്ഥാപനങ്ങളിലേക്ക് പറഞ്ഞയക്കാൻ പ്രേരിപ്പിക്കുന്നതുണ്ട്. ജീവനക്കാരുടെ ആത്മാർത്ഥതയില്ലായ്മ ഔഷധ ദൗർലഭ്യം എന്നിവ ഇന്നനുഭവപ്പെടുന്ന ചില പോരായ്മകളാകുന്നു. ഈ ആരോഗ്യകേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർമാർ അവരുടെ പ്രവർത്തന മേഖലയിൽ യാതൊന്നും ചെയ്യുന്നതായി അറിയുന്നില്ല.

കുടുംബക്ഷേമ പ്രവർത്തനത്തിനും, പ്രസവത്തിനും, മാതൃ സംരക്ഷണത്തിനും ഈ കേന്ദ്രം പ്രസിദ്ധമാണ്. എങ്കിലും ഡോക്ടർമാർ തമ്മിലുള്ള ശീതസമരം കാരണം പ്രസവിക്കാനെത്തുന്ന ഗർഭിണികളെ ആശുപത്രിയിൽ പ്രവേശിക്കാൻ ഡോക്ടർമാർ വിമുഖത കാണിക്കുന്നു.

പൊതുജനാരോഗ്യ രംഗത്ത് വന്ന ഈ നിലവാരതകർച്ച് കാരണം ഈ പഞ്ചായത്തിലെ സാധാരണക്കാരായ രോഗികളും പോലും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു. സ്വകാര്യ സ്ഥാപനങ്ങളും ഇടത്തരക്കാർക്കും സമ്പന്നർക്കും വേണ്ടത്ര കാര്യക്ഷമത നൽകുന്ന സ്ഥാപനങ്ങളാണ്. ഇവിടങ്ങളിലെ വാണിജ്യവൽക്കരിച്ച ചികിത്സ പാവപ്പെട്ട ഭൂരിപക്ഷത്തിനും താങ്ങാവുന്നതല്ല.

നമ്മുടെ പഞ്ചായത്തിൽ അലോപ്പതി ചികിത്സാ സൗകര്യങ്ങളും ഇന്ന പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമല്ല. പഞ്ചായത്തിലെ ജനങ്ങൾ ചികിത്സക്കായി അടുത്ത പഞ്ചായത്തിലെ കൊപ്പം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആശ്രയിക്കേണ്ടി വരികയോ, അല്ലാത്ത പക്ഷം വളാഞ്ചേരി, പെരിന്തൽമണ്ണ തുടങ്ങിയ വിദൂര പ്രദേശങ്ങളിൽ പോകേണ്ടി വരികയോ ചെയ്യുന്ന ഈ ദുഃസ്ഥിതിക്ക് ഒരു ശാശ്വത പരിഹാരം ജനങ്ങൾ ആഗ്രഹിക്കുന്നു. അതുകൊണ്ട് പഞ്ചായത്തിൽ എല്ലാവിധ ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു അലോപ്പതി ആശുപത്രി സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

മാതൃശിശു സംരക്ഷണ കാര്യത്തിൽ ഇന്ന് ജനങ്ങൾ കൂടുതൽ ബോധവാന്മാരാണ്. ഗർഭധാരണകാലം മുതൽ ഡോക്ടറെ കണ്ട് ഉപദേശം സ്വീകരിക്കുകയും ചികിത്സ നടത്തുകയും ചെയ്യുന്നത് ഇന്ന് സാധാരണമാണ്. മുമ്പ് സ്ത്രീ പ്രസവങ്ങൾ ഏറിയ കൂറും സ്വന്തം വീടുകളിൽ തന്നെയായിരുന്നു. ഇന്ന് മിക്കവാറും എല്ലാ പ്രസവങ്ങളും ആശുപത്രികളിൽ വെച്ചുതന്നെയാണ് നടക്കുന്നത്. പ്രസവാനന്തരമുള്ള സ്ത്രീ മരണ നിരക്കും, ശിശു മരണ നിരക്കും കുറഞ്ഞിട്ടുണ്ട്.

പ്രസവാനന്തരം കുഞ്ഞുങ്ങളെ ശരിയായ രീതിയിൽ വളർത്തുന്നതിനും മുലയൂട്ടുന്നതിലും നമ്മുടെ പൊതുവിൽ തല്പരരാണ്. എന്നാൽ ഉദ്യോഗസ്ഥകളായ അമ്മമാർക്ക് ഇതിന് വേണ്ടത്ര സമയം ലഭിക്കാറില്ല.

കരൾ, കുഷ്ഠം, ഇതര രോഗങ്ങളും പഞ്ചായത്തിൽ അപൂർവ്വമായി കണ്ടുവരുന്നുണ്ട്. ഇടക്കാലത്ത് വെച്ചു നിയന്ത്രണ വിധേയമായിരുന്ന ക്ഷയരോഗം പ്രായ വ്യത്യാസമില്ലാതെ പലരിലും ഇപ്പോൾ കണ്ടുവരുന്നു. എന്നാൽ ക്ഷയരോഗത്തിന് പ്രഥമികാരോഗ്യകേന്ദ്രങ്ങളിൽ ഇന്ന ചികിത്സ ലഭ്യമല്ല.

കുടിവെള്ളം :

1973 വരെ കുടിവെള്ളത്തിനായി കിണർ, കുളം, പുഴ എന്നീ സ്രോതസ്സുകളെയാണ് ജനങ്ങൾ ആശ്രയിച്ചിരുന്നത്. എന്നാലും വേനൽകാല മാസങ്ങളിൽ കുടിവെള്ള ക്ഷാമം പഞ്ചായത്തിൽ പല ഭാഗങ്ങളിലും അനുഭവപ്പെടാറുണ്ടായിരുന്നു. ഇതിന കാരണം പരമ്പരാഗത ജലസ്രോതസ്സുകളുടെ ശേഷി കുറഞ്ഞതാണ്. 1973 മുതൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ സമഗ്ര ശുദ്ധജല വിതരണ പദ്ധതി (മിനി) 19 ടാപ്പുകളോടെ ആരംഭിച്ചു. 1982ൽ കേന്ദ്രസഹായത്തോടെ പദ്ധതി വിപുലീകരിച്ച് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപകമാക്കുകയുണ്ടായെങ്കിലും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ശുദ്ധജലക്ഷാമം ഇന്നും അനുഭവപ്പെടുന്നു. പഞ്ചായത്തിൽ ശുദ്ധജല വിതരണത്തിനായി 2.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഒരു ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 155 പൊതു ടാപ്പുകളുണ്ട്. 504 സ്വകാര്യ കണക്ഷനുകളുമുണ്ട്.

ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഇന്നുള്ള കിണറുകളും, കുഴൽകിണറുകളും ജലക്ഷാമം പരിഹരിക്കാൻ പര്യാപ്തമല്ല. പഞ്ചായത്തിലെ 2, 4, 6 എന്നീ വാർഡുകളിൽ ശുദ്ധജല വിതരണം തീരെ നടക്കുന്നില്ല. 7, 8, 9 വാർഡുകളിലും ജലവിതരണം ഭാഗികമായി മാത്രമെ നടക്കുന്നുള്ളൂ. ഇന്നുള്ള വിതരണ കേന്ദ്രത്തിന്റെ ശേഷിയെ അടിസ്ഥാനപ്പെടുത്തി പരിശോധിക്കുമ്പോൾ കൂടുതൽ പൈപ്പുലൈനുകൾ സ്ഥാപിക്കുന്നത് നിലവിലുള്ള വിതരണത്തെ തന്നെ ആകെതാറുമാറാക്കുമെന്ന സ്ഥിതിയാണ്. വേനൽ കാലങ്ങളിൽ ഇന്നുള്ള പൈപ്പുകളിൽ നന്നേ തുടർച്ചയായി ജലവിതരണം നടക്കാറില്ല എന്നതും ഒരു വസ്തുത തന്നെയാണ്. ഇന്നത്തെ വിതരണം നടക്കാത്ത സ്ഥലങ്ങളിലേക്ക്

ജലവിശകലനം നടത്താൻ ഒരു അഡീഷനൽ ഓഫീസ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന സ്ഥലത്ത് സ്ഥാപിക്കാനുള്ള പ്രവർത്തനം അടിയന്തര ശ്രദ്ധ അർഹിക്കേണ്ടതാണ്.

പരിസര ശുചിത്വം :

ശരീരത്തിൽ രോഗാണുക്കളും കടന്നു രോഗം വരുന്നത് തടയുന്നതിനായുള്ള ഗൃഹാന്തരീക്ഷ പരിസര സാഹചര്യങ്ങളും ഒഴിവാക്കാനുള്ള മാർഗ്ഗമാണ് പരിസര ശുചിത്വം. രോഗം വരാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിച്ച് രക്ഷനേടുന്നതാണ് അഭികാമ്യമായിട്ടുള്ളത്. വിശാലമായ പ്രദേശത്തുള്ള ജനങ്ങളുടെ കൂട്ടായ്മയിലൂടെ മാത്രമെ പരിസര ശുചിത്വപ്രശ്നം ഫലപ്രദമായവുകയുള്ളു. പരിസര ശുചീകരണ പ്രവർത്തനങ്ങളിൽ ജനങ്ങളെ വിപുലമായ തോതിൽ ബോധവൽക്കരിക്കേണ്ടതാണ്.

വെള്ളം, ആഹാരം, ഈച്ച, മണ്ണ് എന്നിവയിലൂടെയാണ് വയറിളക്കം, വയറുകടി, സന്നിപാതം, മഞ്ഞപിത്തം, കോളറ തുടങ്ങിയ പകർച്ചവ്യാധികളും പകരുന്നത് ജലമലിനീകരണം തടഞ്ഞു ഇത്തരം പകർച്ചവ്യാധികളും നിയന്ത്രണ വിധേയമാക്കാവുന്നതാണ്. താഴ്ന്ന സ്ഥലങ്ങളിലെ മലവിസർജ്ജനം മൂലം ജലം മലിനമാക്കപ്പെടുന്ന ജലമലിനീകരണത്തെ തടഞ്ഞുനിർത്താൻ ശാസ്ത്രീയമായ രീതിയിൽ മലം മറവു ചെയ്യേണ്ടതുണ്ട്. പഞ്ചായത്തിലെ എല്ലാ വീടുകളിലും ഇതിന് കക്കൂസുകളും ഉണ്ടായിരിക്കണം. പഞ്ചായത്തിലെ 50 % വീടുകളിൽ ഇന്നും കക്കൂസുകളില്ലാത്ത സ്ഥിതിയാണ്. സുരക്ഷിതമായ രീതിയിലുള്ള കക്കൂസുകളും നിർമ്മിക്കാൻ പട്ടികജാതിക്കാർക്കും, ദുർബല വിഭാഗങ്ങൾക്കും സാമ്പത്തിക പരാധീനത മൂലം കഴിയുന്നില്ല.

അറവുശാലകളിൽനിന്നുള്ള വിസർജ്ജ്യം പരിസര മലിനീകരണ സാധ്യത വർദ്ധിപ്പിക്കുന്നു.

കുടിവെള്ളം അതിന്റെ സ്രോതസ്സിൽ വളരെയധികം ശുദ്ധമായിരുന്നാൽ പോലും അത് ഉപഭോക്താവിന്റെ അടുത്തെത്തുമ്പോൾ ശുദ്ധമല്ലാതായി തീരുന്ന എന്ന വസ്തുത പ്രത്യേക ശ്രദ്ധ അർഹിക്കേണ്ടതാണ്.

പഞ്ചായത്തിൽ മലിനജല നിർമ്മാർജ്ജന പരിപാടികളും ഒന്നും തന്നെ നടക്കുന്നില്ല. പഞ്ചായത്തിലെ ജനസാന്ദ്രതയുള്ള കച്ചവട സ്ഥലങ്ങൾക്ക് സമീപം ചപ്പുചവറു കൂമ്പാരങ്ങൾ കാണാൻ കഴിയുന്നതാണ്.

പ്രശ്നങ്ങൾ :

1 പഞ്ചായത്തിലെ ജനങ്ങൾക്ക് ചികിത്സാ സൗകര്യത്തിന്നായി ഒരു അലോപ്പതി ആശുപത്രി നിലവിലില്ല.

2 ഓരോ വാർഡിലും ഓരോ മാതൃശിശു കേന്ദ്രങ്ങളില്ല.

3 ഇന്നുള്ള മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

4 പഞ്ചായത്തിലെ ആയുർവേദ ആശുപത്രിക്ക് കെട്ടിടമില്ല.

5 ഹോമിയോ ചികിത്സ പഞ്ചായത്തിൽ ലഭ്യമല്ല.

6 ഹെൽത്ത് സെൻറുകളിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.

7 പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലെ വാർഡുകളിലെ ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നില്ല.

8 കൂടുതൽ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടണമെന്ന ജനങ്ങളുടെ ആവശ്യം നിറവേറ്റിയിട്ടില്ല.

9 ജലക്ഷാമമുള്ള പ്രദേശങ്ങളിൽ കിണറുകളും കഴിച്ചോ, പാരമ്പര്യ സ്രോതസുകളിലെ ജലം ശുദ്ധീകരിച്ചോ ജല വിതരണത്തിനുള്ള സംവിധാനമില്ല.

10 നിലവിലുള്ള പൈപ്പു ലൈനുകളുടെ അറ്റകുറ്റ പണികളും യഥാസമയം ചെയ്യുന്നില്ല.

11 കുടിവെള്ളം യഥാവിധി ശുദ്ധീകരിച്ച് വേനൽ കാലങ്ങളിൽ തുടർച്ചയായി ലഭിക്കുന്നില്ല.

12 പഞ്ചായത്തിലെ 50% വീടുകളിലും സുരക്ഷിതമായ കക്കൂസുകളില്ല.

13 മലിനജല നിർമ്മാർജ്ജനത്തിനും ചപ്പുചവറുകളും നീക്കം ചെയ്യാനും സംവിധാനമില്ല.

14 സബ് സെൻറുകളിലെ ആരോഗ്യ പ്രവർത്തകരുടെ സേവനം തൃപ്തികരമല്ല.

ആരോഗ്യരംഗത്തെ പ്രശ്ന സാദ്ധ്യതകൾ :

1 പഞ്ചായത്തിലെ ജനങ്ങൾക്ക് അലോപ്പതി ചികിത്സ ലഭിക്കുന്നതിനായി ഒരു അലോപ്പതി കൂടുതൽ ജനങ്ങൾക്ക് ഉപയോഗയുക്തമായ സ്ഥലത്ത് സ്ഥാപിക്കുക.

2 ഓരോ വാർഡിലും ഓരോ മാതൃശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കുകയും അവയുടെ പ്രവർത്തനം തൃപ്തികരമായി നടത്താൻ വ്യവസ്ഥ ചെയ്യുകയും ചെയ്യുക.

3 ഇപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന തിരുവേഗപ്പുറയിലെ ആയുർവേദ ആശുപത്രിക്ക് 10 രോഗികളെ കിടത്തി ചികിത്സിക്കാൻ വേണ്ട സൗകര്യത്തോടു കൂടിയ ഒരു കെട്ടിടം നിർമ്മിക്കുക.

4 ഒരു സർക്കാർ ഹോമിയോ ആശുപത്രി പഞ്ചായത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വാർഡിൽ സ്ഥാപിക്കുക.

5 ഇന്നുള്ള ജലസംഭരിണിയിൽ നിന്ന് പഞ്ചായത്തിലെ പല സ്ഥലങ്ങളിലും ജലവിതരണം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ, പഞ്ചായത്തിലെ ഏറ്റവും ഉയർന്ന സ്ഥലത്ത് മറ്റൊരു ജല സംഭരണി നിർമ്മിച്ചു ശുദ്ധജല വിതരണം നടത്തുക.

6 പൈപ്പുലൈൻ വഴി ഇന്നു നടക്കുന്ന ശുദ്ധ ജല വിതരണം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക.

7 പൈപ്പുലൈൻ നീട്ടാൻ കഴിയാത്ത സ്ഥലങ്ങളിൽ പാരമ്പര്യ ജല സ്രോതസ്സുകളിൽ നിന്ന് ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ സഹകര്യം ചെയ്യുക.

8 പൈപ്പുകളുടെ അറ്റകുറ്റപണികളും യഥാസമയം നടത്തി വേനൽ മാസങ്ങളിൽ തുടർച്ചയായി ജലവിതരണം നടത്തുക.

9 പഞ്ചായത്തിലെ കക്കൂസുകളില്ലാത്ത 50% വീടുകൾക്ക് അവ നിർമ്മിക്കാനാവശ്യമായ സഹായം നൽകുക.

10 മലിനജല നിർമാർജ്ജന സംവിധാനം ഏർപ്പെടുത്തുക.

11 ചപ്പുചവറുകളും നീക്കം ചെയ്യാൻ ജോലിക്കാരെ നിശ്ചയിക്കുക.

12 അറവുശാലകളും മത്സ്യ മാർക്കറ്റുകളും സ്ഥാപിക്കുക.

13 പഞ്ചായത്തിലെ ഉയർന്ന പ്രദേശമായ പെന്ത്രയിൽ ഒരു ടാങ്ക് സ്ഥാപിച്ചാൽ 4, 5, 6, 7, 8 വാർഡുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

14 ഹെൽത്ത് സെൻറുകളിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കാം.

വ്യവസായം

തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്ത് പ്രദേശം പരമ്പരാഗത വ്യവസായങ്ങൾക്ക് മാത്രകാപരമായ സംഭാവനകൾ നൽകിയിരുന്ന കാലഘട്ടം വിസ്മരിക്കാവുന്നതല്ല. വ്യാവസായിക രംഗത്തെ യന്ത്രവൽക്കരണവും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിലുള്ള പരിമിതികളും യുവാക്കളുടെ തൊഴിൽ തേടിയുള്ള പാലായനവും ഈ മേഖലയെ പാടെ തകർക്കുകയുണ്ടായി. പരമ്പരാഗത വ്യവസായമെന്ന നിലയിൽ കൈത്തറി, മൺപാത്ര വ്യവസായം, ഓട്ടുപാത്ര വ്യവസായം, ചണ്ണാമ്പു വ്യവസായം, ചെരുപ്പ് നിർമ്മാണം, പായ നെയ്ത്ത്, പരമ്പ് കൂട നെയ്ത്ത്, ബീഡി വ്യവസായം, പപ്പടം എന്നിവ ഈ പ്രദേശത്ത് ഒച്ചമായ നിലയിൽ പ്രവർത്തിച്ചിരുന്നു.

നെയ്ത്ത് :

ഈ പ്രദേശത്തെ പരമ്പരാഗത വ്യവസായങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു മേഖലയായിരുന്നു കൈത്തറി. നൂറിലധികം കുടുംബങ്ങൾ നെയ്ത്തു ജോലിയുമായി പ്രത്യക്ഷമായി ബന്ധപ്പെട്ടിരുന്നു. ഇവിടെ ഉല്പാദിപ്പിച്ചിരുന്ന ഉല്പന്നങ്ങൾക്ക് കമ്പോളത്തിൽ നല്ല ഡിമാൻറ് ഉണ്ടായിരുന്നു ശ്രീ. കെ. കൃഷ്ണനെഴുത്തച്ഛൻ ചെമ്പ്ര, വാഴംകുന്നത്ത് കേശവൻ നമ്പൂതിരി, എൻ. ഇസ്മായിൽ, മേലെപ്പുറത്ത് ഗോപാലൻനായർ എന്നിവർ പ്രസ്തുത വീവിങ്ങ് സൊസൈറ്റിയുടെ സിക്രട്ടറിമാരായി പ്രവർത്തിച്ചവരിൽ പ്രമുഖരാണ്.

അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതി, തുണിഷാപ്പുകളുടെ ആവിർഭാവം, മില്ലു തുണിത്തരങ്ങളോടുള്ള ആഭിമുഖ്യം, വിദേശ നിർമ്മിത തുണികളുടെ ലഭ്യത, നെയ്ത്തു മേഖലയിലെ യന്ത്രവൽക്കരണം എന്നിവ ഈ മേഖലക്ക് വെല്ലുവിളിയായിരുന്നു. ഉല്പന്നങ്ങൾക്ക് കമ്പോളത്തിൽ പ്രിയം കുറയുകയും ചെയ്തു. ക്രമേണ സഹകരണ സംഘം ലിക്വിഡേറ്റ് ചെയ്തു വ്യവസായം പാടെ നിലക്കുകയും ചെയ്തു.

മൺപാത്ര വ്യവസായം :

ഈ പ്രദേശത്ത് 25 കുടുംബങ്ങൾ മൺപാത്ര വ്യവസായവുമായി ബന്ധപ്പെട്ടിരുന്നു. പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന ഭാരതപുഴയുടെ ഓരങ്ങളിൽ നിന്നും, ചെമ്പ്ര കിഴക്കുറി തോടിന്റെ ഓരങ്ങളിലെ കൃഷിയിടങ്ങളിൽ നിന്നും ഇതിനാവശ്യമായ കളിമൺ ധാരാളമായി ലഭ്യമാണ്. ഇവിടെധാരാളമായി ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങളും, വലിയ ചാടികളും, പിഠാവുകളും, പൂച്ചട്ടികളും തുടങ്ങിയവയുല്പാദിപ്പിച്ചിരുന്നു. നിലയംകോട് കുശവരുടെ പാത്രങ്ങൾക്കും, ചെമ്പ്ര കുശവരുടെ പാത്രങ്ങൾക്കും സമീപ പഞ്ചായത്തുകളിൽ കൂടി വലിയ പ്രചാരമുണ്ടായിരുന്നു.

അലുമിനിയ പാത്രങ്ങളുടെ ആഗമനത്തോടുകൂടി ഈ വ്യവസായം തകർച്ചയെ നേരിടാൻ തുടങ്ങി. സ്റ്റീൽ പാത്രങ്ങളും കൂടി വന്നതോടെ പാചകാവശ്യത്തിനും മറ്റുപയോഗിച്ചിരുന്നമൺപാത്രം പാടെ ഉപേക്ഷിക്കപ്പെട്ടു. മൺപാത്ര ഉപയോഗം നാമമാത്രമായി ചുരുങ്ങിയത് ഈ മേഖലക്ക് ഭീഷണിയായെങ്കിലും, പൂച്ചട്ടികളും, പുകയില്ലാത്ത അടുപ്പ്, കൗതുക വസ്തുക്കളും എന്നിവയുടെ നിർമ്മാണത്തിൽ ധാരാളം സാധ്യതകളും നിലനിൽക്കുന്നു.

ഓട്ടുപാത്ര വ്യവസായം :

ഓട്ടുപാത്രവ്യവസായം ഇന്ന് ധാരാളം സാധ്യതകളും ഉള്ള ഒന്നാണ്. ഈ മേഖലയിൽ വൈദഗ്ധ്യം ഉള്ള തൊഴിലാളികളും എണ്ണത്തിൽ വളരെ കുറവാണെങ്കിലും ഉള്ളവർക്ക് ധാരാളം സാധ്യതകളും ഉണ്ട്. സാങ്കേതികമായ വൈദഗ്ധ്യം നൽകിയും വ്യവസായ യൂണിറ്റുകളും സ്ഥാപിച്ചും ഇത്തരം തൊഴിലാളികളെ സഹായിക്കേണ്ടതുണ്ട്.

ചുണ്ണാമ്പു വ്യവസായം :

നിർമ്മാണ ശേഖരിച്ച് മുറുക്കാൻ ആവശ്യത്തിന് ചുണ്ണാമ്പും, പടവിനും തേപ്പിനും ആവശ്യമായ കുമ്മായവും നൽകി ഉപജീവനം കഴിച്ചിരുന്ന ഏതാനും കുടുംബങ്ങളും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. എന്നാൽ മുറുക്കാൻ ആവശ്യത്തിനുള്ള ചുണ്ണാമ്പു കമ്പോളത്തിൽ പാക്കു ചെയ്തു വന്നതു വഴിയും കമ്പനികളും ഉൽപാദിപ്പിക്കുന്ന രാസവസ്തുക്കളും കുമ്മായമായും, സിമൻറും ലഭ്യമായതോടെ ഈ മേഖല നാമാവശേഷമായി പോവുകയും ജീവിതമാർഗ്ഗത്തിന് കൂലിവേലകളും മറ്റും തിരിയുന്ന ചുറ്റുപാടിൽ ഈ തൊഴിലാളികളും ചെന്നുചേരുകയും ചെയ്തു.

ചെരുപ്പ് :

തുകൽ, ടയർ എന്നിവ ഉപയോഗിച്ച് ചെരുപ്പ് നിർമ്മാണത്തിലേർപ്പെട്ടിരുന്ന ഏതാനും കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട് എന്നാൽ, തുകലിൻെറ ലഭ്യതക്കുറവും, വിലകൂടുതലും, ടയർ ചെരുപ്പുകൾക്ക് ഉപഭോക്താക്കളിൽ ഉണ്ടായ മതിപ്പിൻെറ കുറവും കാലക്രമത്തിൽ PVC, ഹവായ് ചെരുപ്പുകളുടെ വ്യാപകമായ ഉൽപാദനവും ഈ രംഗത്തെ ഭീഷണിയായി മാറുകയുണ്ടായി. ഏകദേശം പുതിയതരം റബർ, റെക്ലിൻ. സിന്തറ്റിക് ലതർ എന്നിവ ഉപയോഗിച്ച് ചെരുപ്പുണ്ടാക്കുന്ന തൊഴിൽ സാധ്യത വളരെ കൂടുതലാണ്. ഈ മേഖലയിൽ നൈപുണ്യമുള്ള തൊഴിലാളികളും പഞ്ചായത്തിൽ ലഭ്യമാണ്.

പായനെയ്ത്ത് :

തെങ്ങോല, കൈതയോല എന്നിവ ഉപയോഗിച്ചും, പുല്ല് ഉപയോഗിച്ചും, പായ നെയ്തിരുന്ന തൊഴിലാളികളും ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. അസംസ്കൃത വസ്തുക്കളായ ഓല, പുല്ല് എന്നിവ ലഭ്യമാണെങ്കിലും ഇവ ഉപയോഗിച്ചുണ്ടാക്കുന്ന പായകൾക്ക് കമ്പോളത്തിൽ തീരെ ചിലവ് ഇല്ല. വിദേശത്തു നിന്നും സ്വദേശത്തുനിന്നുമുള്ള പ്ലാസ്റ്റിക് പായയുടെ ഉപയോഗവും ഈ മേഖലയിൽ പ്രതിസന്ധി ഉളവാക്കിയിട്ടുണ്ട്. ഉപഭോക്താക്കളിൽ ബോധവൽക്കരണവും നല്ല ഇനം പായ ഉൽപാദിപ്പിക്കുന്നതിനുള്ള പരിശീലനവും നൽകി ഈ മേഖല വികസിപ്പിക്കാവുന്നതാണ്

പരമ്പ് കൊട്ട :

പരമ്പരാഗതമായി പിന്നോക്ക വിഭാഗങ്ങൾ മാത്രമാണ് ഈ മേഖലയിൽൽ തൊഴിൽ എടുക്കുന്നത്. കുട്ട, മുറം, പരമ്പ്, വിവിധ തരം കയ്തുക വസ്തുക്കൾ എന്നിവ ഈറ, മുള എന്നിവ ഉപയോഗിച്ച് ഉണ്ടാക്കിയിരുന്നു. എന്നാൽ ഈ മേഖല പൂർണ്ണമായും പ്ലാസ്റ്റിക് ഉൽപന്നങ്ങൾ കയ്യടക്കിയതോടെ ഈ വിഭാഗത്തിനു തൊഴിൽ നഷ്ടപ്പെട്ടിരിക്കുകയാണ്.

ബീഡി വ്യവസായം:

വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഒരു മേഖലയാണ് ബീഡി വ്യവസായം. ട്രേഡുമാർക്കുള്ള പത്തോളം കമ്പനികൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. 2000 ത്തിലധികം ബീഡിതൊഴിലാളികൾ സ്ഥിരമായി ഈ രംഗത്ത് സേവനമനുഷ്ഠിച്ചിരുന്നു മറ്റു രംഗങ്ങളിൽ നിന്നും വ്യത്യസ്തമായി ധാരാളം സ്ത്രീകൾ ജോലി ചെയ്തിരുന്ന ഒരു മേഖലയാണ് ബീഡി വ്യവസായം. വിവിധ വ്യവസായിക മേഖലയിലും തൊഴിൽ മേഖലയിലുള്ള സ്ത്രീപുരുഷ തൊഴിലാളികൾക്കിടയിലുള്ള കൂലി വ്യത്യാസം ഇല്ലാത്തതും ബീഡി വ്യവസായത്തിലാണ് എന്ന് പ്രത്യേക

ശ്രദ്ധേയമാണ്. കമ്പനികളുടെ ഉൽപാദിപ്പിക്കുന്ന ബീഡി മാർക്കറ്റിലിറക്കുന്നതിനു മുമ്പ് ലേബലിങ്ങ് പാക്കിംഗ് എന്നീ രംഗങ്ങളും ബീഡിയുടെ വിപണന മേഖലയിലും തൊഴിൽ അവസരങ്ങളും നിലനിന്നിരുന്നു. ടുബാക്കോ ആക്ട് അനുസരിച്ച് പുകയില പാക്കുന്നതിലും ബീഡി ഉൽപന്നങ്ങളുടെ വിപണനത്തിലും നികുതി മൂലം സർക്കാറിന് നല്ല വരുമാനം ലഭിച്ചിരുന്നു.

മുൻകാലങ്ങളിൽ സാധാരണ കൂലി തൊഴിലാളികളിൽ നിന്നും വ്യത്യസ്തമായി വേതന വർദ്ധനക്ക് ഈ മേഖലയിൽ ലഭിച്ചിരുന്നു എന്നു മാത്രമല്ല തൊഴിൽദിനങ്ങളും സ്ഥിരതയും കൂടുതലും ആയിരുന്നു.

പ്രവർത്തിച്ചിരുന്നതും / പ്രവർത്തിക്കുന്നതും

	പേരു്	സ്ഥലം	നിലവിലുള്ളത്
1.	മസ്താൻ ഫോട്ടോ	തിരുവേഗപ്പുറ	ചെറിയ തോതിൽ നടക്കുന്നു
2.	P M A ഫോട്ടോ	കൈപ്പുറം	നടക്കുന്നില്ല
3.	മേജർ ഫോട്ടോ	കൈപ്പുറം	തെറ്റില്ലാത്ത വിധം നടക്കുന്നു
4.	ഹമീദ് ഫോട്ടോ	കൈപ്പുറം	പൂർണ്ണമായും നിർത്തി
5.	ഫ്ളവർ ഫോട്ടോ	നടുവട്ടം	പൂർണ്ണമായും നിർത്തി
6.	റഞ്ചിറർ ഫോട്ടോ	നടുവട്ടം	പൂർണ്ണമായും നിർത്തി
7.	സൂപ്പർ ബീഡി	കൈപ്പുറം	നല്ല നിലയിൽ നടക്കുന്നു
8.	ഫക്കീർ ബീഡി	കൈപ്പുറം	നല്ല നിലയിൽ നടക്കുന്നു

ട്രേഡ് മാർക്കില്ലാത്തതും പത്തിൽ താഴെ തൊഴിലാളികളും ഉള്ളതുമായ കമ്പനികളും വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്നുണ്ട്. ഒന്നോ രണ്ടോ വ്യക്തികളും മാത്രം ഉൽപാദിപ്പിച്ച് വിപണനം നടത്തുന്ന രീതിയും നിലവിലുണ്ട്.

കൂലി പ്രശ്നങ്ങളും തൊഴിൽ നിയമവും ഈ രംഗത്ത് ശക്തമായതോടെ കുത്തകമുതലാളിമാർ കുറഞ്ഞ കൂലിക്ക് ജില്ലക്ക് പുറത്തുള്ള ഗ്രാമങ്ങളിൽ നിന്ന് ബീഡി ഉൽപാദിപ്പിക്കുകയും തൊഴിലാളികൾക്ക് ബ്രാഞ്ച് സമ്പ്രദായത്തിൽ തൊഴിൽ നൽകുവാൻ തുടങ്ങുകയും ചെയ്തത് ഈ മേഖലയിലെ തൊഴിലാളികൾക്ക് ഭീഷണിയായി തുടങ്ങി. വൻകിട കുത്തക കമ്പനിക്കാരുടെ ഉല്പന്നങ്ങൾ കമ്പോളത്തിൽ ലഭിക്കുന്നതോടെയും മിനി സിഗററ്റുകളുടെ ആഗമനവും പുകവലി പ്രേമികളെ നാട്ടിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളിൽ നിന്നും അകറ്റി തുടങ്ങി. മെച്ചമായ ഒരു തൊഴിൽ സംസ്കാരവും വ്യവസായ സാധ്യതയും നിലനിൽക്കുന്നുണ്ട്. സഹകരണ മേഖലയിൽ സംഘടിപ്പിക്കാവുന്ന ഈ രംഗത്ത് ധാരാളം സാധ്യതകളും ഉണ്ടെങ്കിലും, ഇന്ന് കൈപ്പുറത്ത് തൊഴിലാളികളുടെ സഹകരണത്തോടെ നടക്കുന്ന സൂപ്പർ ബീഡി എന്ന ഒരു സ്ഥാപനമുണ്ട്. എങ്കിലും കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരത്തോടെ വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന ഒറ്റ സ്ഥാപനവും ഈ പഞ്ചായത്തിൽ ഇല്ല.

പപ്പടം

പപ്പട നിർമ്മാണം ഇന്ന് വളരെ സാധ്യതകളും ഉള്ള ഒരു വ്യവസായമാണ് നിലവിൽ പരമ്പരാഗത വ്യവസായങ്ങളും ഭീഷണി നേരിടാത്ത ഒരു മേഖല ഇത് ഒന്ന്

മാത്രമാണ്. കേരളീയ സദ്യകളിൽ പപ്പട ത്തിനുള്ള സ്ഥാനം ഒന്നു വേറെത്തന്നെയാണ് വിദേശങ്ങളിൽ വരെ. പപ്പടത്തിന് പ്രിയം ഏറിവരുന്ന സാഹചര്യം നാം കണക്കിലെ ടുത്ത് ഈ രംഗത്ത് തൊഴിലാളികളെ കണ്ടെ ത്തി വ്യവസായം പരിപോഷിപ്പിക്കാവുന്ന താണ്.

മദ്യം :

ഗ്രാമസഭകളിൽ ശ്രീരോഗവും സമ്പൂർണ്ണ മദ്യനിരോധനം ഒരാവശ്യമായി വന്നിരിക്ക യാണ്. മദ്യനിരോധനം ഫലപ്രദമായി നട പ്പിലാവുന്നതോടെ ഈ രംഗത്ത് ധാരാളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാൻ സാധ്യതയുള്ളത് പരിഗണിച്ച് പുതിയ വ്യവ സായ സംരംഭം കണ്ടെത്തുവാവുന്നതാണ്. കരി മ്പനകളുടെ നാടായ പാലക്കാടിന്റെ പടി ഞ്ഞാറെ അറ്റത്തുള്ള തിരുവേഗപ്പുറയിലും കരിമ്പനകളും, പനകളും ധാരാളമായിട്ടുണ്ട്. ചെത്തു തൊഴിലാളികൾ ഉൽപാദിപ്പിക്കുന്ന കള്ള് ചക്കര നിർമ്മാണം വഴി പുതിയ രൂപ ത്തിൽ സംസ്കരിച്ച് മദ്യനിരോധനം നടപ്പി ലാക്കാവുന്നതാണ്.

ഓലക്കുട :

ഓലക്കുട നിർമ്മാണവുമായി ബന്ധ പ്പെട്ട തൊഴിലാളികളെയും പണി ആധുനിക നിർമ്മാണ രംഗത്തുള്ള തൊഴിലാളികളെയും പുരധിവസിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

സാദ്ധ്യതകൾ :

1 ഊർജ്ജ പ്രതിസന്ധി നേരിടുന്ന നമ്മുടെ പ്രദേശത്ത് 4-ാം വാർഡിൽ ശ്രുതപുഴ യിൽ കളിമണ്ണ് ലഭ്യമാണ്. കളിമണ്ണ് ഉപയോഗിച്ച് ക്ഷേത കൂടിയ ഇഷ്ടിക നിർമ്മാണം നടത്താൻ കഴിയുന്ന വിദ ഗ്ധരും ഈ പ്രദേശത്ത് ലഭ്യമാണ്. പഴയന്നൂർപ്പുറം കേന്ദ്രീകരിച്ച് ഒരു ഇ ഷ്ടിക നിർമ്മാണ വ്യവസായ യൂണിറ്റ് തുടങ്ങാം.

2 മണൽ ഉപയോഗിച്ച് ഗ്ലാസ് ഫാക്ടറി സ്ഥാപിക്കുക.

3 അച്ചാർ, ജാം തുടങ്ങിയവ DWCRA യൂണിറ്റിന് കീഴിൽ തുടങ്ങുക.

4 റെഡിമെയ്ഡ് ഗാർമെന്റ്സ് നിർ മ്മാണം.

5 അടക്ക ശേഖരിച്ച് പാക്ക് രൂപത്തിൽ സംസ്കരിക്കുന്ന വ്യവസായം.

6 പരമ്പരാഗത വ്യവസായം പുനരുദ്ധരി ക്കുക.

7 ഓട്ടുപാത്ര വ്യവസായം.

8 മരവ്യവസായം.

9 മൺപാത്ര വ്യവസായം.

10 കൊപ്ര വ്യവസായം.

11 തേങ്ങാവെള്ളം സംസ്കരിച്ച് വിപണനം നടത്തൽ.

12 ചന്ദനതിരി, കറിപൗഡർ, നോട്ട്ബുക്ക് തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ വനിതാ സഹകരണ സംഘങ്ങളിലൂടെ നടപ്പിലാക്കുക.

13 കൊപ്ര സംസ്കരണ യൂണിറ്റ് നടപ്പി ലാക്കുക.

14 ആട്, മാട്, കോഴി, പശു തുടങ്ങിയ വ വളർത്തി വ്യാവസായികാടിസ്ഥാന ത്തിൽ മുട്ട, പാൽ, മാംസം എന്നിവയു ടെ വിപണനവും പ്രാണകം ഉപയോഗി ച്ച് വ്യാവസായികാടിസ്ഥാനത്തിൽ ബ യോഗ്യാസ് ഉൽപാദനവും.

15 ഹോളോബ്രിക്സ് / പൂള ഇഷ്ടിക.

16 സോഡ ഐസ്ക്രീം ഫാക്ടറി.

17 നെല്ല് ശേഖരിച്ച് അരി സംസ്കരിച്ച് വിപണനം.

18 ഓട്ടോ മൊബൈൽ വർക്ഷോപ്പ്.

19 നെയ്ത്ത്/കൈത്തറി മേഖല പുനരുദ്ധ രിക്കുക.

20 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

21 സോപ്പ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

22 കാർഷികായുധ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

23 പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, ബക്കറ്റ്, ചെരിപ്പ്, പ്ലാസ്റ്റിക് പായ, വീട്ടുപകരണങ്ങൾ, പൊളിത്തീൻ കവർ എന്നിവ നിർമ്മിക്കുക.

24 കശുവണ്ടി സംസ്കരണ വ്യവസായം.

25 കശുമാങ്ങ സംസ്കരണം.

26 പലവ്യഞ്ജന വസ്തുക്കളുടെ പാക്കിങ്ങും വിപണനവും.

27 ക്രോക്കറീസ് നിർമ്മാണ യൂണിറ്റ്.

28 ബേക്കറി സ്ഥാപിക്കുക.

29 അലുമിനിയ പാത്ര നിർമ്മാണം.

30 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ച് വ്യവസായ സംരംഭകർക്ക് വാടകക്ക് നൽകുക.

31 പച്ചക്കറി യൂണിറ്റുകൾ സംരക്ഷണവും വിപണനവും നടത്തി പരിപോഷിപ്പിക്കുക.

32 ഖാദി ബോഡിന്റെ ആഭിമുഖ്യത്തിൽ നൂൽനൂൽപ്പ് കേന്ദ്രം, സോപ്പ്, തേൻ സംസ്കരണം, ഡിറ്റർജന്റ് യൂണിറ്റ് എന്നിവ സ്ഥാപിക്കുക.

33 നട്ട്, ബോൾട്ട്, ഇലത്ത്വർക്ക് എന്നിവ തുടങ്ങുക.

34 തീപ്പെട്ടി നിർമ്മാണം.

35 വയറിങ്ങിനാവശ്യമായ പൊളിത്തീൻ പൈപ്പുകൾ നിർമ്മിക്കുക.

36 G. I. ഷീറ്റ് ഉപയോഗിച്ച് ഇലക്ട്രിക്കൽ സ്വിച്ച് ബോക്സുകൾ നിർമ്മിക്കുന്ന യൂണിറ്റ്.

37 സഹകരണമേഖലയിൽ ബീഡിക്കമ്പനി

38 കോട്ടൺ മില്ല്.

പ്രശ്നങ്ങൾ :

1. വൈദ്യുതിയുടെ ക്ഷാമം.

2. ഉൽപന്നങ്ങളുടെ വിപണനവും, കമ്പോളവും കണ്ടെത്തുന്നതിലുള്ള അശാസ്ത്രീയത.

3. വ്യവസായ സംരംഭകരെ വിഷമിപ്പിക്കുന്ന വിധത്തിലുള്ള ഡിപ്പാർട്ടുമെന്റിന്റെ അലസത.

4. മുടക്കു മുതൽ ലഭ്യമാക്കുന്നതിലുള്ള അശാസ്ത്രീയതയും, വൈകല്യങ്ങളും.

5. സംരംഭങ്ങളെ കുറിച്ച് അറിവില്ലായ്മ.

6. തൊഴിൽ പരിശീലനത്തിന്റെ അപര്യാപ്തത.

7. മാർഗ്ഗനിർദ്ദേശങ്ങളുടെ അപര്യാപ്തത.



ഗതാഗതം, ഊർജ്ജം

ഗതാഗത സൗകര്യങ്ങളിലുണ്ടായ മുന്നേറ്റത്തോടൊപ്പം എത്തിച്ചേരാൻ ഇപ്പോഴും ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല ഈ മേഖലയിൽ നേരിയ പുരോഗതി കൈവരിക്കാനും നടപ്പാതകളുടെ ഗുണപരമായ വളർച്ച സാധ്യമാക്കാനും കഴിഞ്ഞെങ്കിലും സാധാരണ ജനങ്ങളുടെ നിത്യജീവിതത്തെ സ്വാധീനിക്കും വിധം ഗുണപരമായ മാറ്റം വരുത്താൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. എന്നാൽ പഞ്ചായത്തിന്റെ ഇന്നലെകളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഇതിലും ഭയനീയമായ ഒരവസ്ഥയാണ് കാണാൻ കഴിയുക.

ടിപ്പുസുൽത്താന്റെ മലബാർ പടയോട്ട കാലത്ത് താനൂരിൽ നിന്നും ആരംഭിച്ച് തിരുവേഗപ്പുറ പതിനേഴാം കല്ലിലൂടെ കൊപ്പം ഇരുപത്തിരണ്ടാം കല്ലിൽ എത്തിച്ചേർന്ന ഇരുപത്തിരണ്ട് നാഴിക നീളമുണ്ടായിരുന്ന റോഡിന്റെ ഒരു ഭാഗമാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന പ്രധാന റോഡുകളിലൊന്ന്. പിന്നീട് ഇത് പാലക്കാട്-കോഴിക്കോട് സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന കൊപ്പം, വളാഞ്ചേരി P W D റോഡായി മാറി. പ്രസ്തുത റോഡാണ് പഞ്ചായത്തിലെ ആദ്യത്തെ P W D റോഡ്. പിന്നീട് ഈ അടുത്ത കാലങ്ങളിലാണ് കൈപ്പുറം, വിളയൂർ, നടുവട്ടം, കുരാച്ചി, തിരുവേഗപ്പുറ, അഞ്ചുമുല, പള്ളിപ്പുറം റോഡുകളും P W D റോഡുകളായി തീർന്നത്.

ഈ പഞ്ചായത്തിന്റെ അരികിലൂടെ ഒഴുകുന്ന തൂതപുഴക്ക് കുറുകെ പാലക്കാട്, മലപ്പുറം ജില്ലകളെ ബന്ധിപ്പിച്ച് കൊണ്ട് 1964ൽ 100 മീറ്ററിലധികം നീളമുള്ള ഒരു പാലം നിർമ്മിച്ചു. ഈ പാലത്തിന്റെ നിർമ്മാണത്തോടെയാണ് പഞ്ചായത്തിലെ ഗതാഗതരംഗത്ത് ഒരു കുതിച്ചുകയറ്റം ഉണ്ടായത്. എന്നാൽ പാലം വന്നതോടെ റോഡ് ഗതാഗതത്തിൽ കാര്യമായ പുരോഗതി ഉണ്ടായെങ്കിലും അതുവരെ സജീവമായിരുന്ന ജലഗതാഗതത്തിന്റെ സ്വാധീനം വളരെ കുറഞ്ഞു പാലത്തിന്റെ നിർമ്മാണത്തിനു മുമ്പ് ഈ പ്രദേശങ്ങളിലുള്ളവർ യാത്ര ചെയ്തിരുന്നതും, ചരക്കുകൾ കൊണ്ടു പോയിരുന്നതും തോണി മാർഗ്ഗമായിരുന്നു. ചരക്കിനങ്ങളായ നാളികേരം, അടക്ക, തടി മുതലായവ പൊന്നാനി

കമ്പോളത്തിലായിരുന്നു എത്തിച്ചിരുന്നത്.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വിവിധ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ധാരാളം ചെറിയ ചെറിയ റോഡുകളും ഉണ്ടെങ്കിലും അവയൊന്നും ഗതാഗത യോഗ്യമല്ല എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം ഉള്ള റോഡുകളും സഞ്ചാര യോഗ്യമാക്കിയാൽ തന്നെ ഈ രംഗത്ത് കാര്യമായ മുന്നേറ്റം നടത്താൻ സാധിക്കുമെന്ന കാര്യം തീർച്ചയാണ്.

ഗ്രാമസഭ റിപ്പോർട്ടുകളും സൂചിപ്പിക്കുന്നത് വികസനമെന്നാൽ റോഡാണ് എന്ന ജനങ്ങളുടെ ധാരണക്ക് ഇപ്പോഴും മാറ്റം വന്നിട്ടില്ല എന്നാണ്. കഴിഞ്ഞ കാലങ്ങളിൽ നാം ചെലവഴിച്ച ഫണ്ടുകളുടെ സിംഹഭാഗവും നിർമ്മാണ മേഖലയിലായിരുന്നു. പ്രസ്തുത ഫണ്ടുകളുടെ പകുതിയെങ്കിലും ഉൽപാദന മേഖലയിൽ ചിലവഴിച്ചിരുന്നുവെങ്കിൽ ഈ പഞ്ചായത്തിന്റെയുൾപ്പെടെ കേരളത്തിന്റെ വികസനചരിത്രം മറ്റൊന്നാകുമായിരുന്നു.

പഞ്ചായത്തിലെ പ്രധാന റോഡുകൾ

കൈപ്പുറം ചെമ്പ്ര - കാരമ്പത്തൂർ റോഡ്

ഏകദേശം 7½ കി. മീ. നീളമുള്ളതും പഞ്ചായത്തിന്റെ ഹൃദയഭാഗമായ കൈപ്പുറം സെന്ററിൽ നിന്ന് ആരംഭിച്ച് വിളത്തൂർ, ചെമ്പ്ര എന്നീ പ്രദേശങ്ങളുൾപ്പെടെ അഞ്ച് വാർഡുകളിലൂടെ അതിർത്തി പഞ്ചായത്തായ 'പരുത്തൂരിനെ' ബന്ധിപ്പിക്കുന്നു.

തിരുവേഗപ്പുറ മാഞ്ഞാമ്പ്ര - മുതുതല റോഡ്

പഞ്ചായത്തിലെ ഒട്ടുമിക്ക ഗവ: സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന തിരുവേഗപ്പുറ സെന്ററിൽ നിന്നും ആരംഭിച്ച് വിളത്തൂർ, മാഞ്ഞാമ്പ്ര എന്നീ ഉൾ പ്രദേശങ്ങളിലൂടെ മുതുതല പഞ്ചായത്തിലെ പള്ളിപ്പുറം, പട്ടാമ്പി പി. ഡബ്ല്യു. ഡി. റോഡിൽ എത്തിച്ചേരുന്നു. ആറിലധികം കി. മീ. നീളമുള്ളതും പഞ്ചായത്തിന്റെ മധ്യഭാഗത്ത് കൂടി കടന്നു പോകുന്നതുമായ ഈ റോഡ് ഈ പഞ്ചായത്തിനെയും, അതിർത്തി പഞ്ചായത്തുകളായ മുതുതല, പരുത്തൂർ പഞ്ചായത്തുകളിലെ പി. ഡബ്ല്യു. ഡി. റോഡുകളെ (പട്ടാമ്പി - പള്ളിപ്പുറം, കൊപ്പം-വളാഞ്ചേരി) കൂട്ടിയിണക്കുകയും ചെയ്യുന്നു.

കൈപ്പുറം - മുതുതല റോഡ്

ഈ റോഡ് ഉള്ളാട്ടപടി മുതൽ പൊട്ടിക്കല്ല് വരെ 3 കി. മീ. നീളം ഈ പഞ്ചായത്തിലുൾപ്പെട്ടതാണ്. ഈ റോഡ് ഗതാഗത യോഗ്യമാക്കുന്നതോടെ മുതുതലയുമായി ബന്ധപ്പെടാൻ വളരെ എളുപ്പമായിരിക്കും.

തിരുവേഗപ്പുറ എ. എം. എൽ. പി എസ് - കൈപ്പുറം നമസ്ക്കാരപള്ളി റോഡ്

രണ്ടര കി. മീ ദൈർഘ്യമുള്ള ഈ റോഡ് കൊപ്പം-വളാഞ്ചേരി റോഡിൽ നിന്നും പുറപ്പെട്ട് തിരുവേഗപ്പുറ കൊയിലാണ്ടി പ്രദേശത്ത് കൂടെ 3, 10 വാർഡുകളെ ബന്ധിപ്പിച്ചുകൊണ്ട് കൊപ്പം - വളാഞ്ചേരി റൂട്ടിൽ കൈപ്പുറം നമസ്കാരപള്ളിക്ക് സമീപം എത്തിച്ചേരുന്നു.

ഉതിരാളിക്കാവ് - തെക്കുമ്മല പള്ളി റോഡ്

പഞ്ചായത്തിനെ കൊപ്പം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന 1 കി. മീ. നീളവും 8 മീറ്റർ വീതിയുള്ളതുമായ ഒരു സുപ്രധാന റോഡാണിത്.

നെടുങ്ങോട്ടൂർ ആക്കപ്പറമ്പ് - ആലിക്കപ്പള്ളിയാൽ റോഡ്

ഈ പഞ്ചായത്തിനെ അതിർത്തി പ

ഞായത്തായ വിളയൂർ പഞ്ചായത്തുമായി കൂട്ടിയിണക്കുന്നതും ജനനിബിഡ പ്രദേശങ്ങളിലൂടെ കടന്നു പോകുന്നതും 8 മീറ്റർ വീതിയുള്ളതുമായ ഒരു റോഡാണിത്.

അങ്കമഹാകാളൻകാവ് – പൊറ്റക്കാട്ട്തൊടി റോഡ്

കുറച്ചു വർഷങ്ങൾക്കു മുമ്പ് ബ്ലോക്ക് ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തിയ പ്രസ്തുത റോഡിനു 8 മീറ്റർ വീതിയുണ്ട്.

ചെമ്പ്ര – കാളിയാർവട്ടം റോഡ്

നാലാം വാർഡിന്റെ മധ്യത്തിൽ കൂടി ജനനിബിഡ പ്രദേശങ്ങളെ സ്പർശിച്ച് ഭൂതപുഴയിലെ കാളിയാർ കടവിൽ കൂടി മലപ്പുറം ജില്ലയെ ബന്ധിപ്പിക്കുന്ന ഒരു പ്രധാന റോഡാണിത്. ഈ റോഡിനു 2½ കി. മീ. അധികം ദൈർഘ്യം വരും.

കൊച്ചനം പാറ – വെട്ടികുത്തിയാൽ റോഡ്

പഞ്ചായത്തിലെ കൈപ്പുറം മുതുതല റോഡിൽ കൊച്ചനം പാറയിൽ നിന്നും പുറപ്പെട്ട് വെട്ടികുത്തിയാൽ വരെ പോകുന്ന ഈ റോഡിനു 1 കി. മീ. ഏറെ നീളമുണ്ട്. ഈ റോഡിൽ നിന്നാരംഭിച്ച് മുത്തശ്ശ്യാർക്കാവ് കാവുചോല വഴി മുതുതല വരെ 1. 5 കി. മീ. ദൈർഘ്യമുള്ള മറെറാരു റോഡ് ഇതിന്റെ പോഷക റോഡാണ്.

കൈപ്പുറം – മൈലാടി – വിളയൂർ റോഡ്

കൈപ്പുറം സെൻററിൽ നിന്നും പുറപ്പെട്ട് മൈലാടി വഴി എടപ്പലത്തു ചെന്നു ചേരുന്ന ഈ റോഡിനു 8 മീറ്റർ വീതിയും 1½ കി. മീ. നീളവുമുണ്ട്.

കൂർക്കപറമ്പ് – വിളയൂർ റോഡ്

കൈപ്പുറം സെൻററിൽ നിന്നും പുറപ്പെട്ടം വിളയൂർ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന ഏകദേശം 2 കി. മീ. നീളമുള്ള ഒരു റോഡാണിത്.

പറളിപ്പടി – കുളക്കാട്ടുകുളം റോഡ്

തിരുവേഗപ്പുറ മുതുതല റോഡിന്റെ ഒരു ഭാഗവും 8 മീറ്റർ വീതിയും, 1½ കി. മീ. നീളമുള്ളതും മെറ്റൽ ചെയ്തതുമായ ഒരു റോഡാണിത്.

ചിനവതിക്കാവ് – നെടുങ്ങോട്ടൂർ റോഡ്

കൊപ്പം-വളാഞ്ചേരി റൂട്ടിൽ ചിനവതിക്കാവിനു സമീപത്തു നിന്നും ആരംഭിക്കുന്ന ഈ റോഡിനു 3 കി. മീ. നീളവും 8 മീറ്റർ വീതിയുമുണ്ട്. കൈപ്പുറം ലക്ഷംവീടിനെ സ്പർശിച്ച് നെടുങ്ങോട്ടൂർ കുളഞ്ചിറപടിയിലാണ് ഈ റോഡ് എത്തിച്ചേരുന്നത്.

നടുവട്ടം – തെക്കുമ്മല റോഡ്

കൊപ്പം - വളാഞ്ചേരി റൂട്ടിൽ നടുവട്ടം സെൻററിൽ നിന്നും പുറപ്പെട്ട് കുന്നത്തൊടിപ്പടി ഹരിജൻ കോളനിയിൽ കൂടി തെക്കുമ്മല പള്ളി റോഡുമായി സന്ധിക്കുന്ന ഈ റോഡിനു 2 കി മീ. നീളമുണ്ട്.

പഞ്ചായത്തിലെ ഹരിജൻ കോളനി റോഡുകൾ

1. പാണപ്പറമ്പ് ഹരിജൻ കോളനി
2. കുന്നത്തൊടിപ്പടി ഹരിജൻ കോളനി
3. മുല്ലശ്ശേരിപ്പറമ്പ് ഹരിജൻ കോളനി
4. പൊട്ടക്കാവ് ഹരിജൻ കോളനി
5. തലശ്ശേരിപ്പറമ്പ് ഹരിജൻ കോളനി
6. പൂതേരികുണ്ട് ഹരിജൻ കോളനി
7. കാളഞ്ചിറപ്പടി ഹരിജൻ കോളനി
8. കുനിക്കളം ഹരിജൻ കോളനി
9. കളത്തുംപടി ഹരിജൻ കോളനി
10. കറുക്കുംകാട് ഹരിജൻ കോളനി
11. പടപ്പയിൽപടി ഹരിജൻ കോളനി
12. കോതറപ്പുറം ഹരിജൻ കോളനി
13. തവളക്കുന്ന് ഹരിജൻ കോളനി
14. മാഞ്ഞാമ്പ്ര ഹരിജൻ കോളനി
15. വിളത്തൂർ എൽ പി. എസ്. മാഞ്ഞാമ്പ്ര പറയ കോളനി
16. പൊറക്കാട്ടുതൊടി ഹരിജൻ കോളനി
17. കുളപ്പുറത്തൊടി ഹരിജൻ കോളനി
18. പണിക്കരുതൊടി – പന്നിപ്പറമ്പ് ഹരിജൻ കോളനി
19. ഉതിരാളിക്കാവ് - തവളക്കുന്ന് ഹരിജൻ കോളനി
20. കോങ്കോട് – ചോലക്കൽ പറയ കോളനി
21. ചോലക്കാവ് ഹരിജൻ കോളനി
22. ഏറാഞ്ചിക്കുന്ന് ഹരിജൻ കോളനി
23. തേവർക്കുന്ന് ഹരിജൻ കോളനി
24. അയ്യപ്പൻകാവ് പാണൻപടി ഹരിജൻ കോളനി

ഗതാഗത സൗകര്യങ്ങൾക്കായി ഉപയോഗിക്കുന്ന
ചെറിയ റോഡുകൾ (വില്ലേജ് റോഡുകൾ)

1 മൊയ്ത്തുട്ടി മെമ്മോറിയൽ റോഡ്
2 മുച്ചിത്തറ - മേടോട്ടപള്ളിയാൽ
3 ഞാവംക്കാട് - കുന്നിലം
4 ബേറിയ്യാ മുക്ക് - പീക്കളം
5 കരുത്തോലി - ഞാവംക്കാട്
6 കുക്കശ്ശേരി - തമരശ്ശേരി
7 കരുത്തോലി - കുക്കശ്ശേരി
8 അമ്പലനട - ഗ്രാമസേവക് കോർട്ടേഴ്സ്
9 കണ്ടപറമ്പിൽ തൊടി - കാളിയാർവട്ടം
10 പള്ളിപ്പടി - മലയിൽ തൊടിപ്പടി
11 പെന്ത്ര - തെഴപ്പുറംപടി
12 എളയാട്ടുമന - പവറേക്കത് കടവ്
13 പൊറക്കാട്ടുതൊടി - കൊളപ്പുറത്തുക്കി ഹരിജൻ കോളനി
14 മുജനകാം - തൈക്കാട്ട്
15 അരിമ്പൂർ - ഓട്ടുപാറ
16 പൊട്ടിക്കല്ല് - ഓട്ടുപാറ
17 ബാലവാടി - പുളിയപള്ളിയാൽ
18 ബാലവാടി - തെഴത്തെപടി
19 കൈപ്പുറം നൂറുമനിയ്യ മസ്ജിദ് - പെർക്കളം
20 നെടുങ്ങോട്ടൂർ എൽ പി. എസ്. - പുത്തൻകടവ്
21 നെടുങ്ങോട്ടൂർ സെൻറർ അയ്യപ്പക്ഷേത്ര ബൈപാസ്
22 നെടുങ്ങോട്ടൂർ സഹ്കരണ സൊസൈറ്റി - പാക്കടവ്
23 നെടുങ്ങോട്ടൂർ - ആലക്കടവ്
24 നെടുങ്ങോട്ടൂർ - പള്ളി
25 നെടുങ്ങോട്ടൂർ - കരിമ്പനത്തോട്ടം
26 കൈപ്പുറം - ശ്മശാനം
27 മുച്ചിത്തറ - പരൽകടവ്
28 വെസ്റ്റ് കൈപ്പുറം - പരൽക്കടവ്
29 ഇട്ടിയാംപറമ്പ് - മുത്തിക്കൽ
30 ഇട്ടിയാംപറമ്പ് - പൊലിപ്പള്ളം
31 കരുത്തോലി - ഞാവംക്കാട്

പുതുതായിനിർമ്മിക്കേണ്ട റോഡുകൾ

ബദ്രിയ്യാ: ചീക്കുളം - വിളത്തൂർ റോഡ്

ബദ്രിയ്യാ ചീക്കുളം റോഡ് വിളത്തൂരുമായി ബന്ധിപ്പിച്ചാൽ പഞ്ചായത്തിലെ ഉൾപ്രദേശങ്ങളിലെ ജനങ്ങളുടെ ഗതാഗത സൗകര്യത്തിനതൊരു മുതൽക്കൂട്ടാവും. ഇതുമൂലം വിളത്തൂരിൽ നിന്നും കൈപ്പുറം (വെസ്റ്റ്) ഭാഗത്തേക്ക് വളരെ പെട്ടെന്ന് എത്തിച്ചേരാനാകും

കോന്തത്ത് പടി കണ്ണൻതൊടിപ്പടി റോഡ് കൈപ്പുറം - എടവർകുന്ന് റോഡ്

കൈപ്പുറത്തു നിന്നും എടവർകുന്ന് കോളനിഭാഗം ഒരു തുരുത്തുപോലെ ഒറ്റപ്പെട്ടുകിടക്കുന്നു. കൈപ്പുറത്തു നിന്നും ഈ ഭാഗത്തേക്ക് റോഡ് നിർമ്മിച്ച് ഈ പ്രദേശത്തുകാർക്ക് യാത്രാസൗകര്യം ഉണ്ടാക്കാനാവുന്നതാണ്.

മുത്തശ്ശിയാർകാവ് ചോല നെടുമ്പുറത്ത് ചോല റോഡ്

ഈ റോഡ് നിർമ്മാണത്തിലൂടെ തെക്കുമ്മല നിവാസികളുടെ യാത്രാക്ലേശത്തിനും ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും.

നടുവട്ടം - കരുളിച്ചിറ റോഡ്

പുത്തില്ലം മനവഴി തേവർക്കുന്ന്കോളനിയിലേക്ക് ഒരു റോഡുവെട്ടാം. അതുവഴി കരുളിച്ചിറ ഭാഗത്തെ ഗതാഗത പ്രശ്നം പരിഹരിക്കാവുന്നതാണ്.

പറക്കല്ല് റോഡ്:

പഞ്ചായത്തിന്റെ വടക്കു ഭാഗത്തു 11-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു ഉയർന്ന പ്രദേശമാണ് പറക്കല്ല് ഭാഗം. വെള്ളവും, വൈദ്യുതിയും എത്തുത്ത ഈ പ്രദേശം എല്ലാ നിലയിലും ഒറ്റപ്പെട്ട കിടക്കുന്ന ഒരു ഭാഗമാണ്. ഈ പഞ്ചായത്തിൽ ഇത്തരത്തിലുള്ള മറ്റൊരു പ്രദേശം ഇല്ലെന്നു പറയാം. വളരെ അടിയന്തിരമായി ഒരു ഗതാഗത സൗകര്യമാണ് ഏർപ്പെടുത്തേണ്ടത്. ഗർഭിണികളും രോഗികളുമാണ് റോഡില്ലാത്തതിന്റെ ദുരിതം വളരെയധികം സഹിക്കേണ്ടി വരുന്നത്. രണ്ട് കിലോമീറ്ററിലധികം ദൂരം കുടുന്നു പോകുന്ന റോഡ് നിർമ്മിക്കുന്നതിനായി സമീപ വാസികളും സ്ഥലം അനുവദിച്ചു തരാൻ തയ്യാറായിട്ടുണ്ട്. പഞ്ചായത്തിൽ തന്നെ ആദ്യത്തെ പരിഗണന അർഹിക്കുന്ന ഏക റോഡാണ് പറക്കല്ല് റോഡ്. കാളഞ്ചിറപടി ഭാഗത്തു നിന്നോ, കൈപ്പുറം മൈലാടി റോഡിൽ നിന്നോ ഈ ഭാഗത്തേക്ക് റോഡിൽ നിന്നോ, കൈപ്പുറം മൈലാടി റോഡ് നിർമ്മിക്കാനുള്ള സാധ്യതകളുണ്ട്.

വെള്ളിയാംകല്ല് റഗുലേറ്റർ കം ബ്രിഡ്ജ്

തിരുവേഗപ്പുറ പഞ്ചായത്തിനെ തൃത്താല നിയോജക മണ്ഡലവുമായി ബന്ധിപ്പിക്കുന്നതും ഭാരതപ്പുഴയുടെ പരിസര പഞ്ചായത്തുകളെ വരൾച്ചയിൽനിന്നും രക്ഷിക്കുന്നതിനും ഉപയുക്തമായ തൃത്താല വെള്ളിയാംകല്ല് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ഈ പഞ്ചായത്തിന് വളരെയധികം ഉപകാരപ്രദമായതാണ്. വർഷക്കാലത്ത് പുഴയിലേയും പരിസര പ്രദേശത്തേയും മഴവെള്ളവും ഉറവുജലവും കുത്തിയൊലിച്ച് അറബിക്കടലിൽ ചെന്നുചേരുന്നു. ഈ വെള്ളം തടഞ്ഞുനിർത്തി മനുഷ്യസമൂഹത്തിന്റെ നന്മക്കു വേണ്ടി ഉപയോഗപ്പെടുത്താനുള്ള ശ്രമം ആവശ്യമാണ്. അടുത്ത കാലത്തായി നിരവധി ശുദ്ധജല വിതരണ പദ്ധതികളും ഭാരതപ്പുഴയിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനത്തോടുകൂടി ഭാരതപ്പുഴയിലെ ഉപരിജലം, മാത്രമല്ല ഭൂഗർഭജലവും കുറഞ്ഞുകൊണ്ടിരിക്കുന്നു. പുഴയുടെ ഇരു കരകളിലും സമീപ പ്രദേശങ്ങളിലുള്ള കുളങ്ങളും, കിണറു

കളും, തോട്ടുങ്ങളും വറ്റിവരണ്ടു പോകുന്നു. തോട്ടുവിളകളും വലിയ വരൾച്ചയെ നേരിടുന്നു. ഈ ദുരിതത്തിൽ നിന്നും പ്രദേശത്തെ ജനങ്ങളെയും സസ്യ ജന്തുജാലങ്ങളെയും രക്ഷിക്കുവാൻ സാധിക്കണമെങ്കിൽ ഭാരതപുഴയുടെ ഏറ്റവും വീതി കുറഞ്ഞ ഭാഗമായ വെള്ളിയാം കല്ല് എന്ന സ്ഥലത്ത് റഗുലേറ്റർ കം ബ്രിഡ്ജ് നടപ്പിലാക്കേണ്ടതാണ്. ഇതുമായി ബന്ധിപ്പിക്കുന്ന റോഡും നിർമ്മിച്ചാൽ തിരുവേഗപ്പുറ പരുത്തൂർ പഞ്ചായത്തുകൾക്ക് നിയോജക മണ്ഡലസ്ഥാനവുമായി ബന്ധപ്പെടാനും വാണിജ്യ പ്രദേശമായ തൃശൂരിലേക്കുള്ള ദൂരം കുറക്കാനും കഴിയും.

വയലുകൾക്ക് കൂർഷ്ടികോപകരണങ്ങളും മറ്റും കൊണ്ടുപോയി കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിനും വഴികൾ ഗതാഗത യോഗ്യമാക്കുന്നതിനും താഴെ പറയുന്ന സ്ഥലങ്ങളിൽ അടിയന്തിരമായ റാമ്പുകൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്.

- കട്ടേങ്ങലൊടി നിലത്തിൽ റോഡിൽ നിന്ന് പടിഞ്ഞാർ കിഴക്ക് ഭാഗങ്ങളിൽ
- കരുത്തോലി റോഡിൽ പടിഞ്ഞാർ കിഴക്ക് ഭാഗങ്ങളിൽ
- മനക്കൽപടിയിൽ നിന്നും ചീക്കുളം ഭാഗത്തേക്ക്
- കള്ള്ഷാപ്പ് റോഡിൽനിന്നും നിലയങ്ങോട് പാടത്തേക്ക്
- മൊയ്യട്ടി മെമ്മോറിയൽ റോഡിൽ നിന്നും കൈപ്പുറം പാടത്ത് കിഴക്ക് പടിഞ്ഞാറ് ഭാഗങ്ങളിൽ
- നടുവട്ടം തെക്കുമ്മല റോഡിൽ ചെമ്പ്രതോടിനു തെക്കു വശത്തായി കിഴക്ക് പടിഞ്ഞാറ് വയലുകളിൽ

ജലഗതാഗതം

ജലഗതാഗത മേഖലയുടെ പ്രാധാന്യം ഈ പഞ്ചായത്തിൽ കുറഞ്ഞുവരികയാണ്. തിരുവേഗപ്പുറ പഞ്ചായത്തുകൾക്കൊള്ളുന്ന പാലക്കാട് ജില്ലയേയും അതിർത്തി ജില്ലയായ മലപ്പുറത്തേയും ചേർത്തിരിക്കുന്നത് ഈ പഞ്ചായത്തിനോടു ചേർന്നൊഴുകുന്ന ഭാരതപ്പുഴയാണ്. പണ്ട് കാലങ്ങളിൽ അതിർത്തി ജില്ലകളിലേക്കെത്താൻ ജനങ്ങൾ പ്രധാനമായും ജല ഗതാഗതത്തെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ 1954 ൽ തിരുവേഗപ്പുറ കടവിനു മുകളിലൂടെ ഭാരതപ്പുഴക്കു കുറുകെ നിർമ്മിച്ച പാലത്തിന്റെ വരവോടെ ജല ഗതാഗത മേഖലയുടെ സ്വാധീനം വളരെ കുറഞ്ഞു. അക്കാലങ്ങളിൽ വില്ലൂർക്കടവ്, പുതിയകടവ്, മണ്ണാർക്കടവ്, കാളിയാർവട്ടം കടവ്, ചവറയിൽ കടവ്, ആലക്കടവ്, തിരുവേഗപ്പുറ കടവ്, എന്നിവയായിരുന്നു പ്രധാന കടത്തു കേന്ദ്രങ്ങൾ. എന്നാലിന്ന് ഇവയിൽ പലതിലും ഗതാഗതം നടക്കുന്നില്ല.

ഗതാഗതമേഖലയിലെ പ്രശ്നങ്ങൾ, സാദ്ധ്യതകൾ

റോഡ് ഗതാഗതം പ്രശ്നങ്ങൾ

കൈപ്പുറം ചെമ്പ്ര കാരമ്പത്തൂർ റോഡ്

പ്രസ്തുത റോഡ് പഞ്ചായത്തിന്റെ ജെ. ആർ. വി. ഫണ്ടുപയോഗിച്ച് ഘട്ടംഘട്ടമായി ടാർ ചെയ്യുകയും ബസ്സുംപ്പടെയുള്ള വാഹനങ്ങൾ സർവ്വീസ് നടത്തുകയും ചെയ്തിരുന്നു. എന്നാൽ ആവശ്യമായ സമയങ്ങളിൽ റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്താനോ റീ ടാറിങ്ങ് നടത്താനോ ഉള്ള സാമ്പത്തിക ശേഷി ഇല്ലാതിരുന്നതിനാൽ ഈ റോഡിന്റെ അവസ്ഥ അതിശോചനീയമാണ്.

തിരുവേഗപ്പുറ മാഞ്ഞാമ്പ്ര മുതുതല റോഡ്

രണ്ട് കി. മി ടാർ ചെയ്യുകയും ഒന്നേകാൽ കി. മി. മെറ്റൽ ചെയ്യുകയും ചെയ്തിട്ടുള്ള ഈ റോഡിന്റെ ദൈർഘ്യം 6 കി. മി. ആണ്. ബാക്കി വരുന്ന സ്ഥലത്ത് ടാറിങ്ങ് നടത്തുകയോ മെറ്റൽ പതിക്കുകയോ ചെയ്യാത്തതിനാൽ ഇതിലെയുള്ള യാത്ര ദുർഘടമായിരിക്കുകയാണ്. ഇതിൽ കുളക്കാട്ടുകളം

മുതൽ പഞ്ചായത്ത് അതിർത്തിയായ ഏറാടി പ്പടി വരെയുള്ള ഭാഗം വളരെ ശോചനീയമാ യ അവസ്ഥയിലാണ്. ഈ ശോച്യാവസ് ഥക്ക് പരിഹാരം കാണേണ്ടത് നമ്മളോടെ ഒ ഴിച്ചുകൂടാൻ പറ്റാത്ത ബാധ്യതയാണ്.

കൈപ്പുറം മുതുതല റോഡ്

പ്രസ്തുതറോഡിന് ഈ പഞ്ചായത്തിൽ 3 കി. മി. നീളമുണ്ട്. ഇതിൽ 1.5 കി. മി. മെറ്റൽ ചെയ്തിട്ടുണ്ടെങ്കിലും ഗതാഗതയോഗ്യ മായിട്ടില്ല. ഒരു കി. മി. ടാർ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെങ്കിലും ഫണ്ട് ദൗർലഭ്യം മൂലം ബാക്കിഭാഗം ഗതാഗത യോ ഗ്യമാക്കാൻ കഴിയുകയില്ല.

തിരുവേഗപ്പുറ എ. എം. എൽ. പി എസ് കൈപ്പുറം നമസ്കാരപള്ളി റോഡ്

2½ കി. മി. ദൈർഘ്യമുള്ള ഈ റോ ഡിന്റെ കുറച്ചുഭാഗം മെറ്റൽ ചെയ്തിട്ടുണ്ടെ കിലും ഫണ്ടില്ലാത്തതിനാൽ ബാക്കിഭാഗം മെ റ്റലിങ്ങ് നടത്തിയിട്ടില്ല. ഹരിജൻകോളനി ലക്ഷംവീട്, ആരാധനാലയങ്ങൾ, നഴ്സറി സ്കൂൾ, മദ്രസ എന്നിവ ഈ റോഡിന്റെരണ്ട് ഭാഗങ്ങളിലും പ്രവർത്തിക്കുന്നു. ഇവയോട് ബന്ധപ്പെട്ടവരും അല്ലാത്തവരുമായി ആയിര ങ്ങൾ ഉപയോഗിക്കുന്ന ഈ റോഡ് എത്രയും പെട്ടന്ന് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

ഉതിരാളിക്കാവ് – തെക്കുമ്മല പള്ളിറോഡ്

ധാരാളം ജനങ്ങളുപയോഗിക്കുന്ന ഈ റോഡിന്റെ ശോച്യാവസ്ഥക്ക് പരിഹാരം കാണേണ്ടതായിട്ടുണ്ട്. ഫണ്ടില്ലാത്തതിനാ ലാണ് ഈ റോഡ് നാശമായിക്കിടക്കുന്നത്

നെടുങ്ങോട്ടൂർ ആക്കപ്പറമ്പ് ആലിക്കപള്ളിയാൽ റോഡ്

തിരുവേഗപ്പുറ പഞ്ചായത്തും വിളയൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ഈ റോ ഡ് മെറ്റലിങ്ങ് കഴിഞ്ഞിട്ടുള്ളതാണെങ്കിലും ഗതാഗതയോഗ്യമല്ല വിളയൂരിലുള്ള എടു ലം PTMY ഹൈസ്കൂളിലേക്കുള്ള വിദ്യാ ർത്ഥികൾക്കും മറ്റുപ്രയോജന പ്പെടുന്നതാണ് PWD ഏറ്റെടുക്കാൻ സന്നദ്ധത പ്രകടിപ്പി ച്ചിട്ടുണ്ടെങ്കിലും നടപടി ക്രമങ്ങൾ പൂ ർണ്ണമായിട്ടില്ല.

അങ്കമഹാകാളൻകാവ് പൊറ്റക്കാട്ട്തൊടി റോഡ്

പ്രസ്തുത റോഡ്നിർമ്മാണത്തിനനുവ ദിക്കപ്പെട്ട ഫണ്ട് ചുവപ്പ്നാടയിൽ കുടുങ്ങി കിടക്കുന്നതിനാൽ റോഡിന്റെ ശോച്യാവസ്ഥ ക്ക് പരിഹാരം കാണാനായിട്ടില്ല.

ചെമ്പ്ര കാളിയാർവട്ടം റോഡ്

2½ കി. മി. ദൈർഘ്യമുള്ളഈ റോഡി ന്റെ രണ്ടു കി. മി. ദൂരം മാത്രം മെറ്റൽചെയ്തി ട്ടുള്ള ഈ റോഡ് ഗതാഗത യോഗ്യമായാൽ ത്രുതപ്പുഴയിൽ നിന്ന് മണൽ എടുക്കുന്നതിനും അതുവഴി പഞ്ചായത്തിനൊരു വരുമാനമാർഗ്ഗം കണ്ടെത്തുവാനും സാധിക്കും.

കൊച്ചനംപാറ വെട്ടിക്കുത്തിയാൽ റോഡ്

തെക്കുമ്മല പ്രദേശത്തെ ജനങ്ങളുടെ യാത്രാക്ലേശം ദൂരീകരിക്കാൻ ഈ റോഡിന്റെ നിർമ്മാണം അത്യാവശ്യമാണ്. കുണ്ടും കുഴി യുമായി കിടക്കുന്ന ഈ റോഡിലൂടെയുള്ള യാത്ര സാഹസികത നിറഞ്ഞതാണ്.

കൈപ്പുറം മൈലാടി വിളയൂർ റോഡ്

1½ കി. മീ. ദൈർഘ്യമുള്ള ഈ റോ ഡിന്റെ ½ കി. മീ. ഭാഗത്ത് മെറ്റലിങ്ങ് നടത്തിയിട്ട് വർഷങ്ങളായി. കല്ലുകളെല്ലാം ഇളകി പോണ്ട് മെറ്റലിങ്ങ് നടത്തിയ സ്ഥാ ലത്ത് പോലും യാത്ര ദുഷ്കരമായിരിക്കുക യാണ്.

കുളിക്കപറമ്പ് - വിളയൂർ റോഡ്

2 കി. മീ. നീളമുള്ള ഈ റോഡ് ടാറിങ്ങ് നടത്തുന്നതിന് 1 ലക്ഷം രൂപ സ്പെഷൽ ഫണ്ടായി അനുവദിച്ച് കിട്ടിയിട്ടുണ്ടെങ്കിലും ഈ സംഖ്യകൊണ്ട് മുഴുവൻ സ്ഥലവും ടാറിങ്ങ് നടത്താൻ കഴിയുകയില്ല.

പറളിപ്പടി കുളക്കാട്ടുകുളം റോഡ് ചിനവതിക്കാവ് നെടുങ്ങോട്ടൂർ റോഡ്

ഈ റോഡിലൂടെ ഗതാഗതം വളരെ ദുർഘടം പിടിച്ചതാണ്. റോഡ് ഉയർന്ന ഭാഗങ്ങൾ വെട്ടിതാഴ്ത്തി പാറക്കല്ലുകൾ നിരത്തി ഗതാഗത യോഗ്യമാക്കേണ്ടതാണ്.

നടുവട്ടം തെക്കുമ്മല റോഡ്

രണ്ട് കി. മീ നീളമുള്ള ഈ റോഡിന്റെ മധ്യത്തിലൂടെയുള്ള പൈമ്പ തോടിന് കുറുകെ പാലം നിർമ്മിച്ച് ഗതാഗത യോഗ്യമാക്കാനുള്ള പദ്ധതികൾ ആവശ്യമാണ്.

പല റോഡുകളും സ്വകാര്യ വ്യക്തികൾ കയ്യേറുന്നു. ഇതിനൊരു പരിഹാരം അത്യാവശ്യമാണ്.

സാദ്ധ്യതകൾ :

മേൽപറഞ്ഞ റോഡുകളെല്ലാം പഞ്ചായത്തിലെ ഉൾപ്രദേശങ്ങളിലൂടെയോ മർമ്മ സ്ഥാനങ്ങളിലൂടെയോ ആണ് പോകുന്നത്. ആയതിനാൽ അവ ടാറിങ്ങ് നടത്തി ഗതാഗത യോഗ്യമാക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. ഫണ്ടിന്റെ ദൗർലഭ്യം മൂലമാണ് പ്രസ്തുത റോഡുകളെല്ലാം നശിച്ച് കൊണ്ടിരിക്കുന്നത്. 8 മീറ്ററിൽ വീതി കാണുന്ന റോഡുകളും ഇവയിൽ ഉൾപ്പെട്ടതിനാൽ ഉപാധി രഹിത ഫണ്ടുകളോ, സ്പെഷൽ ഫണ്ടുകളോ അനുവദിച്ച് റോഡുകളുടെ ഇന്നത്തെ ശോചനീയാവസ്ഥക്ക് പരിഹാരം കാണാം.

വിദ്യാലയങ്ങളും, ദേവാലയങ്ങളും, അംഗനവാടികളും തുടങ്ങിയ സ്ഥാപനങ്ങളും മേൽപറഞ്ഞ റോഡുകളുടെ ഇരുവശങ്ങളിലായി സ്ഥിതി ചെയ്യുന്നുണ്ട്. അതുകൊണ്ട് തന്നെ വിദ്യാർത്ഥികളുൾപ്പെടെ ധാരാളം പേർ സഞ്ചരിക്കുന്ന ഈ റോഡുകളുടെ ശോച്യാവസ്ഥക്ക് പരിഹാരം കാണേണ്ട സാഹചര്യമാണ് ഇന്നുള്ളത്. ഇവയിൽ പല റോഡുകളും പഞ്ചായത്തിലെ ഉൾപ്രദേശങ്ങളിലെ ജനങ്ങളെ പുറം ലോകവുമായി ബന്ധപ്പെടുത്തുന്നവയാണ്.

സാദ്ധ്യതകൾ ഇങ്ങിനെ ചുരുക്കാം

1 ഫണ്ടുകൾ (ഉപാധിരഹിത ഫണ്ടുകളുൾപ്പെടെ) അനുവദിച്ച് പ്രസ്തുത റോഡുകളുടെ നിർമ്മാണം ആരംഭിക്കാം.

2 ചില റോഡുകൾക്ക് അനുവദിക്കപ്പെട്ട ഫണ്ടുകൾ ഉടനെ ലഭ്യമാക്കി പണി ആരംഭിക്കാവുന്നതാണ്.

3 പുതുതായി ഉണ്ടാക്കേണ്ട റോഡുകളുടെ നിർമ്മാണത്തിൽ ജനപങ്കാളിത്തം ഒരു സുപ്രധാന ഘടകമായിരിക്കും.

4 ചില റോഡുകൾക്ക് അനുവദിച്ച ഫണ്ടുകൾ തികയാത്ത സാഹചര്യത്തിൽ പണി ആരംഭിച്ചിട്ടില്ല. ആവശ്യമായ ഫണ്ടുകൾ അനുവദിക്കപ്പെടുകയാണെങ്കിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

ഊർജ്ജം

ഊർജ്ജ പ്രതിസന്ധി നേരിടുന്ന കേരളത്തിനു് ഒട്ടും അപവാദമല്ലാത്ത രീതിയിൽ ഊർജ്ജക്ഷാമം നേരിടുന്ന ഒരു പ്രദേശമാണു് തിരുവേഗപ്പുറ പഞ്ചായത്തു്. വിവിധ മേഖലകളിൽ നിന്നും ലഭ്യമാകുന്ന ഊർജ്ജത്തിന്റെ ഉപയോഗത്തിലും വിതരണത്തിലുമുള്ള അശാസ്ത്രീയത ഈ മേഖലയിലെ പ്രതിസന്ധിക്കു് ആക്കം കൂട്ടുന്നു.

കാർഷിക, ഗാർഹിക, വ്യവസായ-വാണിജ്യാവശ്യങ്ങൾക്കാണിതിൽ പ്രാധാന്യം.

വൈദ്യുതി, എണ്ണ, കൽക്കരി, വിറകു്, വാതകം മുതലായവ ഊർജ്ജ രൂപങ്ങളാണെങ്കിലും വിറകും വൈദ്യുതിയുമാണു് ഊർജ്ജാവശ്യങ്ങൾക്കായി പ്രധാനമായും ഉപയോഗിക്കുന്നതു്.

വൈദ്യുതിയുടെ ഉപഭോഗം വിവിധ മേഖലകളിൽ

ഏതാണ്ടു് വൈദ്യുതോപഭോക്താക്കളുള്ള ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പതിനഞ്ചു് സോഡിയം വേപ്പർ ലാമ്പുകളുണ്ടു്. 154 ബൾബുകളും, 10 ട്യൂബുകളും പൊതു വഴികളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവയിൽ കൂട്ടലും പ്രവർത്തനക്ഷമമല്ല. പഞ്ചായത്തിന്റെ വരുമാനത്തിൽ നിന്നു് 28, 943 രൂപ അതായതു് 6.4% ഓരോ വർഷവും ഇലക്ട്രിസിറ്റി ബോർഡിൽ അടക്കുന്നുണ്ടെങ്കിലും അടക്കുന്ന തുകയുടെ മൂല്യത്തിനനുസരിച്ചുള്ള ഗുണം അതുകൊണ്ടു് കിട്ടുന്നില്ല. സോഡിയം വേപ്പർ ലാമ്പുകളും പഞ്ചായത്തുടമസ്ഥതയിലായതിനാൽ കേടുപാടുകളും അതാതു് സമയങ്ങളിൽ തീർത്തു് പ്രവർത്തനക്ഷമമാക്കാറുണ്ടു്. എന്നാൽ തെരുവു് വിളക്കുകളും ഇലക്ട്രിസിറ്റി ബോഡിന്റെ ഉടമസ്ഥതയിലായതിനാൽ അതാതു് സമയങ്ങളിലുണ്ടാകുന്ന കേടുപാടുകൾ തീർക്കാനോ മറ്റൊരു ഉദ്ദേശം ഡിപ്പാർട്ടുമെന്റു് മേഖത്തു് നിന്നും വളരെ വിരളമായേ ഉണ്ടാകാറുള്ളൂ.

ഗാർഹികം:

ഗാർഹികാവശ്യങ്ങൾക്കായി പ്രധാനമായും വൈദ്യുതിയാണുപയോഗിക്കുന്നതു് എന്നാണു് ഉപഭോക്താക്കളും ഈ മേഖലയിലുണ്ടു്.

കാർഷികം:

ഗാർഹിക ഉപഭോഗം കഴിച്ചാൽ പിന്നീടു് വൈദ്യുതി മുഖ്യമായും കാർഷിക ആവശ്യങ്ങൾക്കാണുപയോഗിക്കുന്നതു്. പ്രധാന കാർഷികവിളകളായ വാഴ, നെല്ലു്, തെങ്ങു്, കവുങ്ങു്, വാഴ എന്നിവയുടെ ജലസേചനാവശ്യത്തിനുള്ള മോട്ടോർ, പമ്പു് സെറ്റുകളും മുതലായവ പ്രവർത്തിപ്പിക്കാനാണു് ഈ മേഖലയിൽ വൈദ്യുതി കൂടുതലായും ഉപയോഗിക്കുന്നതു്.

വ്യവസായം:

വ്യവസായ സംരംഭങ്ങൾക്കു് വൈദ്യുതി ഒരു സുപ്രധാന ഘടകമാണെങ്കിലും തിരുവേഗപ്പുറ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ മേഖലയിലുള്ള ഉപഭോഗം വളരെ കുറവാണു്. നാലു മരമില്ലുകളും, ഒരു ക്രഷർ, ഒരു തീപ്പെട്ടിക്കമ്പനി പത്തു് റൈസു് & ഫ്ളവർമിൽ മൂന്നു് സിറ്റിൽ ഇൻഡസ്ട്രി, ഒരു വുഡു് & ഫർണ്ണീച്ചർ ഇൻഡസ്ട്രി തുടങ്ങിയവയാണു് ഇവിടുത്തെ വ്യവസായ യൂണിറ്റുകളും.

വാണിജ്യം:

വാണിജ്യ സ്ഥാപനങ്ങളോ, ഷോപ്പിങ്ങു് കോപ്ലക്സുകളോ ഈ പഞ്ചായത്തിലില്ലാത്തതിനാൽ ഈ രംഗത്തുള്ള വൈദ്യുതിയുടെ ഉപഭോഗം വളരെ കുറവാണു്. കച്ചവട ആവശ്യങ്ങൾക്കായു് കടകളിൽ ഉപയോഗിക്കുന്ന വൈദ്യുതിയാണു് മുഖ്യമായും ഈ രംഗത്തെ പ്രധാനമായ ഉപഭോഗം.

വിറകിന്റെ ഉപഭോഗം വിവിധ മേഖലകളിൽ

ഗാർഹികം:

ഗാർഹികാവശ്യങ്ങൾക്കായി പ്രധാനമായും

വിറക് ഉപയോഗിക്കുന്നത്.

കാർഷിക - വാണിജ്യം:

കാർഷിക വാണിജ്യ രംഗങ്ങളിൽ വിറകിന്റെ ഉപഭോഗം വളരെ കുറവാണ്.

വ്യവസായം

വ്യാവസായിക രംഗത്ത് ഈ പഞ്ചായത്തിൽ വിറകുപയോഗം ഒട്ടുമില്ല. എന്നാൽ ഇവിടെയുള്ള വിറകുകൊം പുറം നാടുകളിലെ വ്യാവസായികാവശ്യങ്ങൾക്ക് - ഓട്ടുനിർമ്മാണം ഔഷധ നിർമ്മാണം, ഇഷ്ടികനിർമ്മാണം - കയറ്റി അയക്കപ്പെടുന്നുണ്ട്.

എണ്ണയുടെ ഉപഭോഗം വിവിധ മേഖലകളിൽ

വൈദ്യുതിക്ഷാമം നേരിടുന്ന ഒരു പഞ്ചായത്തായതിനാൽ എണ്ണ ഉപഭോഗം ഇവിടെ വർദ്ധിച്ച് വരികയാണ്. മണ്ണെണ്ണ, ഡീസൽ, പെട്രോൾ തുടങ്ങിയവയാണ് ഇവയിൽ പ്രധാനപ്പെട്ടവ

മണ്ണെണ്ണ

പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും മണ്ണെണ്ണ ഡിപ്പോകളിൽ നിന്നുമാണ് പ്രധാനമായും മണ്ണെണ്ണ ലഭിക്കുന്നത്. ഗാർഹികാവശ്യങ്ങൾക്കും ജനറേറ്ററുടെ പ്രവർത്തനത്തിനുമാണ് മണ്ണെണ്ണ ഉപയോഗിക്കുന്നത്.

ഡീസൽ പെട്രോൾ

ഇവ പ്രധാനമായും വാഹനങ്ങളിലാണുപയോഗിക്കുന്നത്. ധാരാളം സ്വകാര്യ വാഹനങ്ങളുള്ള ഒരു പഞ്ചായത്താണെങ്കിലും ഇവിടെ ഡീസൽ, പെട്രോൾ, വിതരണ ഏജൻസികളും ഒട്ടുമില്ല. വൈദ്യുതിക്ഷാമം നേരിടുന്നതിനാൽ ചില മില്ലുകളിലും ഡീസൽ ഉപയോഗിച്ചാണ് പ്രവർത്തനം നടത്തുന്നത്.

ഗ്യാസ്

ഈ പഞ്ചായത്തിൽ ഗ്യാസുപയോഗം വർദ്ധിക്കുന്നുണ്ടെങ്കിലും അതിനനുസരിച്ച് പൊതുമേഖലാ വിതരണ സംവിധാനം ഇവിടെയില്ല. അതിനാൽ ജനങ്ങൾ സ്വകാര്യ ഏജൻസികളെയാണ് ആശ്രയിക്കുന്നത്. സ്വകാര്യ ഏജൻസികളാകട്ടെ അമിത ചാർജ് ഈടാക്കി ജനങ്ങളെ ചൂഷണം ചെയ്യുന്നു.

ഊർജ മേഖലയിലെ പ്രശ്നങ്ങൾ

വൈദ്യുതി

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തൊട്ടപ്പുറത്ത് (കൊപ്പം കരിങ്ങനാട്) ഒരു 110 K V സബ്സ്റ്റേഷൻ ഉണ്ടെങ്കിലും അതിൽ നിന്നുള്ള പ്രയോജനം വളരെ കുറവാണ്. മുമ്പ് പട്ടാമ്പിയിൽ ഉണ്ടായിരുന്ന ഇൻറർലിങ്ക് കട്ട്ചെയ്തും കൊപ്പം സബ്സ്റ്റേഷനിൽ നിന്നും കണക്ഷൻ കൊടുത്തും പേരിനൊരു ലൈൻ വലിച്ചിട്ടുണ്ടെങ്കിലും ലൈൻ ചാർജ് ചെയ്യുകയോ പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളിലേക്കും വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യാത്തതിനാൽ ഇവിടുത്തെ വോൾട്ടേജ് ക്ഷാമത്തിനും യാതൊരു പരിഹാരവും ഇല്ല.

സർവ്വീസ് കണക്ഷൻ ആവശ്യമായ ഉപഭോക്താക്കൾ സി. ഡി. യും അതിനും പുറമെ O. Y. E. C. യും അടച്ച് വർഷങ്ങളായി നീണ്ട കാത്തിരിപ്പിലാണ്. ഒരു പോസ്റ്റ് ആവശ്യമായ ഗാർഹികോക്ഷഭോക്താക്കളുടെ എണ്ണവും കുറവല്ല. O YEC അടച്ച് വർഷങ്ങളായി കാത്തിരിക്കുന്നവർക്ക് 'മെറിറ്റീരിയൻസ്' ഇല്ല എന്ന ഔദ്യോഗിക ഭാഷ്യമാണ് കേൾക്കാൻകഴിയുന്നത് ഈ ദുരവസ്ഥക്ക് അടിയന്തിര പരിഹാരം അനിവാര്യമാണ്.

കാർഷികാവശ്യങ്ങൾക്കായി മോട്ടോർ, പമ്പ്സെറ്റുകൾ തുടങ്ങിയവയുടെ ഉപഭോഗാവശ്യത്തിനായി ധാരാളം പേർ കണക്ഷൻ അപേക്ഷിച്ച് വർഷങ്ങളായി കാത്തിരിപ്പാണെങ്കിലും വൈദ്യുതി വിതരണം ചെയ്യാനുള്ള യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

പ്രശ്നങ്ങളും ഇങ്ങിനെ സംഗ്രഹിക്കാം.

- വൈദ്യുതി ദൗർലഭ്യം.
- കനത്ത വോൾട്ടേജ് ക്ഷാമം.
- ഉപയോഗത്തിനനുസരിച്ചുള്ള വൈദ്യുതി ലൈനുകളുടെ അഭാവം.
- കണക്ഷൻ ലോഡ് പരിഗണിക്കാതെ അശാസ്ത്രീയമായി നൽകുന്ന വൈദ്യുതി കണക്ഷനുകളും, അതുവഴി അമിതഭാരം താങ്ങാൻ കഴിയാതെ പ്രവർത്തനക്ഷമത നഷ്ടപ്പെടുന്ന ട്രാൻസ്ഫോർമറുകളും.
- പഞ്ചായത്തിൽ ആവശ്യമായ ഭാഗങ്ങളിലൂടെ 11 KV ലൈനുകളുടെ അഭാവം.
- അശാസ്ത്രീയമായ രീതിയിലുള്ള വൈദ്യുതി ലൈനുകളും.
- വൈദ്യുതിയുടെ ദുർവ്യയം.
- വ്യവസായസംരംഭങ്ങളും തുടങ്ങുവാനുള്ള വൈദ്യുതി ഇല്ലാത്തതിനാൽ വ്യവസായരംഗത്ത് മുന്നേറാൻ ഈ പഞ്ചായത്തിനു് കഴിഞ്ഞിട്ടില്ല. പവർകട്ട്, ലോഡ്ഷെഡിങ്ങ്, വോൾട്ടേജ് ക്ഷാമം തുടങ്ങിയവയുടെ ഫലമായി ഉള്ളവതന്നെ ഊർജ്ജ (വൈദ്യുതി) പ്രതിസന്ധി നേരിടുകയാണ്.

വിറക് :

അശാസ്ത്രീയമായ അടുപ്പുകളും മറ്റും ഈ രംഗത്തെ ദുർവ്യയത്തിനു് ഇടവരുത്തുന്നു. കൂടാതെ വൻതോതിലുള്ള മരം മുറിക്കലും ഈ മേഖലയെ ഭീതിദായകമായ ഒരവസ്ഥയിലേക്കു് എത്തിക്കുന്നു.

പ്രശ്നങ്ങളും ഇങ്ങിനെ സംഗ്രഹിക്കാം.

- വിറകിന്റെ ഉപയോഗത്തിനനുസരിച്ചുള്ള മരം വെച്ചു് പിടിപ്പിക്കുന്നില്ല.
- ഉപഭോഗം കൂടുന്നു.
- വനനശീകരണം കൂടുന്നു.

എണ്ണ — ഗ്യാസ് :

എണ്ണയുടെ ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ചു് പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന എണ്ണയുടെ അളവു് വളരെ പരിമിതമാണു്. വിതരണം ചെയ്യേണ്ട എണ്ണയുടെ 80 % മാത്രമേ ഉപഭോക്താക്കൾക്കു് ലഭിക്കുന്നുള്ളൂ.

- ഗ്യാസിന്റെ ഉപഭോഗത്തിൽ വന്ന വർദ്ധനവിനനുസരിച്ചു് പൊതുമേഖലയിൽ കൂടി വിതരണം ചെയ്യാനുണ്ടായ സംവിധാനത്തിന്റെ അഭാവം.

സാദ്ധ്യതകൾ

1 സി ഡി. അടച്ചു് കാത്തിരിക്കുന്ന അപേക്ഷകർക്കു് ഉടനടി കണക്ഷൻ കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുക.

2 വൈദ്യുതി ലൈനുകൾ എത്തിക്കാൻ പ്രയാസമുള്ളപ്രദേശങ്ങളിൽ 'അനർട്ടി'ന്റെ സഹായത്തോടെ ഗാർഹിക– കാർഷിക ആവശ്യങ്ങൾക്കു് സോളാർ പദ്ധതി നടപ്പിലാക്കുക.

3 നെടുങ്ങോട്ടൂർ പാറക്കടവിൽ 'നാഫ്ത' ഉപയോഗിച്ചുള്ള ചെറുകിട താപ വൈദ്യുത നിലയം സ്ഥാപിക്കാം.

4 സോഡിയം വേപ്പർ ലാമ്പുകൾ കത്തിക്കുന്നതിനു് സോളാർ പാനൽ സ്ഥാപിക്കാം.

5 കുന്നും മലകളും ഉള്ള ഈ പഞ്ചായത്തിൽ ഉയരംകൂടിയ പ്രദേശങ്ങളിൽ വിൻഡ്മിൽ സ്ഥാപിച്ചു് ജലസേചനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

6 വൻകിട ബയോഗ്യാസ് പ്ലാന്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിച്ചു് പാചകഗ്യാസ് ലഭ്യമാക്കാം.

7 ഭക്ഷ്യയോഗ്യമായ ഭാഗങ്ങളുടെ നിർമ്മാണവും വിപണനവും കാര്യക്ഷമമാക്കാം.

8 ഡിപ്പോകളിലൂടെയും പൊതു വിതരണ കേന്ദ്രങ്ങളിലൂടെയും മണ്ണെണ്ണയുടെ വിതരണം കാര്യക്ഷമമാക്കുക.

9 വിറക് ദൗർലഭ്യം പരിഹരിക്കുന്നതിന് വന വൽക്കരണം, വിറക് ശേഖരണം, വിപണനം എന്നിവക്കുള്ള പദ്ധതി നടപ്പാക്കുക.

10 വോൾട്ടേജ് ക്ഷാമത്താൽ ദുരിതമനുഭവിക്കുന്ന ഈ പഞ്ചായത്തിൽ ഇതിനൊരു ശാശ്വതപരിഹാരം കാണാൻ 110 K V സബ്സ്റ്റേഷൻ സ്ഥാപിക്കാം.

പഴകി ദ്രവിച്ച തേക്ക്, കോൺക്രീറ്റ് പോസ്റ്റുകളും വൈദ്യുതി കമ്പികളും വളരെയധികം അപകട സാധ്യത സൃഷ്ടിക്കുകയും ഉപയോഗക്ഷമത കുറക്കുകയും ചെയ്യുന്നു. ഇവക്ക് പരിഹാരമുണ്ടാക്കാൻ പുതിയ പോസ്റ്റുകളും സ്ഥാപിക്കുകയും കേടുവന്ന കമ്പികളും മാറ്റുകയും ചെയ്യാം. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒന്നിടവിട്ട പോസ്റ്റുകളിൽ തെരുവു വിളക്കുകളും സ്ഥാപിക്കുവാനുള്ള നടപടികളും സ്വീകരിക്കാം.

മഞ്ഞാമ്പ്രയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വർഷങ്ങളോളമായി ഡിപ്പാർട്ട്മെന്റ് അനുവദിച്ച 100 K V ട്രാൻസ്ഫോർമർ ഉടൻ സ്ഥാപിക്കുക.

വെസ്റ്റ് കൈപ്പുറം (നെടുങ്ങോട്ടൂർ റോഡ്) ഇതുനിന്നും വടക്കോട്ട് പോകുന്ന സിംഗിൾ ലൈൻ ത്രീഫെയ്സാക്കിയാൽ ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണാൻ സാധിക്കും. പ്രസ്തുത സ്റ്റീമിന്റെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും, ടെക്നിക്കൽ സാങ്ഷനും കഴിഞ്ഞ് വർഷങ്ങളേറെയായി. എന്നാൽ 'മെറ്റീരിയൽസ്' ഇല്ല എന്നതിനാൽ പ്രവർത്തി ഇതുവരെയും നടന്നിട്ടില്ല.

വിളത്തൂർ മസ്ജിദ് ഭാഗത്തെ വോൾട്ടേജ് ക്ഷാമത്തിന് ഇവിടെ അനുവദിക്കപ്പെട്ട ട്രാൻസ്ഫോർമർ ഉടൻ സ്ഥാപിക്കണം.

വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കാരമ്പത്തൂരിൽ (പഴനല്ലിപ്പുറം) സ്ഥാപിച്ച ട്രാൻസ്ഫോർമറിൽ 1 കി. മീ. ത്രീ ഫെയ്സ് ലൈൻ വലിച്ച് കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടി പൂർത്തിയാക്കുക.

കൈപ്പുറം ഞാവക്കാട്ടിലും അനുവദിക്കപ്പെട്ട ട്രാൻസ്ഫോർമർ ത്രീഫെയ്സ് വലിച്ച് ഉടൻ സ്ഥാപിക്കുക.

നരിപറമ്പിലും 100 M 11 K V ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

സോഡിയം വേപ്പർ ലാമ്പുകൾ :

അമ്പതോളം കേന്ദ്രങ്ങളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സോഡിയം വേപ്പർ വിളക്കുകളും സ്ഥാപിക്കാനുള്ള നടപടികളും കൈ കൊള്ളേണ്ടതാണ്.

ട്രാൻസ്ഫോമറുകൾ :

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന സ്ഥങ്ങളിൽ ട്രാൻസ്ഫോമറുകളും അത്യാവശ്യമാണ്.

- അമിതഭാരം താങ്ങാൻ കഴിയാതെ പ്രവർത്തനക്ഷമത നഷ്ടപ്പെട്ട കാരമ്പത്തൂർ (എളയാട്ടപടി) യിലുള്ള ട്രാൻസ്ഫോർമർ മാറി ശക്തിയേറിയ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതാണ്.
- നെടുങ്ങോട്ടൂർ റോഡ് വടക്കുപുറം വെള്ള ടാങ്കിന് സമീപം ട്രാൻസ്ഫോർമർ ആവശ്യമാണ്.
- നരിപ്പറമ്പ് കുന്നുപുറം പ്രദേശത്തും ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതുണ്ട്.
- വിളത്തൂർ പൊട്ടിക്കല്ല് ഭാഗത്തും ഒരു പുതിയ ട്രാൻസ്ഫോർമർ.



ഭവന നിർമ്മാണം, ക്ഷേമ പ്രവർത്തനം

ആമുഖം :

കാലിക സാഹചര്യത്തിൽ വീട് നിർമ്മാണം സാധാരണക്കാരന്റെ മരീചികയായ ഒരു മോഹമായി അവന്റെ ജീവിതത്തിൽ അവശേഷിക്കുന്ന ഒരവസ്ഥ ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലനിൽക്കുന്നു. ഇതിനു കാരണങ്ങളും പലതാണ് എങ്കിലും ഒരു കണ്ണുവെച്ച ശ്രദ്ധയും പുതിയ ഒരു വികസന രേഖയുടെ അനിവാര്യതയും ഈ രംഗത്ത് അടിയന്തിരമായി വരേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് വലുതും ചെറുതുമായി 4982 വീടുകളാണ് ഉള്ളത്. വീടുകളുടെ മൊത്തം സ്ഥിതി പരിശോധിക്കുമ്പോൾ, ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഗൗരവ പണത്തിന്റെ സ്വാധീനം വളരെ കൂടുതലാണ് എന്നുകാണാം. വീട് നിർമ്മാണത്തിന് അടിസ്ഥാനപരമായി പരിഗണിക്കേണ്ട പ്രകൃതിയുടെ പ്രത്യേകതയും കാലാവസ്ഥ പരിഗണനയും നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് തീരെ പരിഗണിക്കപ്പെട്ടന്നില്ല. ഓടുമേഞ്ഞ വീടുകളും, ടെറസ് വീടുകളും, പുറമെ ഓലമേഞ്ഞ പുരകളും ധാരാളമുണ്ട്. ഓലമേഞ്ഞ വീടുകളിൽ കൂലിവേല ചെയ്ത് ജീവിക്കുന്നവരാണ്. ഓടുമേഞ്ഞ മറ്റു വീടുകളുടെ അവസ്ഥയും അറ്റകുറ്റപ്പണികളുടെ വളരെ കൂടുതലായ ആവശ്യകത നിലനിൽക്കുന്നവയാണ്.

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ ഏജൻസികളുടെ സഹായത്തോടെ വീടുകൾ വന്നിട്ടുണ്ട്. പാലക്കാട് ഹൗസിങ്ങ് ബോർഡും സഹകരണ സംഘങ്ങളും ഒറ്റപ്പാലത്ത് പ്രവർത്തിക്കുന്ന ഹൗസിങ്ങ് ബോഡും വീട് വക്കുന്നതിന് വായ്പ നൽകുന്ന സ്ഥാപനങ്ങളാണ്. ഇവ കൂടാതെ പഞ്ചായത്ത് മുഖേന സൗജന്യമായി വീട് വെയ്ക്കാ

നുള്ള ധനസഹായവും ചെയ്യാറുണ്ട്. കുറച്ചു കാലങ്ങളായി നമ്മുടെ പഞ്ചായത്തിൽ ഭവന നിർമ്മാണ രംഗത്ത് ആധുനികരീതിയുടെ അതിപ്രസരം നിലനിൽക്കുന്നുണ്ട്. ശരിയായ ഒരു മാസ്റ്റർ നിർദ്ദേശം ഈ രംഗത്ത് വരേണ്ടതിന്റെ അനിവാര്യത ഇവിടെ ബോധ്യപ്പെടേണ്ടതായുണ്ട്.

തിരുവേഗപ്പുറ പഞ്ചായത്തിലെ വാർഡ് അടിസ്ഥാനത്തിലുള്ള വീടുകളുടെ വിവരം

വാർഡ്	ടൈസ്	ഓട് മേഞ്ഞത്	ഓല മേഞ്ഞത്	കോൺ	ആകെ	ആവശ്യമായവ
1	47	351	40	10	448	574
2	18	315	69	40	442	533
3	8	177	118	—	243	540
4	13	280	112	10	415	493
5	17	413	100	—	530	623
6	15	447	90	2	554	581
7	28	365	24	1	418	432
8	35	277	48	2	362	531
9	144	74	116	4	338	610
10	100	632	72	23	827	581
11	40	292	59	14	405	585

വീടുകളുടെ മൊത്തം സ്ഥിതി ഇങ്ങിനെയാണെങ്കിലും ഇനിയും ഒട്ടേറെ വീടുകളുടെ ആവശ്യകത നിലനിൽക്കുന്നു. വരുന്ന അഞ്ചു വർഷങ്ങളിലായി നമ്മുടെ പഞ്ചായത്തിൽ പ്രദേശത്ത് 2000 ഓളം വീടുകളും ഇനിയും ആവശ്യമായിട്ടുണ്ട്. ഒരു വർഷത്തിൽ ഒരു വാർഡിൽ 20 വീടുകളും വീതം കൊടുത്താൽ തന്നെ ഏറെക്കുറെ പരിഹാരം കാണാൻ നമുക്ക് സാധിക്കും.

ഹരിജനങ്ങൾക്കും മറ്റു നിർദ്ധന കുടുംബങ്ങൾക്കുമായി നൽകിവരുന്ന വീടുകളിൽ ആ തുക ഉപയോഗപ്പെടുത്തിക്കൊണ്ട് നിലവിലുള്ള സൗകര്യങ്ങളും മെച്ചപ്പെടുത്തി താമസയോഗ്യമാക്കാൻ ഉപയോഗപ്പെടുത്തേണ്ടതായുണ്ട്. മേൽക്കൂരമാത്രം മാറ്റിപ്പണിയുകയും. അവ ഓട് മേഞ്ഞ് സൗകര്യപ്പെടുത്തുകയും. ചേയ്യേണ്ട വീടുകളും ഉദാഹരണങ്ങളാണ്.

ഭ്രൂഹിതരും ഭവന രഹിതരുമായ ജനവിഭാഗങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർതലത്തിൽ ഫണ്ടുകളുപയോഗപ്പെടുത്തി സ്ഥലമെടുത്ത് വീട് നിർമ്മിച്ചുകൊടുക്കേണ്ട ആവശ്യകതയുണ്ട്. വീട് നിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട് പുതിയൊരു മാർഗ്ഗത്തിലേക്ക് നാം തുടക്കമിടേണ്ടതുണ്ട്. ആഡംബര വീടുകളെക്കാളും നമ്മുടെ പ്രദേശത്തിന് യോജിക്കുന്ന അത്യാവശ്യ സൗകര്യങ്ങളുള്ള വീടുകൾക്ക് മുൻതൂക്കം നൽകേണ്ടതുണ്ട്. കാലപ്പഴക്കംചെന്ന മാതൃകകൾക്ക് പകരം പുതിയ ശാസ്ത്രീയ മാതൃകകൾ അവലംബിക്കണം.

കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ ഈ പഞ്ചായത്ത് പ്രദേശത്തുള്ള ദുർലഭ്യവും വിലക്കൂടുതലും. വൈദഗ്ധ്യമുള്ള തൊഴിലാളികളുടെഅഭാവവും. ഉള്ളവർക്കുതന്നെ അമിതമായ കൂലി നൽകേണ്ടിവരുന്ന സ്ഥിതിവിശേഷവും നമ്മുടെ പ്രദേശത്തെ സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വീടുപണി എന്നത് അപ്രാപ്യമായ ഒരു അവസ്ഥയാണ് എന്നു ഇവിടെ വിലയിരുത്തുകയാണ്. സ്ഥിരം സാമ്പത്തിക ഏജൻസികളല്ലാതെ പുതിയ ഏജൻസികളൊന്നുംതന്നെ ഭവന നിർമ്മാണത്തിനാവശ്യമായ വായ്പ നൽകുകയോ മറ്റു സഹായ സഹകരണങ്ങളും നൽകാൻ മുന്നോട്ട് വരികയോ ചെയ്യുന്നില്ല എന്നതും കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

ജനസാന്ദ്രതയുള്ള പ്രദേശമെടുത്ത് നോക്കുമ്പോൾ വേണ്ടത്ര സൗകര്യമില്ലാത്ത വീടുകളും കാരണം അനാരോഗ്യകരമായ ജീവിതം നയിക്കേണ്ട ഒരു സ്ഥിതി ഇവിടെ ഉണ്ടായിട്ടുണ്ട്. അത്തരം കോളനി പ്രദേശങ്ങ

ളിൽ പ്രാഥമിക സൗകര്യങ്ങളില്ലാതെ താൽക്കാലിക വീടുകളിൽ താമസിക്കുന്ന മുഴുവൻ ആളുകൾക്കും വീട് നർമ്മിച്ച് നൽകേണ്ടതുണ്ട്. ഉള്ള താമസ സൗകര്യങ്ങളും തന്നെ വൃത്തിയായി പരിരക്ഷിക്കേണ്ട ഒരു ബോധവൽക്കരണത്തിന്റെ ആവശ്യകതയും ഇവിടെ നിലനിൽക്കുന്നു.

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് കഴിഞ്ഞ ആറു വർഷങ്ങളിലായി വിവിധ സ്കീമുകളായി നൽകിയ വീടുകളുടെ വിവരം.

വർഷം	MW	IAY	JRY	Total
1990-91	15	2	8	25
1991-92	4	3	8	15
1992-93	—	—	5	5
1993-94	3	1	20	24
1994-95	11	7	—	18
1995-96	2	35	10	47
Total	35	48	51	134

നടപ്പു പദ്ധതികളിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ ആറു വർഷങ്ങളിലായി മൊത്തം 134 വീടുകളാണ് നൽകാൻ വേണ്ടി കഴിഞ്ഞത്. ഈ അവസ്ഥക്ക് മാറ്റം വന്ന് കൂടുതൽ വിഭവങ്ങൾ ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട വേന നിർമ്മാണ പ്രക്രിയ നടത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ :

1 ഒരു വീട്ടിൽ ഒന്നിൽ കൂടുതൽ കുടുംബങ്ങൾ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാതെ ജീവിക്കുന്നു.

2 ഭൂരഹിതരുടെയും വീടില്ലാത്തവരുടെയും എണ്ണം പഞ്ചായത്തിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

3 ഇടത്തരം ജനവിഭാഗങ്ങൾക്ക് സൗജന്യമായി വീടുവെക്കാനുള്ള പദ്ധതികളോ സാമ്പത്തിക സഹായമോ ഇന്ന് നിലവിലില്ല.

4 വീടുനിർമ്മിക്കുന്നതിനാവശ്യമായ സാധനങ്ങളുടെ വിലയിലും കൂലിയിലും വന്ന വർദ്ധനവ്.

5 മേൽപ്പുര ശോചനീയാവസ്ഥയിലായ വീടുകൾ ഇന്നും ധാരാളമായി കാണുന്നു.

6 നിർധനർക്ക് ബാങ്കുകൾ മുഖേനയോ, ബ്ലോക്ക് മുഖേനയോ, പഞ്ചായത്ത് മുഖേനയോ വീടുവെക്കുന്നതിന് വായ്പകൾ ഒന്നും ലഭിക്കുന്നില്ല.

7 കുറഞ്ഞ ചിലവിൽ ആധുനിക സൗകര്യങ്ങളുള്ള പദ്ധതികൾ ഒന്നും നിലവിലില്ല.

8 ജെ. ആർ. വൈ, ഐ. എ. വൈ മുതലായ ഫണ്ടുകൾ മുഖേന ലഭിക്കുന്ന തുക പരിമിത സൗകര്യങ്ങളുള്ള വീടുവെക്കാൻ തികയുന്നില്ല.

9 സൗജന്യ വീടുവെക്കാനുള്ള പദ്ധതികൾ പ്രധാനമായും പട്ടികജാതി വിഭാഗങ്ങൾക്ക് മാത്രമേ ലഭിക്കുന്നുള്ളൂ.

10 ലോൺ കിട്ടാനുള്ള പരിശ്രമങ്ങൾ ജനങ്ങളെ മടുപ്പിക്കും വിധം കഠിനമാണ്.

സാദ്ധ്യതകൾ :

1 ഭൂരഹിതരും നിർധനരുമായ ഓരോ കുടുംബത്തിനും ഒരു വീട് എന്ന തോതിൽ പഞ്ചായത്ത് മുഖേന നൽകാം.

2 ഇടത്തരം ജനവിഭാഗങ്ങൾക്ക് വീടുവെക്കുന്നതിന് സർക്കാരിൽ നിന്നും ധനസഹായം അനുവദിക്കാം.

3 വീടു നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ കുറഞ്ഞ ചിലവിൽ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കേന്ദ്രങ്ങളിൽ ഉണ്ടാക്കാം.

4 നിദ്ധനക്ക് മേൽപുര നന്നാക്കി ഓട്ട മേയുന്നതിനുള്ള ഫണ്ടുകൂടി പഞ്ചായത്ത് മുഖേന നൽകാം.

5 നിർദ്ധനർക്ക് വീട് വെക്കുന്നതിന് ബാങ്കുകൂടി വഴിയും ബ്ലോക്ക് വഴിയും വായ്പ കൂടി അനുവദിക്കാം.

6 കുറഞ്ഞ ചിലവിൽ ആധുനിക സൗകര്യങ്ങളുള്ള വീടുകൂടി നിർമ്മിക്കുന്ന സംഘടനകളെ കണ്ടെത്താം.

7 IAY, JRY തുടങ്ങിയ ഫണ്ടുകളിൽ വർദ്ധനവ് വരുത്താം.

8 ഇടത്തരം വരുമാനക്കാർക്ക് പഞ്ചായത്ത് തലത്തിൽ ഭവനസമിതിയുടെ നിയന്ത്രണത്തിൽ Hudco ഭവനബാങ്ക് എന്നീ ഏജൻസികൂടി വഴി വീട് വെക്കുന്നതിനായി ഭവനവായ്പ സംഘടിപ്പിക്കാം.

9 ചിലവു കുറഞ്ഞ കെട്ടിടനിർമ്മാണ രീതികളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്താം.

10 സൗജന്യ പദ്ധതികൂടി പട്ടികജാതികൂടുള്ളാത്ത നിർദ്ധനരായ വിഭാഗങ്ങൾക്ക് കൂടുതൽ പരിഗണന നൽകാം.

11 ആഡംബര വീടുകൂടുക്ക് കൂടുതൽ നികുതി ചുമത്താം.

സാമൂഹ്യ ക്ഷേമം

പ്രശ്നങ്ങൾ, സാദ്ധ്യതകൾ :

സാമൂഹ്യക്ഷേമബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടികളും മാത്രമാണ് പ്രസ്തുതബോർഡിന്റെതായിട്ടുള്ളൂ. വികലാംഗർക്കുള്ള ക്ഷേമപ്രവർത്തനങ്ങളും അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. അവർക്കുള്ള ഉപകരണങ്ങളുടെ വിതരണം ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. വളരെ ചുരുക്കം പേർക്ക് മാത്രമാണ് വികലാംഗപെൻഷൻ ലഭിക്കുന്നത്. വാർദ്ധക്യകാല വിധവാപെൻഷൻ 162പേർക്കു മാത്രമേ ലഭിക്കുന്നുള്ളൂ. അർഹരായവർക്കു മുഴുവൻ ലഭ്യമാക്കാനുള്ള നടപടികളും ആവശ്യമാണ്. അപേക്ഷകളും സമർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും ഒഴിവാക്കേണ്ടതാണ്.

നിർധനരായ പെൺകുട്ടികളെ കെട്ടിക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്തുകൊടുക്കേണ്ടതാണ്. വിധവകളുടെ പെൺമക്കൾക്കുമാത്രമേ ഇപ്പോൾ ഒരു ചെറിയ ആനുകൂല്യം ലഭിക്കുന്നുള്ളൂ. നിർധനരായ പെൺകുട്ടികളുള്ള കുടുംബങ്ങളെ സഹായിക്കാൻ പദ്ധതികൾ അടിയന്തിരമായി കാണേണ്ടതാണ്. വിവാഹപ്രായം കഴിഞ്ഞ നിർധനരായവരുടെ കണക്കെടുപ്പ് നടത്തിയും സമൂഹവിവാഹങ്ങൾസംഘടിപ്പിച്ച് കുടുംബജീവിതം നയിക്കാനുള്ള രംഗങ്ങൾ ഒരുക്കുകയും വേണം. ഇവരെ ആരും ശ്രദ്ധിക്കാതെപോകുന്ന ദയനീയമായ അവസ്ഥയുണ്ട്.

യഥാസമയം ചികിത്സ ലഭിക്കാതെ രോഗംകൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്നവർ നിരവധിയാണ്. ധർമ്മാശുപത്രികൾ പേരിൽ മാത്രമാണ്. വിദഗ്ധചികിത്സ കിട്ടണമെങ്കിൽ പണം വാരിക്കോരി ചെലവഴിക്കേണ്ട സ്ഥിതിയാണുള്ളത്. മാരകരോഗങ്ങൾക്കും ശസ്ത്രക്രിയകൾക്കും ധനസഹായം ഏർപ്പെടുത്തേണ്ടതാണ്.

പട്ടികജാതിയിൽ ഉൾപ്പെടാത്ത മറ്റു വിഭാഗങ്ങളിലുള്ള ഭവനരഹിതർക്ക് വീട് വെച്ചു കൊടുക്കാനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. ഭവന നിർമ്മാണ ബോഡിന്റെയോ മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയോ സഹായവും ഇവർക്ക് ലഭ്യമാകുന്നില്ല. നിത്യമാനസ്സുതമായ രേഖകൾ സംഘടിപ്പിക്കാനും അപേക്ഷകൾ നടപ്പാക്കാനും കഴിയാതെ പോകുന്ന പ്രസ്തുത ഓഫീസുകൾ ജില്ലാ ആസ്ഥാനത്താണുള്ളത്. ഇത്തരംകാര്യങ്ങൾ പഞ്ചായത്ത് മുഖേന നടപ്പാക്കാൻ പദ്ധതികൾ വേണം. പഞ്ചായത്തിലെ വൃദ്ധർക്ക് മാത്രമായി 'വൃദ്ധസദനം' നിർമ്മിച്ച് അവരെ സംരക്ഷിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. മക്കളും വരും അല്ലാത്തവരുമായ പ്രായാധിക്യവും രോഗവും മൂലം കഷ്ടതയനുഭവിക്കുന്ന സ്ത്രീ പുരുഷന്മാരെ സംരക്ഷിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.

വിവിധ തലങ്ങളിൽ വിതരണം ചെയ്യുന്ന പെൻഷനുകൾ - കർഷക തൊഴിലാളി വിധവ, വികലാംഗ, അഗതി എന്നിവ - അർഹരായവർക്ക് മുഴുവൻ ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുകയും അതിനായുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക. ആൺമക്കളുള്ള കാരണത്താൽ പെൻഷൻ നഷ്ടമാകുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്. ആൺമക്കളുണ്ടായിട്ടും കഷ്ടതയനുഭവിക്കുന്നവരെ സഹായിക്കാനുള്ള സംവിധാനം ഒരുക്കേണ്ടതാണ്. പെൻഷൻ പ്രായപരിധി ചുരുക്കിനിശ്ചയിക്കേണ്ടതാണ്

വികലാംഗർക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന മൂലം വികലാംഗപെൻഷൻ ലഭ്യമാകാതെപോകുന്ന ഇതിനപകരമായി സാധാരണ മെഡിക്കൽ ആഫീസർമാരുടെ സർട്ടിഫിക്കറ്റ് അംഗീകരിക്കാനുള്ള നിയമനിർമ്മാണം നടപ്പിൽ വരുത്തേണ്ടതാണ്.

ഗ്രാമീണ ജനങ്ങളെ ബ്ലേഡ് കമ്പനിക്കാരിൽനിന്നും മോചിപ്പിക്കാൻ ഗ്രാമീണ ബാങ്കിംഗ് (Self Help Grops) ഏർപ്പെടുത്താൻ പഞ്ചായത്ത് മുൻകയ്യെടുക്കേണ്ടതാണ് സന്നദ്ധസംഘടനകളുടെ സേവനം ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

മഹിളാസമാജങ്ങളും, ബാലവാടികളും എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ഇവ കേന്ദ്രമാക്കിയുള്ള പോഷകാഹാര പ്രതിരോധ ചികിത്സാ പ്രവർത്തനങ്ങളും മെച്ചപ്പെടുത്താനും പഞ്ചായത്തിന്റെ പരിപാടികൾക്കു രൂപം നൽകേണ്ടതാണ്.



സംസ്കാരം

തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്ത് പ്രദേശം അതിന്റെ ഇന്നലെകളെ സാംസ്കാരിക മായി മറന്ന് പ്രദേശങ്ങൾക്ക് മാതൃകയാവുകയും എന്നാൽ ഇന്ന് അതിന്റെ ഗതകാല സ്മരണകളെ അയവിറക്കുക മാത്രമായി ചുരുങ്ങുകയും ചെയ്തിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ സാംസ്കാരിക ചരിത്രം പഠിക്കുന്ന ഏതൊരാൾക്കും തിരുവേഗപ്പുറയുടെ ആ നല്ല സാംസ്കാരിക ചരിത്രത്തെഅവഗണിക്കാനാകില്ല. ഇവിടെയുള്ള ജനങ്ങളുടെ ഇന്നത്തെ ജീവിത രീതിയും സാഹോദര്യവും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ആ നല്ലകാലത്തിന്റെ ബാക്കി പത്രമാണെന്ന് പറയാതിരിക്കാനാകില്ല. വള്ളുവനാടിന്റെ കലയും, സാഹിത്യവും ഒരു പരിധി വരെ തിരുവേഗപ്പുറയെ ആശ്രയിച്ചായിരുന്നു. തിരുവേഗപ്പുറ മഹാക്ഷേത്രവും ഈ പഞ്ചായത്തിന്റെ അതിരു നിർണ്ണയിച്ചുകൊണ്ടു പോകുന്ന ഭൂതപുഴ, കുന്തിപുഴ എന്നീ പേരുകളിൽ അറിയപ്പെടുന്ന പുഴയും നമ്മുടെ പ്രദേശത്തിന്റെ സാംസ്കാരിക ചരിത്രം നിർണ്ണയിക്കുന്നതിൽ വളരെയേറെ പങ്കു വഹിച്ചിട്ടുണ്ട്. മലയാള സാഹിത്യ ലോകത്തിൽ ചെറുളിയിൽ കുഞ്ഞുണ്ണി നമ്പീശൻ, നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറെ തീരത്ത് തിരുവേഗപ്പുറയിലാണ് ജീവിച്ചിരുന്നത്. വിളത്തൂരിലെ ഫലക്കി മുഹമ്മദ് മൗലവി അറബി സാഹിത്യ രംഗത്തും, സാമൂഹ്യ ഉന്നമനത്തിനും വേണ്ടി സജീവമായി പ്രവർത്തിച്ച വ്യക്തി കൂടിയാണ്. അതുപോലെ ആധുനിക ഇന്ദ്രജാലത്തിൽ പോലും കൈകാര്യം ചെയ്യാൻ കഴിയാത്ത 'മൂടിപൂജ' അവതരിപ്പിച്ച് ലോക ശ്രദ്ധ പിടിച്ചു പറ്റിയ പ്രൊഫ: വാഴക്കുന്നം നീലകണ്ഠൻ നമ്പൂതിരിയും നമുക്ക് അഭിമാനത്തോടെ എടുത്തുപയോഗിക്കാവുന്ന പേരുകളാണ്. സാഹിത്യ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച കുറുവാന്തെടി ശങ്കരനെഴുത്തച്ഛൻ, ഡോ: കെ. എൻ. എഴുത്തച്ഛൻ തുടങ്ങി ഒട്ടേറെ പ്രമുഖർക്ക് ജന്മം നൽകാൻ നമ്മുടെ പ്രദേശത്തിന് കഴിഞ്ഞു. പതിനെട്ടര കവികളിൽ 5പേർ ജീവിച്ചിരുന്നത് തിരുവേഗപ്പുറയിലായിരുന്നു. ഒരുപാട് മിത്രുകളുടെ വിളനിലമായ ഈ പ്രദേശങ്ങളിലാണ് പറയിപെറ പന്തിരുകുലത്തിന്റെ ഓർമ്മകളും അതോടനുബന്ധിച്ച നാറാണത്തു ഭ്രാന്തന്റെ പ്രവർത്തന മേഖലയും പ്രസിദ്ധമായ ഭ്രാന്താചലം ക്ഷേത്രവും. ഇങ്ങിനെയൊക്കെയാണെങ്കിലും ആ നല്ല കാലങ്ങളെ ഓർമ്മ മാത്രമായി ചുരുങ്ങുകയും വർത്തമാന സാംസ്കാരികരംഗം ഏറെ സങ്കീർണ്ണ

വും അതുകൊണ്ടുതന്നെ ആ രംഗത്ത് അടിയന്തിര ശ്രദ്ധയുടെ അനിവാര്യതയും ഇവിടെ വിലയിരുത്തുന്നു. നമ്മുടെ യുവത്വം ഉപഭോഗ സംസ്കാരത്തിന്റെ കേവലം ഇരകളായി പോവുകയും, പുകവലി മദ്യപാനാസക്തി മയക്കുമരുന്ന് എന്നീ ജീർണ്ണതകളും ജനങ്ങളുടെയിടയിൽ പടരുന്നു എന്നതും നമ്മെ വ്യാകുലരാക്കുന്നു.

ഗ്രന്ഥശാലകൾ :

ഗ്രന്ഥശാലകളിൽ ഏറ്റവും പഴക്കം ചെന്നത് നടുവട്ടത്ത് പ്രവർത്തിക്കുന്ന കെ. എസ്. എഴുത്തച്ഛൻ സ്മാരക ഗ്രന്ഥശാല വായനശാലയും തിരുവേഗപ്പുറ ലൈബ്രറി & റീഡിങ്ങ് റൂമും ചെമ്പ്രയിലെ യുവജനസംഘം വായനശാലയുമാണ്. പിന്നീട് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഗ്രന്ഥശാലകളും വായനശാലകളും ഉണ്ടായിട്ടുണ്ട്. പഴമനെല്ലിപ്പുറത്തും പഞ്ചായത്ത് വായനശാലയും, വിളത്തൂരിലും എടുത്തുപറയേണ്ടവയാണ്.

ഇവയെ കൂടാതെ വിവിധ സാംസ്കാരിക സംഘടനകളുടെയും മത സംഘടനകളുടെയും നേതൃത്വത്തിൽ ഗ്രന്ഥശാലകളും വായനശാലകളും പ്രവർത്തിക്കുന്നുണ്ട്.

ക്രമ നമ്പർ	ഗ്രന്ഥശാലയുടെ പേര്	സ്ഥിതി ചെയ്യുന്ന സ്ഥലം	അഭിപ്രായം
1	കെ. എസ്. എഴുത്തച്ഛൻ ഗ്രന്ഥശാല വായനശാല	നടുവട്ടം	
2	യുവജന സംഘം വായനശാല	ചെമ്പ്ര	
3	ചെറുളിയിൽ കുഞ്ഞുണ്ണിനമ്പീശൻ സ്മാരക വായനശാല	തിരുവേഗപ്പുറ	
4	ജനകീയ വായനശാല	പഴമനെല്ലിപ്പുറം	
5	ജനകീയ വായനശാല	വിളത്തൂർ	

കലാരംഗം :

വാദ്യകലകളിൽ ഏറ്റവും ജനകീയമായ ചെണ്ട വാദ്യത്തിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും ഒട്ടേറെ പുരസ്ക്കാരങ്ങൾക്ക് അർഹനാവുകയും ചെയ്ത തിരുവേഗപ്പുറ രാമപൊതുവാൾ നമ്മുടെ പ്രദേശത്തിന്റെ കലാരംഗത്ത് നിറഞ്ഞു നിന്നിരുന്ന വ്യക്തിത്വമായിരുന്നു. ഈ പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഏക കലാകേന്ദ്രമാണ് ചെമ്പ്രയിലെ ഹരിശ്രീകലാകേന്ദ്രം. നൃത്തം, വാദ്യോപകരണങ്ങൾ, ശാസ്ത്രീയസംഗീതം എന്നിവയിലൂടെ പ്രൊഫഷണലിസത്തിലേക്ക് അഭ്യസിപ്പിക്കുന്നു. വഴക്കുന്നിൽ കുട്ടിപ്പെരുമാളുടെ പാരമ്പര്യവും നിലവഴിഞ്ഞുന്നതെന്ന തലമുറയിൽ ഒട്ടേറെ രാളികൾക്കും ഈ കല അഭ്യസിക്കാനായി കഴിഞ്ഞിട്ടുണ്ട്. നടുവട്ടം, ചെമ്പ്ര, തിരുവേഗപ്പുറ എന്നീ സ്ഥലങ്ങളിൽ നൃത്ത പരിശീലനം നടന്നുവരുന്നു. ഇന്നത്തെ സാഹചര്യത്തിൽ കലാരംഗത്ത് ശ്രദ്ധ കുറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും വിവിധ പ്രദേശങ്ങളിലായി കലാസാംസ്കാരിക പരിപാടികളിൽ ആളുകളും പങ്കെടുക്കാൻ ശ്രമിക്കാറുണ്ട്.

നാടൻ കലകൾ :

അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻ കലകളും ഒരു അപവാദം എന്നോണം നമ്മുടെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി തിറ, പൂതൻ, പറയൻ, ആണ്ടിക്കളി തുടങ്ങിയ കലാപ്രപഞ്ചം നിലനിൽക്കുന്നു. ഇവയെന്നെ പൂർണ്ണമായും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ടുകൊണ്ടാണ് നില

നിൽക്കുന്നത്. അതുപോലെ കോൽക്കളി, ഫോക്കുട്ട്, തുടങ്ങിയ കലാരൂപങ്ങളും ഇവിടെ ഏറെ പ്രശസ്തമായിട്ടല്ലെങ്കിലും നിലനിൽക്കുന്നു.

ക്ഷേത്ര കലകൾ :

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനക്ഷേത്രമായ തിരുവേഗപ്പുറ മഹാക്ഷേത്രവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഇവിടത്തെ ക്ഷേത്രങ്ങളും പൂർണ്ണമായും നിലനിൽക്കുന്നത് സംസ്ഥാനത്തെ കൂത്തമ്പലങ്ങളുള്ള ക്ഷേത്രങ്ങളിൽ പ്രധാനമായ ഒരു ക്ഷേത്രമാണിത്. ഇവിടെയുള്ള കൂത്തമ്പലം തന്നെ ഉപയോഗത്തിന്റെ പരിമിതി നിമിത്തം ഇന്നത്തെ തലമുറക്കതന്നെ അതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് അറിവില്ലാത്ത ഒരവസ്ഥ വന്നുചേർന്നിട്ടുണ്ട്. ക്ഷേത്രകലയുമായി ബന്ധമുള്ള കലാകാരന്മാരുടെ കുറവ് അത്തരം കലകളോടുള്ള കായിക സമൂഹത്തിന്റെ ആഭിമുഖ്യക്കുറവും ഈ രംഗത്തെ മുരടിപ്പിനു കാരണമാണ് പാവക്കൂത്ത്, പാന തുടങ്ങിയ കലാരൂപങ്ങളും തീർത്തും ഈ പ്രദേശത്തു നിന്നും നാശോന്മുഖമായിരിക്കുകയാണ്.

കായിക രംഗം :

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ തുടങ്ങിയ മത്സരങ്ങൾ നടത്താറുണ്ടെങ്കിലും കായികരംഗത്ത് ഒരു കണ്ണുവെച്ച ശ്രദ്ധ ഇനിയും ഉണ്ടാകേണ്ടതുണ്ട്. വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ക്ലബുകൾക്കു കീഴിൽ ചില ടീമുകളൊക്കെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ മെച്ചപ്പെട്ട നിലവാരത്തിലുള്ളതല്ല. സ്കൂളുകളിൽ നിന്നു തന്നെ കായികരംഗത്തുള്ള ശ്രദ്ധയുടെ അനിവാര്യത ഉണ്ടാകേണ്ടിയിരിക്കുന്നു. പരമ്പരാഗത കായികമത്സരങ്ങൾ കാലത്തിനനുസരിച്ച് പുതിയ കായിക വിനോദങ്ങൾക്കു വഴിമാറികൊടുത്തിട്ടുണ്ട് ഉദാഹരണമായി ക്രിക്കറ്റിനോടുള്ള ഭ്രമം കൂടുതലായിക്കൊണ്ടിരിക്കുകയാണ്.

ക്ലബുകൾ :

കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങളിൽ ഒരു പാട് ക്ലബുകളും ആവിർഭാവം കൊള്ളുകയും അതുപോലെതന്നെ അവ അസ്തമിക്കുകയുമുണ്ടായിട്ടുണ്ട് തിരുവേഗപ്പുറയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യുഗാമി, സംസ്കാര എന്നീ ക്ലബുകളും പഞ്ചായത്തിന്റെ വടക്ക് ഭാഗത്തായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എക്കോ, സർഗ്ഗം, യുവശക്തി ക്ലബുകളും യുവജനസംഘം സ്പോർട്സ് ക്ലബ് എന്നീ ക്ലബുകളും സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പ്രവർത്തനങ്ങൾക്കാവശ്യമായ ആസ്തി അതാത് ക്ലബുകൾ കണ്ടെത്തേണ്ടിവരുന്നു എന്നുള്ളതുകൊണ്ടു തന്നെ സുഖകരമായ ക്ലബ പ്രവർത്തനങ്ങൾക്ക് പലപ്പോഴും വിഘാതമായിട്ടുണ്ട്. നെഹ്റു യുവകേന്ദ്രയുടെ അംഗീകാരം കൈപ്പറ്റി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എക്കോക്ലബിനു മാത്രമാണുള്ളത്. മറ്റു ക്ലബുകൾക്ക് അഫിലിയേഷൻ ഇല്ല എന്നത് പ്രവർത്തനം അസാദ്ധ്യമാക്കിതീർക്കുന്നു. നമ്മുടെ യുവത്വത്തെ ദിശാബോധമുള്ളവരാക്കി മാറ്റുന്നതിലും ഉത്തരവാദിത്വങ്ങളിലേക്ക് കൊണ്ടുവരുന്നതിലും ക്ലബുകളുടെ സജീവമായ ഇടപെടലുകൾ വളരെ അത്യാവശ്യമാണെന്നു ബോധ്യപ്പെടേണ്ടതായുണ്ട്.

സന്നദ്ധ സംഘടനകൾ :

കേരളാ ശാസ്ത്ര സാഹിത്യ പരിഷത്ത് ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സന്നദ്ധസംഘടനയാണ് ഈ സംഘടനയുടെ പ്രവർത്തനം 9, 5 വാർഡുകളിലായി മാത്രം പരിമിതപ്പെട്ട സ്ഥിതിയുണ്ട്. 10-ാം വാർഡ് പ്രദേശത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൗരസമിതിയും ജനകീയ വികസന സൊസൈറ്റിയും സന്നദ്ധ സംഘടനാ പ്രവർത്തനത്തിന് പുതിയൊരു മാനം നൽകിയിട്ടുണ്ട്. ഇതിൽ ജനകീയ വികസന സൊസൈറ്റി (ജെ. വി. എസ്.) ഒട്ടനവധി സേവന പ്രവർത്തനങ്ങൾ കാഴ്ച വെച്ചിട്ടുള്ളതും റജിസ്ട്രേഷൻ ഉള്ളതുമായ ഒരു സംഘടനയാണ്.

പ്രശ്നങ്ങൾ :

1 മുഴുവൻ വാർഡ് പ്രദേശങ്ങളിലും ആവശ്യത്തിനുവേണ്ട ഗ്രന്ഥശാലകളുടെ കുറവ്.

2 ഉള്ള ഗ്രന്ഥാലയങ്ങളിൽ തന്നെ ആവശ്യകതക്കനുസരിച്ച പുസ്തകങ്ങളുടെ അഭാവം.

3 ഗ്രന്ഥശാലകളും സ്ഥാപിക്കുന്നതിനു വേണ്ട പൊതുജനങ്ങളുടെ താൽപര്യകുറവ്.

4 ഗ്രന്ഥശാലകൾക്ക് ഗ്രാൻറ് ലഭിക്കായ്ക.

5 സാമാന്യജനങ്ങൾക്കിടയിലുള്ള പൈങ്കിളി സാഹിത്യത്തിൻറെ അതിപ്രസരം.

6 പഞ്ചായത്ത് തലത്തിലുള്ള കലാ പരിശീലന കേന്ദ്രത്തിൻറെ അഭാവം.

7 കലാ സാംസ്കാരിക പ്രവർത്തകർക്ക് വേണ്ടത്ര അംഗീകാരം ലഭിക്കായ്ക.

8 വാദ്യോപകരണങ്ങളും സൗജന്യ നിരക്കിൽ ലഭിക്കുന്നതിനുള്ള സംവിധാനമില്ലായ്മ

9 പഴയ തലമുറയിലെ കലാരംഗത്തെ വിദഗ്ധരുടെ പരിശീലനം വേണ്ടത്ര ഉപയോഗപ്പെടുത്താൻ സംവിധാനമില്ലായ്ക.

10 തനിമ നഷ്ടപ്പെടാതെ നാടൻ കലകളും സംരക്ഷിക്കുന്നതിനുള്ള സംവിധാനത്തിൻറെ കുറവ്.

11 ആചാരാനുഷ്ഠാന രീതികളിൽ നിന്ന് നാടൻ കലയെ സ്വതന്ത്രമായി നിലനിർത്തുന്നതിനുള്ള സംവിധാനമില്ലായ്ക.

12 നാടൻകലകൾക്കാവശ്യമായ കോപ്പുകളും (ഉപകരണങ്ങളും) ലഭ്യമാക്കുന്നതിനുള്ള സൗകര്യമില്ലായ്മ.

13 ബഹുജനങ്ങൾക്കിടയിൽ നാടൻകലയോടുള്ള അഭിമുഖ്യക്കുറവ്.

14 കുന്നുംപുലത്തിൻറെ സംരക്ഷണത്തിൽ താൽപര്യക്കുറവ്.

15 വേണ്ടത്ര കലകളും സംരക്ഷിക്കുന്നതിനുള്ള സംവിധാനക്കുറവ്.

16 ശാസ്ത്രീയമായ കായിക പരിശീലന കേന്ദ്രത്തിൻറെ കുറവ്.

17 വിദ്യാലയങ്ങളിലെ കായിക പരിശീലനത്തിനുള്ള സാഹചര്യമില്ലായ്ക.

18 പ്രതിഭകൾക്ക് അംഗീകാരം നൽകി അവരെ ഉയർത്തി കൊണ്ടുവരുന്നതിനുള്ള സംവിധാനമില്ലായ്മ.

19 വാർഡ് പ്രദേശങ്ങളിൽ ആവശ്യത്തിനു വേണ്ട ക്ലബ്ബുകളുടെ കുറവ്.

20 ക്ലബ്ബുകളുടെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ സാമ്പത്തിക മാന്ദ്യം.

21 യുവജനങ്ങൾക്ക് ക്ലബ്ബ് രൂപീകരണങ്ങൾക്കുള്ള താൽപര്യകുറവ്.

22 യുവാക്കൾക്കിടയിലുള്ള വിഭാഗീയ ചിന്താഗതിയും മത്സര ബുദ്ധിയുടെ അതിപ്രസരവും.

23 യുവജന രംഗത്തെ സംസ്ഥാനതല ഏജൻസികളുമായി ബന്ധപ്പെടുന്നതിനുള്ള സാഹചര്യമില്ലായ്മ.

24 പഞ്ചായത്ത് പ്രദേശത്തെ സന്നദ്ധ സംഘടനാ പ്രവർത്തനത്തിനുള്ള ആഭിമുഖ്യക്കുറവ്.

25 ശരിയായ തരത്തിലുള്ള ബോധവൽക്കരണത്തിൻറെ അഭാവം.

26 മെച്ചപ്പെട്ട സന്നദ്ധസംഘടനകൾക്ക് വേണ്ടത്ര അംഗീകാരം ലഭിക്കായ്ക.

സാദ്ധ്യതകൾ :

1 പഞ്ചായത്തിൻറെ വിവിധ പ്രദേശങ്ങളിൽ ഗ്രന്ഥശാലകളും സ്ഥാപിക്കാം. 11-ാം വാർഡിൽ ഒഴിഞ്ഞുകിടക്കുന്ന പഞ്ചായത്ത് വക സ്ഥലത്ത് ഒരു വായനശാല സ്ഥാപിക്കുക.

2 വിവിധ പ്രദേശങ്ങളിലെ ആളുകളുടെ കൈവശമുള്ള വിശിഷ്ട ഗ്രന്ഥങ്ങൾ ശേഖരിച്ച് മുഴുവൻ ആളുകൾക്കും ഉപകാരപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്താം.

3 ഗ്രന്ഥശാലാ രൂപീകരണത്തിനു വേണ്ട ബോധവൽക്കരണം നടത്താം.

4 ഗ്രന്ഥാലയങ്ങൾക്ക് സർക്കാരിൽ നിന്ന് ഗ്രാൻറുകൾ ലഭ്യമാക്കുക.

5 പൈങ്കിളി സാഹിത്യങ്ങൾ നിരുത്സാഹപ്പെടുത്തുകയും ഗൗരവമായ സാഹിത്യ മേഖലയിലേക്ക് ശ്രദ്ധ കൊണ്ടുവരുന്നതിനാവശ്യമായ ബോധവൽക്കരണവും.

6 പഞ്ചായത്ത് തലത്തിൽ ശാസ്ത്രീയമായ കലാപരിശീലന കേന്ദ്രം സ്ഥാപിക്കാം.

7 ആവശ്യമായ ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കാം.

8 പൊതുകേന്ദ്രങ്ങൾ സ്ഥാപിച്ച് വൈദഗ്ധ്യം നേടിയ കലാകാരന്മാരുടെ സേവനം ഉപയോഗപ്പെടുത്താം.

9 നാടൻകലകൾ അഭ്യസിക്കുന്നതിനാവശ്യമായ പൊതുകേന്ദ്രങ്ങൾ സ്ഥാപിച്ച് നാടൻ കലകളിലെ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്താം.

10 നാടൻ കലകൾക്കാവശ്യമായ ഉപകരണങ്ങൾ സൗജന്യമായി ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കാം.

11 നാടൻകലകൾ അഭ്യസിക്കുന്നതിന് സ്റ്റൈപ്പൻറ് നൽകി കൂടുതൽ ആളുകളെ ഈ രംഗത്തേക്ക് ആകർഷിക്കുക.

12 കുത്തകവലത്തിൻെറ ശോചനീയാവസ്ഥ പരിഹരിച്ച് അവിടെ ക്ഷേത്രകലകൾ അഭ്യസിക്കുന്നതിനും സൗകര്യമുണ്ടാക്കാം

13 പഞ്ചായത്ത് കേന്ദ്രത്തിൽ ആവശ്യമുള്ള കളിസ്ഥലമടക്കമുള്ള ഒരു കായിക പരിശീലന കേന്ദ്രം സ്ഥാപിക്കാം.

14 മുഴുവൻ വിദ്യാലയങ്ങളിലും കായിക പരിശീലനത്തിനായി ആവശ്യമായ സൗകര്യവും കായികാധ്യാപകരെയും ഏർപ്പെടുത്താം.

15 കായിക പ്രതിഭകളെ പ്രോത്സാഹനം നൽകി ഉയർത്തിക്കൊണ്ടുവരാൻ ആവശ്യമായ സൗകര്യം ഉണ്ടാക്കുക.

16 വാർഡ്പ്രദേശങ്ങളിൽ ക്ലബുകൾ രൂപീകരിക്കുന്നതിനാവശ്യമായ സൗകര്യമുണ്ടാക്കൽ.

17 ലഭ്യമാകുന്ന ഏജൻസികളിൽ നിന്ന് ക്ലബുകളിലേക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രദ്ധിക്കാം.

18 ക്ലബുകൾ രൂപീകരിക്കേണ്ടതിൻെറ ആവശ്യകതയെ സംബന്ധിച്ച് ശരിയായ ബോധവൽക്കരണം

19 വിഭാഗീയ മത്സര ചിന്തകൾക്ക് അതീതമായിയുവാക്കളെ ഒന്നിപ്പിക്കുന്നതിൻെറ വേദിയാക്കി ക്ലബുകളുടെ രൂപീകരണത്തെ മാറ്റിയെടുക്കാം.

20 നെഹ്റു യുവകേന്ദ്രപോലുള്ള ഏജൻസികളുമായി ക്ലബുകൾക്ക് അഫിലിയേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

21 രാഷ്ട്രീയ സംഘടനകൾക്കതീതമായി സന്നദ്ധ സംഘടനകൾ രൂപീകരണത്തിൻെറ ആവശ്യകതയെ സംബന്ധിച്ച ബോധവൽക്കരണം.

22 മെച്ചപ്പെട്ട സന്നദ്ധ സംഘടനകളെ പൊതുവേദിയിൽവെച്ച് അംഗീകരിക്കുകയും ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുക.

23 പഞ്ചായത്ത്തലത്തിൽ ക്ലബുകളുടെ കോർഡിനേഷൻ കമ്മറ്റികൾ രൂപീകരിക്കാം. പഞ്ചായത്ത്തല മത്സരങ്ങൾ സംഘടിപ്പിക്കാം.

24 മൊബൈൽ ലൈബ്രറികൾസ്ഥാപിക്കാം

25 ലൈബ്രറികളിൽ സാഹിത്യ മത്സരങ്ങൾ നടത്താം.

26 ലൈബ്രറികളിൽ ബോധവൽക്കരണ ക്ലാസുകളും സാംസ്കാരിക സമ്മേളനങ്ങളും നടത്താം.

8 കുറ്റിമുല്ല കൃഷി, മാംബറി കൃഷി ഇവയെ പ്രോത്സാഹിപ്പിക്കാം.

9 പച്ചക്കറി കൃഷി യൂണിറ്റുകളും ആരംഭിക്കാം.

10 മഹിളാസമാജങ്ങളുടെ പ്രവർത്തനം സജീവമാക്കാം.

11 ആരോഗ്യ ബോധവൽക്കരണ ക്ലാസുകളും നടത്താം.

12 സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കാം.

13 മദ്യം, മയക്കുമരുന്ന്, സ്ത്രീപീഡനം തുടങ്ങിയ വിപത്തുകൾക്കെതിരെ ബോധവൽക്കരണം നടത്താം.

14 സ്ത്രീ നഗ്നത പ്രദർശിപ്പിക്കുന്നതിനെതിരെ ശക്തമായ പ്രതികരണം സംഘടിപ്പിക്കാം.

15 ഇടത്തരം കുടുംബങ്ങളിലെ സ്ത്രീകൾക്ക് കൂടിൽ വ്യവസായങ്ങളും ആരംഭിക്കുന്നതിനു വേണ്ട സഹകര്യങ്ങളും ചെയ്തുകൊടുക്കണം.

16 സ്ത്രീകളുടെ നിയന്ത്രണത്തിൽ കഴിയുന്ന കുടുംബങ്ങളിലെ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകാം ചെറുകിട വ്യവസായങ്ങളും തുടങ്ങുന്നതിനു വേണ്ട സൗകര്യങ്ങളും ചെയ്തുകൊടുക്കാം.

17 സ്ത്രീകൾക്ക് നേരെ ആക്രമം നടത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കാൻ വേണ്ട നടപടികളും സ്വീകരിക്കണം.

18 തൊഴിൽ മേഖലയിൽ തുല്യ വേതനം നടപ്പിലാക്കാം.

19 സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കാൻ മൊബൈൽ ലൈബ്രറി സിസ്റ്റം നടപ്പിലാക്കാം.

20 വനിതാ ക്ഷേമ കോർപ്പറേഷനുകളും പഞ്ചായത്ത് വാർഡ് തലത്തിൽ രൂപീകരിക്കുക.



സഹകരണ മേഖല

നമ്മുടെ പഞ്ചായത്തും സഹകരണ പ്രസ്ഥാനവും തമ്മിൽ ബന്ധപ്പെട്ടുത്തുമ്പോൾ വളരെയധികം ദുഃഖകരമായ ഒരു ചിത്രമാണ് തെളിഞ്ഞുവരുന്നത്. പ്രതീക്ഷക്കൊത്ത് ഉയരാൻ കഴിഞ്ഞിട്ടില്ലെങ്കിലും മറ്റു വികസന മേഖലകളിലെല്ലാം നാം കടന്നുകയറാനുള്ള ഒരു ശ്രമം നടത്തിയിട്ടുണ്ട്. എന്നാൽ സഹകരണ രംഗത്ത് നമ്മുടെ ശ്രമം ശൂന്യമാണ്. പഞ്ചായത്തിൽ സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന തിരുവേഗപ്പുറ കൈത്തറി സഹകരണസംഘം പോലും ലിക്വിഡേറ്റ് ചെയ്യേണ്ട ഒരവസ്ഥ സംജാതമായി എന്നത് ഈ രംഗത്തെ നമ്മുടെ അശ്രദ്ധയെ വിളിച്ചറിയിക്കുന്നതാണ്. നൂൽനൂൽപ്പും, നെയ്ത്തും നടത്തിയിരുന്ന ഒരു വിഭാഗത്തിനു സഹായകരമായികൊണ്ട് അവർക്കാവശ്യമായ നൂൽ എത്തിച്ചു കൊടുക്കുകയും അവരുടെ ഉല്പന്നങ്ങൾ ശേഖരിക്കുകയും ചെയ്തുകൊണ്ട് നല്ല മുന്നേറ്റം നടത്തിയിരുന്ന പ്രസ്തുത സഹകരണ സംഘം ഏതാനും വർഷങ്ങൾക്കു മുമ്പ് ലിക്വിഡേറ്റ് ചെയ്തു. ഇപ്പോൾ പഞ്ചായത്തിൽ സഹകരണ സംഘങ്ങളായി നിലവിലുള്ളത് ജനതാ ഹൈസ്കൂളിലേയും രായിരനെല്ലൂർ നരിപ്പറമ്പ് യു. പി. സ്കൂളുകളിലെയും കോ ഓപ്പറേറ്റീവ് സൊസൈറ്റികളും മാത്രമാണ്. പാഠപുസ്തകങ്ങളും വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുക എന്ന യാന്ത്രിക പ്രവർത്തനം മാത്രമാണ് ഈ സംഘങ്ങളും നടത്തുന്നത്.

കാര്യമായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു സഹകരണ സ്ഥാപനം കൊപ്പം സർവ്വീസ് കോ_ഓപ്പറേറ്റീവ് ബാങ്കിന്റെ ശാഖയാണ്. കൃഷിക്കാരുടെ മുന്നേറ്റത്തിനു സഹായകരമായ നിലയിൽ പ്രവർത്തിക്കേണ്ട ഈ സ്ഥാപനം ഇപ്പോഴും കൂടുതലും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സ്വർണ്ണപ്പണയത്തിന്മേൽ മാത്രമാണ്. ജില്ലാ ബാങ്ക് മുഖേന അനുവദിക്കുന്ന നാമമാത്രമായ സംഖ്യയാണ് കാർഷിക വായ്പയായി വിതരണം ചെയ്യുന്നത്. അതുതന്നെ പുതിയ കൃഷിമേഖലകളിലേക്ക് എത്തുന്നില്ല. പഴയകാല ഇടപാടുകാരല്ലാതെ കാർഷികവായ്പ വാങ്ങുന്ന ഒരൊറ്റ പുതിയ കർഷകനെയും കുറച്ചുകാലമായി നമുക്ക് കാണാൻ കഴിയില്ല. ഏതോ കാലത്തും അനുവദിക്കപ്പെട്ടതും വാങ്ങിയതുമായ വായ്പയാന്ത്രികമായി പുതുക്കികൊണ്ടിരിക്കുന്ന ഒരു പ്രക്രിയ മാത്രമാണ് ഇവിടെ നടക്കുന്നത്.

പ്രശ്നങ്ങൾ :

1 സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധി കൂടുതലാണ്.

2 വ്യവസായം, കൃഷി, ക്ഷീരം തുടങ്ങിയ മേഖലകളിൽസഹകരണഓടിസ്ഥാനത്തിലുള്ള പ്രവർത്തനം ഇല്ല.

3 വനിതാ സഹകരണ സംഘങ്ങളുടെ അഭാവം.

4 സ്ത്രീ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

5 സഹകരണ മേഖലയെ കുറിച്ചുള്ള അറിവില്ലായ്മ.

സാദ്ധ്യതകൾ :

1 പഞ്ചായത്തിനു മാത്രമായി ഒരു കാർഷിക സഹകരണബാങ്ക് സ്ഥാപിക്കാം.

2 കർഷിക ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് സഹകരണഓടിസ്ഥാനത്തിലുള്ള സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാം.

3 വനിതാസഹകരണ സംഘങ്ങൾ രൂപീകരിക്കാം. അത് സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ സഹായകരമാവും.

4 ബീഡി, നെയ്ത്ത്, പപ്പട നിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ സഹകരണ സംഘങ്ങൾ ആരംഭിക്കാം.

5 പാൽ സംഭരണവും വിതരണവും നടത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കാം.

6 സ്ത്രീ സഹകരണ സംഘങ്ങളിലൂടെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും വിതരണം നടത്താം.

7 നിലവിലുള്ള മുഴുവൻ U P സ്കൂളുകളിലും സൊസൈറ്റികൾ ആരംഭിക്കുക.

8 സ്ത്രീ സൊസൈറ്റികൾക്ക് സർക്കാർ ഗ്രാന്റ് അനുവദിക്കുക.

9 സഹകരണഓടിസ്ഥാനത്തിൽ പൊതു വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കാം.

10 പരമ്പരാഗത വ്യവസായങ്ങളായ കൊട്ട, പായനെയ്ത്ത്, ഓട്ടപാത്ര നിർമ്മാണം മുതലായവ സഹകരണഓടിസ്ഥാനത്തിൽ നടത്താം.

11 സഹകരണ മേഖലയുടെ പ്രാധാന്യവും ആവശ്യവും വിവരിക്കുന്ന ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാം.

12 നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർകോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കുക.

13 മാർക്കറ്റിങ്ങ് സൊസൈറ്റി സ്ഥാപിക്കാം.

14 പട്ടികജാതി വിഭാഗത്തിന് മാത്രം സൊസൈറ്റി സ്ഥാപിക്കാം.



പട്ടികജാതി – പട്ടിക വർഗ്ഗ ക്ഷേമം

ഇന്ത്യയിൽ നിലനിന്നിരുന്ന അതി സങ്കീർണ്ണമായ ജാതി വ്യവസ്ഥയിൽ സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടന്നിരുന്ന ഒരു ജനവിഭാഗമാണ് പട്ടികജാതിക്കാർ. സാമൂഹ്യനീതി നിഷേധിക്കപ്പെട്ട മർദ്ദിതരും പീഡിതരുമായി ജീവിതം തള്ളിനീക്കേണ്ടി വന്ന ഇവർക്ക് സവർണ്ണർ നടക്കുന്ന വഴിയിൽ കൂടി വഴി നടക്കാനോ, ക്ഷേത്രങ്ങളിൽ ആരാധന നടത്താനോ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഫ്യൂഡൽ പ്രഭുക്കന്മാരുടെയും സവർണ്ണ പ്രമാണിമാരുടെയും കീഴിൽ അടിമവേല ചെയ്യേണ്ട ഫ്യൂഡൽ വ്യവസ്ഥിതിയെ താങ്ങി നിർത്തിയിരുന്ന സമ്പത്തുൽപാദകശക്തികളായി സമൂഹത്തിൽ ഈ വിഭാഗം നിലനിന്നു വന്നു. സ്വന്തമായി ഭൂമിയോ, മറ്റു സമ്പത്തോ പൗര സ്വാതന്ത്ര്യങ്ങളോ ഇവർക്കുണ്ടായിരുന്നില്ല.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പട്ടികജാതി – വർഗ്ഗക്കാരെ ഉദ്ധരിക്കാനുള്ള പ്രവർത്തനത്തിന് മഹാത്മാഗാന്ധി പ്രഥമ സ്ഥാനം നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന ഹരിജനോദ്ധാരണ പ്രവർത്തനങ്ങളും ഇന്ത്യൻ നേഷനൽ കോൺഗ്രസ്സിന്റെ പ്രധാന പരിപാടിയായിരുന്നു.

1931ൽ ബ്രീട്ടീഷ് ഗവണ്മെന്റ് ഇന്ത്യയിലെ പിന്നോക്ക വിഭാഗങ്ങളെ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കാൻ സൈമൺ കമ്മീഷനെ നിയമിക്കുകയുണ്ടായി. ഈ കമ്മീഷൻ പ്രസിദ്ധീകരിച്ച പിന്നോക്ക ജാതിവർഗ്ഗക്കാരുടെ ലിസ്റ്റ് 1950 ലും 1956 ലും പരിഷ്കരിക്കുകയുണ്ടായി. ഇപ്പോഴും നിലവിലുള്ള ലിസ്റ്റ് 1976 ൽ പരിഷ്കരിച്ചതാണ്.

പട്ടികജാതി – വർഗ്ഗ ക്ഷേമത്തിനായി സർക്കാർ വിവിധ പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. കോളനികളിലെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി അംഗനവാടികളും നഴ്സറി സ്കൂളുകളും പ്രവർത്തിച്ചുവരുന്നു.

1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകി വരുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്കായി വിവിധ കേന്ദ്രങ്ങളിൽ ഹോസ്റ്റലുകൾ നടത്തിവരുന്നുണ്ട്. സമർത്ഥരായ പട്ടികജാതി – വർഗ്ഗ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുന്നു. പോസ്റ്റ് മെട്രിക് പഠനത്തിനും നിയമ പഠനത്തിനും പ്രത്യേകാനുകൂല്യങ്ങൾ നൽകിവരുന്നു. പട്ടികജാതി വർഗ്ഗക്കാരുടെ സാമ്പത്തികോന്നമനത്തിനായി വ്യവസായവായ്പ, പലിശയില്ലാത്ത സ്വയംതൊഴിൽ വായ്പ, സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിവാങ്ങാനുള്ള വായ്പ എന്നീ പദ്ധതികളും നിലവിലുണ്ട്. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി വീടുകൾ വെക്കുന്നതിനായി 12000 രൂ. ഗ്രാന്റായി നൽകിവരുന്നുണ്ട്. കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകൾ ബജറ്റിന്റെ ഒരു നിശ്ചിത ശതമാനം പട്ടികജാതി-വർഗ്ഗക്ഷേമത്തിനായി നീക്കിവെക്കുന്നുണ്ട്.

564 കുടുംബങ്ങളിലായി 3305 പട്ടികജാതിക്കാർ തിരുവേഗപ്പുറ പഞ്ചായത്തിൽ വസിച്ചുവരുന്നു. ഇവരിൽ 1615 പുരുഷന്മാരും 1690 സ്ത്രീകളുമാണ്. പഞ്ചായത്തിൽ 30 പട്ടികജാതി കോളനികളുണ്ട്. ഇതിൽ 3 എണ്ണം മാത്രമാണ്. I H D P കോളനികളായി പ്രഖ്യാപിച്ചിട്ടുള്ളത്. പട്ടികജാതി കൂട്ടമായി താമസിക്കുന്നതും ഇതുവരെയും കോളനികളായി പ്രഖ്യാപിക്കാത്ത 27 കോളനികളും ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്. പട്ടികജാതിക്കാരിൽ കുറച്ചു കുടുംബങ്ങൾ ലക്ഷംവീട് കോളനികളിൽ താമസിക്കുന്നവരാണ്. ചില കുടുംബങ്ങൾ കോളനിയിലല്ലാതെ വേറിട്ട താമസിക്കുന്നതായും കാണാം.

പട്ടികജാതിക്കാരിൽ ബഹുഭൂരിപക്ഷവും പത്ത് സെൻറിൽ കൂടുതൽ ഭൂമിയോ മറ്റുവിധ സമ്പത്തോ ഇല്ലാത്തവരായ നിർധനരാണ്. ഒരു തുണ്ട് ഭൂമി പോലുമില്ലാത്തവരും ഇവരുടെ ഇടയിലുണ്ട്. ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നതും ഒരു പ്രത്യേകതയാണ്. വിദ്യാഭ്യാസ കാര്യത്തിൽ മറ്റു വിഭാഗങ്ങളേക്കാൾ ഇവർ ഇന്നും വളരെ പിന്നിലായിത്തന്നെ തുടരുന്നു ഇവരിൽ കുറെ പേർ പ്രാഥമിക, സെക്കണ്ടറി വിദ്യാഭ്യാസം നേടുന്നുണ്ടെങ്കിലും പഠന നിലവാരവും S S L C വിജയശതമാനവും വളരെകുറവാണെന്ന് പ്രത്യേകംപറയേണ്ടിയിരിക്കുന്നു. ബിരുദ – ബിരുദാനന്തര – സാങ്കേതിക സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നവരുടെ എണ്ണം വളരെ പരിമിതമായി തുടരുകയാണ്. ഡോക്ടറേറ്റ് നേടിയവരും എഞ്ചിനിയറിങ്ങ് ബിരുദമെടുത്തവരും മാസ്റ്റർ ഡിഗ്രി എടുത്തവരും ബിരുദമുള്ളവരുമായി വളരെ ചുരുക്കം പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. അധ്യാപന രംഗത്ത് പഞ്ചായത്തിൽ കുറച്ചുപേർ ജോലി ചെയ്യുന്നവരുണ്ട്. സർക്കാർ സർവ്വീസിലും നാമമാത്രമായ പ്രാതിനിധ്യം ദൃശ്യമാണ്.

പട്ടികജാതിക്കാരിൽ ഭൂരിഭാഗവും കാർഷിക തൊഴിലാളികളാണ്. കാർഷിക രംഗത്ത് ഇന്ന് നിലനിൽക്കുന്ന മരവിപ്പു കാരണം കൊല്ലത്തിൽ ചുരുങ്ങിയ ദിവസങ്ങളിൽ മാത്രമെ ഇവർക്ക് ജോലി ലഭിക്കുന്നുള്ളു. കാർഷിക മേഖലയിൽ സ്ത്രീ തൊഴിലാളികളും ഇന്നും പ്രധാന പങ്കു വഹിക്കുന്നുണ്ട്. കാർഷിക മേഖലയിൽ തൊഴിൽ സാധ്യത കുറഞ്ഞതോടെ ഇവർ നിർമ്മാണ തൊഴിൽ മേഖലയിൽ ജോലി കണ്ടെത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും കൊല്ലം മുഴുവനും ജോലി ലഭിക്കാത്തതിനാൽ ഇവരിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖക്ക് താഴെ കഴിഞ്ഞു കൂടുന്നു. ഫണ്ടികക്കാരിൽ നിന്ന് പണം കടം വാങ്ങി കൂടുതൽ പാപ്പരായി കൊണ്ടിരിക്കുന്നവരും മദ്യപാന ശീലമുള്ളവരും ഇവരുടെ കൂട്ടത്തിലുണ്ട്. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പട്ടികജാതിക്കാരുടെ പിന്നോക്കാവസ്ഥ ഇന്നും തുടരുകയാണ്. എന്നാൽ സാംസ്കാരിക രംഗത്ത് ഇവരുടെ ചില പ്രവർത്തനങ്ങളും ദൃശ്യമാണ്. വാദ്യകലയിൽ താൽപര്യമുള്ള ചില കുടുംബങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. പൂരങ്ങളിലും ഉത്സവങ്ങളിലും ആകർഷകമായ ചില നാടൻ കലാരൂപങ്ങളും ഇവർ പ്രദർശിപ്പിച്ചു വരാറുണ്ട്.

മുപ്പത് ശതമാനം പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകളില്ല. വീടുകളുള്ളവരിൽ തന്നെ അറുപത് ശതമാനം വീടുകൾക്കും ശാസ്ത്രീയമായി നിർമ്മിച്ചു

കക്കൂസുകളും ഇല്ല. ഇവരുടെ വീടുകളുടെ പരിസരം വൃത്തി ഹീനമാണ്. പല വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല. താഴ്ന്ന വരുമാനവും മദ്യപാന സ്വഭാവവും ഇവരുടെ പൊതു ആരോഗ്യ നില വഷളാക്കി കൊണ്ടിരിക്കുന്നു.

പഴയ തലമുറ പ്രാഥമിക വിദ്യാഭ്യാസം പോലും നേടാൻ കഴിഞ്ഞിട്ടില്ലാത്തവരാണ്. പുതിയ തലമുറ S S L C പഠനത്തിനു ശേഷം ഉപരിപഠനത്തിനു ശ്രമിക്കാതെ തൊഴിൽമേഖലയിലേക്ക് തിരിയുന്നു.

പട്ടിക ജാതിക്കാർ താമസിക്കുന്ന പല കോളനികളിലും കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഗതാഗതകാര്യത്തിൽ കോളനികളും വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. കോളനിയിലേക്ക് കൂടുതൽ ഗതാഗത സൗകര്യം ഏർപ്പെടുത്താൻ ശ്രമിക്കേണ്ടതുണ്ട്

പ്രശ്നങ്ങൾ :

പട്ടികജാതിക്കാർ വസിക്കുന്ന പല കോളനികളിലും കുടിവെള്ളം ലഭ്യമല്ല.

പഞ്ചായത്തിലെ 30 % കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകളില്ല.

ചില കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാനുള്ള സ്ഥലമില്ല.

നിലവിലുള്ള പല വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.

പട്ടികജാതിക്കാർ വസിക്കുന്ന കോളനികളിൽ ത്രീഫേസ് ലൈൻ ഇല്ല.

കോളനികളിലേക്കുള്ള ഗതാഗതസൗകര്യം പരിമിതമാണ്.

പഞ്ചായത്തിലെ പല അംഗനവാടികൾക്കും സ്വന്തമായ സ്ഥലവും കെട്ടിടവുമില്ല.

I R D P ലിസ്റ്റിലുള്ള പലർക്കും ആനുകൂല്യം ലഭിക്കാനുണ്ട്.

തൊഴിൽ വായ്പ വളരെ കുറച്ചുപേർക്കേ ലഭിച്ചിട്ടുള്ളൂ.

ഉന്നത വിദ്യാഭ്യാസത്തിന് സഹായം ആവശ്യമുള്ള ധാരാളം പേർ കോളനിയിലുണ്ട്.

തൊഴിൽ പരിശീലനം ലഭിക്കാത്ത ധാരാളം പട്ടികജാതി യുവാക്കളുണ്ട്.

പട്ടികജാതിക്കാർക്കായി പഞ്ചായത്തിൽ ഒരു സഹകരണ സ്ഥാപനം പ്രവർത്തിക്കുന്നില്ല.

പല ഹരിജൻ കോളനികളിലും ശ്മശാനമില്ല.

കോളനികളിലെ നിവാസികൾക്ക് ടി വി കാണാൻ സൗകര്യമില്ല.

കോളനികളിൽ മൃഗസംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെടാൻ താൽപര്യമുള്ളവർ ധാരാളമുണ്ട്.

പട്ടിക ജാതിക്കാർക്കുള്ള സഹായം ഇടത്തട്ടുകാർ തട്ടിയെടുക്കുന്നുണ്ട്. അതുകൊണ്ട് ഇടത്തട്ടുകാരെ രംഗത്ത് നിന്ന് പൂർണ്ണമായും ഒഴിവാക്കുക.

സാദ്ധ്യതകൾ :

ഹരിജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളെ കോളനികളായി പ്രഖ്യാപിക്കുക. പ്രഖ്യാപിച്ച കോളനികളെ I H D P ലിസ്റ്റിൽ ഉൾപ്പെടുത്തുക.

പാർപ്പിടം, കക്കൂസ് എന്നിവ നൽകാൻ പ്രത്യേക പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കുക. ആനുകൂല്യങ്ങളും ലഭിക്കാനുള്ള സാങ്കേതിക തടസ്സങ്ങളും കാലതാമസവും ഒഴിവാക്കുക.

പട്ടിക ജാതിക്കാരെ ചൂഷണം ചെയ്യുന്ന ഇടത്തട്ടുകാരെ പദ്ധതി പ്രവർത്തനങ്ങളിൽ നിന്നൊഴിവാക്കുക.

എല്ലാ ഹരിജൻ കോളനികളിലും ശുദ്ധജലമെത്തിക്കുക.

വൈദ്യുതീകരിക്കാത്ത വീടുകളും വൈദ്യുതീകരിക്കാൻ പദ്ധതി തയ്യാറാക്കുക. കോളനികളിലേക്ക് ത്രീഫേസ് ലൈൻ സ്ഥാപിക്കുക. കോളനികൾക്ക് സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിക്കുക.

അംഗനവാടികൾക്ക് സ്ഥലവും കെട്ടിടവും നിർമ്മിക്കുക.

അർഹരായവർക്ക് I R D P ആനുകൂല്യം നൽകുക.

സ്വയംതൊഴിൽ ഏർപ്പെടാൻ സന്നദ്ധരായവർക്ക് ആവശ്യമായ വായ്പകളും നൽകുക.

ഓരോ കോളനിയിലും ഓരോ ദിനപത്രം നൽകുകയും ടി. വി. സെറ്റ് സ്ഥാപിക്കുകയും ചെയ്യുക.

മൃഗസംരക്ഷണത്തിന് ആവശ്യമായ പദ്ധതികളും ആവിഷ്കരിച്ചു ലോൺ ലഭ്യമാക്കുക. കോളനികളോടനുബന്ധിച്ചു ശ്മശാനങ്ങളും സ്ഥാപിക്കുക.

ഹരിജനങ്ങൾക്കായി ഒരു സഹകരണസംഘം സ്ഥാപിക്കുക.



വിഭവ സമാഹരണം

വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികളും രൂപീകരിച്ച് നടപ്പിലാക്കുന്നതിന്റെ പ്രധാനഘടകം വിഭവമാണ്. പരമാവധി വിഭവങ്ങൾ കണ്ടെത്താൻ പരിപാടികൾ ആവിഷ്കരിച്ചാൽ മാത്രമേ ജനകീയാസൂത്രണ പദ്ധതി വിജയപ്രദമാക്കുകയുള്ളൂ. വീട്ടുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ്, മണൽ ലേലം കടത്ത് എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. എസ്റ്റാബ്ലിഷ്മെന്റ്, ചെലവിനത്തിലെ പ്രസ്തുത ഇനങ്ങൾ തികയാത്ത അവസ്ഥയാണ്. വീട്ടുനികുതി ചുമത്തുന്നത് ശാസ്ത്രീയമാക്കിയാൽ പഞ്ചായത്തിന് കൂടുതൽ വരുമാനം ഉണ്ടാക്കാൻ സാധിക്കും. മണൽ വാരുന്നതിൽനിന്നും പഞ്ചായത്തിന് മിതമായ വരുമാനം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നുണ്ട്.

സ്റ്റാമ്പ്ഡ്യൂട്ടി, ബേസിക് ടാക്സ് ഗ്രാന്റ്, V F C ഗ്രാന്റ്, V R M ഗ്രാന്റ് തുടങ്ങിയ ഇനങ്ങൾ ഫണ്ട്, M I ഗ്രാന്റ് തുടങ്ങിയ ഇനങ്ങളിലായി സംസ്ഥാന സർക്കാരിൽനിന്നും കിട്ടുന്ന സംഖ്യകളാണ് പഞ്ചായത്തിന്റെ മറ്റൊരു പ്രധാന ധനാഗമ മാർഗം.

കേന്ദ്രസർക്കാരിന്റെ ജവഹർ റോസ് ഗർയോജനപ്രകാരം ഉദ്ദേശം 4½, 5 ലക്ഷം രൂപ്പിക വീതം ഓരോ വർഷവും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളും ബാങ്കുകളും തുടങ്ങിയവ വഴി ഇന്നേവരെ ഏതെങ്കിലും പദ്ധതിയുടെ ആവശ്യത്തിനായി പഞ്ചായത്തിന് പണം ലഭിച്ചിട്ടില്ല.

സ്വകാര്യ മേഖലയിൽ പണം മുടക്കാൻ കഴിവുള്ള ചിലർ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. വിദേശത്ത് ജോലിയുള്ള പ്രസ്തുത ആളുകളെ ഏതെങ്കിലും തരത്തിലുള്ള വ്യവസായ സംരംഭങ്ങളിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടില്ല. ഭൂരിഭാഗം പേരിൽ

ഭൂമിയിലും കെട്ടിടത്തിലും വാഹനങ്ങളിലും ചുരുക്കം ചില കച്ചവട സ്ഥാപനങ്ങളിലും ആയി പണം മുടക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്.

സ്വകാര്യമേഖലയിൽ മൂലധന നിക്ഷേപം നടത്താനുള്ള പ്രോത്സാഹനം ചെയ്യുകൊടുക്കേണ്ടതുണ്ട്. ബോധവൽക്കരണവും ഭൗതിക സാഹചര്യം ഒരുക്കുന്ന പ്രക്രിയയും നടത്തേണ്ടതുണ്ട്. വനിതകളുടെ സ്വയംതൊഴിൽ കണ്ടെത്തുന്ന സംരംഭങ്ങളിലേക്കും മറ്റും മൂലധനം കണ്ടെത്താൻ സ്ഥാപനങ്ങളില്ല. വനിതാ സഹകരണ സംഘങ്ങളും രൂപീകരിക്കാവുന്നതാണ്

പ്രശ്നങ്ങൾ :

1 കൃഷിയിൽ നിന്നുള്ള വരുമാനം കുറവാണ്

2 നികുതികളും സമയ ബന്ധിതമായി പിരിച്ചെടുക്കാൻ കഴിയുന്നില്ല.

3 കാർഷിക വായ്പ തുടങ്ങിയ ആനുകൂല്യങ്ങളും നൽകുന്നത് കുറവാണ്.

4 മണൽ എടുക്കാനുള്ള സൗകര്യം.

5 ജല സേചനത്തിന് വേണ്ടത്ര തോതിൽ സാഹചര്യമില്ല.

6 N R E നിക്ഷേപങ്ങളും വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.

7 സന്നദ്ധ സംഘടനകളുടേയും രാഷ്ട്രീയ പാർട്ടികളുടെയും നേതൃത്വത്തിൽ ശ്രമദാനത്തിലൂടെ കാര്യമായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല.

8 ക്ലബ്ബുകളും, യുവജന സംഘടനകളും, സാംസ്കാരിക സംഘടനകളും, മത സംഘടനകളും എന്നിവയുടെ സഹായങ്ങളും പദ്ധതി നടത്തിപ്പിനു വേണ്ടത്ര ലഭിക്കുന്നില്ല.

9 കെട്ടിടനിർമ്മാണത്തിന് ചെലവായ സംഖ്യയുടെ ഭൂനികുതികളുമായി നികുതി പിരിവ് ശാസ്ത്രീയമായ രീതിയിൽ നടക്കുന്നില്ല.

10 പദ്ധതികളും കഴിയുന്ന സഹകരണാടിസ്ഥാനത്തിൽ നടക്കുന്നില്ല.

സാദ്ധ്യതകൾ :

1 നികുതി പിരിവിലെ ചോർച്ചകളെത്തി കാര്യക്ഷമമാക്കുക.

2 കുടിശ്ശികയായി കിടക്കുന്ന പിരിവുകളും പിഴകളും ചെയ്യുക.

3 സഹകരണാടിസ്ഥാനത്തിൽ ഗ്രാമീണ ബാങ്ക്, മിൽക്ക് സൊസൈറ്റി തുടങ്ങിയവ രൂപീകരിക്കുക.

4 സന്നദ്ധ സംഘടനകളുടെയും രാഷ്ട്രീയപാർട്ടികളുടെയും നേതൃത്വത്തിൽ ശ്രമദാനത്തിലൂടെ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുക.

5 കൃഷിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിക്കണം.

6 മണൽ എടുക്കാനുള്ള സൗകര്യങ്ങളും ചെയ്തുകൊടുത്ത് വരുമാനം വർദ്ധിപ്പിക്കാം.

7 ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരിൽനിന്നും തുക സമാഹരിച്ച് വികസന പ്രവർത്തനങ്ങളും നടത്തുക

8 സംഭാവനകളും സ്വമേധയാ തരാൻ കഴിയുന്നവരിൽ നിന്നും അത് ലഭ്യമാക്കുവാൻ സഹകരിക്കുക.

9 ബാങ്കിംഗ് നിക്ഷേപങ്ങളും ഈ പഞ്ചായത്തിലെ പദ്ധതികൾക്കായി പ്രയോജനപ്പെടുത്തുക.

10 സർക്കാർ ഏജൻസികളുടെ ഫണ്ട് പരമാവധി പ്രയോജനപ്പെടുത്തുക.

11 മേഖലയിലെ സമ്പാദ്യപദ്ധതികളുടെയും മറ്റ് R D പോലുള്ള സമ്പാദ്യപദ്ധതി

കൾക്ക് വാർഡ്തോറും ഓരോ വനിതകളെ നിയമിച്ച് കേര-ഓപ്പറേറീവ് സൊസൈറ്റികളെ മുഖേന നടപ്പിലാക്കുക. (ഇൻസെന്റീവ് ഇനത്തിലും നികുതിയിനത്തിലും വിഭവ സമാഹരണം നടപ്പാക്കാം.)

12 ഡിഷ് ആന്റിന സ്ഥാപിക്കുന്ന വീട്ടുടമയിൽനിന്നും എൻട്രർടൈൻമെന്റ് ഫീസ് ഈടാക്കുക.

13 വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ തിരഞ്ഞുപിടിച്ച് നശിപ്പിക്കുക.

14 പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളിൽ ഓട്ടോ ടാക്സി സ്റ്റാന്റുകൾ നിർമ്മിച്ച് ഫീസ് ഈടാക്കുക.

15 സർവ്വീസിൽനിന്ന് റിട്ടയർ ചെയ്യുവരുടേയും ആതുര സേവന രംഗത്തുള്ളവരുടെയും സന്നദ്ധസേവനം പഞ്ചായത്തിന്റെ സമഗ്ര പുരോഗതിക്ക് വിനിയോഗിക്കാം.

16 സബ്സിഡികൾ മറ്റു സഹായങ്ങൾ എന്നിവയുടെ വിനിയോഗത്തിൽ ഉണ്ടാകുന്ന അപാകതകൾ പരിഹരിച്ച് യഥാർത്ഥ അവകാശിക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുക.

17 പഞ്ചായത്തിൽ ഒരു സിനിമാടാക്കീസ് തുടങ്ങാവുന്നതാണ്.

18 സ്റ്റോർഹൗസ്, മത്സ്യ മാർക്കറ്റ് എന്നിവക്ക് ലൈസൻസ് ഏർപ്പെടുത്തുക.